**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.115/2022/LSGD** **തിരുവനന്തപുരം, തീയതി: 28.05.2022**

---

പരാമർശം: 1. സ.ഉ(കൈ) നം. 84/2022/തസ്വഭവ തീയതി 19.04.2022

2. സ.ഉ(കൈ) നം 86/2022/തസ്വഭവ തീയതി 19.04.2022

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുകളിൽ പരാമർശിട്ടുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് തുടർച്ചയായി, തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ.എ.എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. എല്ലാ സർവകലാശാലകളുടെയും വൈസ് ചാൻസലർമാർക്ക്
29. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
30. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
31. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
32. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
34. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
35. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
36. മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി
37. ഡയറക്ടർ, ഭൂജല വകുപ്പ്
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്
39. എല്ലാ വികസന വകുപ്പുകളുടെയും ഡയറക്ടർമാർക്ക്
40. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
41. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
42. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 5 |
| 2 | പൊതു നിബന്ധനകൾ | 5 |
| 3 | ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ | 8 |
| 4 | സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി | 10 |
| 5 | സബ്സിഡി നൽകുന്നതിൽ നിയന്ത്രണം | 10 |
| 6 | സബ്സിഡി നിരക്കുകൾ | 10 |
| 6.1 | കൃഷി | 11 |
| 6.2 | മണ്ണ് - ജല സംരക്ഷണം | 29 |
| 6.3 | മൃഗസംരക്ഷണം/ക്ഷീരവികസനം | 30 |
| 6.4 | മത്സ്യ മേഖല | 40 |
| 6.5 | പ്രാദേശിക സാമ്പത്തിക വികസനം | 50 |
| | (എ) സ്വയം തൊഴിൽ സംരംഭങ്ങൾ | 50 |
| | (ബി) തൊഴിൽദായക സംരംഭങ്ങൾ | 58 |
| | (സി) നൈപുണ്യ വികസനം | 61 |
| | (ഡി) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി - പൊതു നിർദ്ദേശങ്ങൾ | 64 |
| 6.6 | കുടിവെള്ളം | 66 |
| 6.7 | ഭവന നിർമ്മാണം-പുനരുദ്ധാരണം-വയറിംഗ് | 69 |
| 6.8 | ശുചിത്വം – മാലിന്യ സംസ്കരണം | 72 |
| | (എ) ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ | 72 |
| | (ബി) ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ | 74 |
| | (സി) ഖരമാലിന്യ സംസ്കരണത്തിനുള്ള സാധ്യതകൾ | 76 |
| | (ഡി) ഖര-ദ്രവ മാലിന്യ സംസ്കരണം - മറ്റ് നിർദ്ദേശങ്ങൾ | 76 |
| 6.9 | അക്ഷയ ഊർജ്ജം | 79 |
| 6.10 | സഹകരണം | 80 |
| | (എ) ക്ഷീര സഹകരണ സംഘങ്ങൾ | 82 |
| | (ബി) മത്സ്യ സഹകരണ സംഘങ്ങൾ | 83 |
| | (സി) പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ | 84 |
| | (ഡി) കയർ സഹകരണ സംഘങ്ങൾ | 84 |
| | (ഇ)മറ്റ് സഹകരണ സംഘങ്ങൾ | 85 |
| | (എഫ്) കൈത്തറി, കയർ, ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 86 |

| | | |
|---|---|---|
| 7 | ധനസഹായങ്ങൾ | 87 |
| 7.1 | സാമൂഹ്യനീതി | 87 |
| 7.2 | പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ | 94 |
| 7.3 | മത്സ്യത്തൊഴിലാളി ക്ഷേമം | 101 |
| 7.4 | വിദ്യാഭ്യാസം | 102 |
| 7.5 | വനിതാ വികസനം - ശിശുവികസനം | 103 |
| 7.6 | പൊതുജനാരോഗ്യം | 104 |
| 7.7 | കലാ – സാംസ്കാരിക – കായിക വികസനം | 106 |
| 7.8 | പരിസ്ഥിതി സംരക്ഷണം | 111 |
| 7.9 | ദാരിദ്ര്യ ലഘൂകരണം | 115 |
| 7.10 | തെരുവുവിളക്ക് | 115 |
| 8 | അനുബന്ധ വിഷയങ്ങൾ | 116 |
| 8.1 | വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ | 116 |
| 8.2 | വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്കെടുക്കൽ | 116 |
| 8.3 | ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ | 117 |
| 8.4 | ബോധവൽക്കരണ പ്രവർത്തനങ്ങൾ | 118 |
| 8.5 | പരിശീലന പരിപാടികൾ | 118 |
| 8.6 | ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം | 118 |
| 8.7 | ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം | 118 |
| 8.8 | നിയമ സാക്ഷരതാ പരിപാടി | 118 |
| | അനുബന്ധം 1 - ഹരിത ഭവന പ്രവർത്തനങ്ങൾ | 119 |
| | അനുബന്ധം 2 - ഹരിതഭവനം എൻറോൾമെന്റ് ഫോറം | 120 |
| | അനുബന്ധം 3 - ഗാർഹികതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് കോസ്റ്റ് | 121 |
| | അനുബന്ധം 4 - ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ | 123 |

അനുബന്ധം

# പതിനാലാം പഞ്ചവത്സര പദ്ധതി

## ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ

## സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ

### 1. ആമുഖം

1.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന - ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പൊതു മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ സാമ്പത്തിക-സാങ്കേതിക വിശദാംശങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി വികസന-ക്ഷേമ വകുപ്പുകളുടെ സബ്സിഡി നിരക്കുകളും ധനസഹായ രീതികളും താരതമ്യം ചെയ്യുകയും പരമാവധി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്.

1.2 സാമൂഹിക സാമ്പത്തിക മേഖലകളുടെ ഉന്നമനം ലക്ഷ്യമിട്ട് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സാമ്പത്തിക സഹായമെന്ന രൂപത്തിൽ നൽകുന്ന പിന്തുണയാണ് സബ്സിഡി. മത്സരാധിഷ്ഠിത കമ്പോളത്തിലെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിന് സബ്സിഡി സംവിധാനം വളരെ സഹായകമാണ്. ഗുണഭോക്താക്കൾക്ക് നൽകുന്ന സബ്സിഡി കൂടുതൽ മുതൽമുടക്കുന്നതിന് അവർക്ക് പ്രോത്സാഹനമാകും.

1.3 പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും മൂല്യവർദ്ധനവ് ഉറപ്പാക്കുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും നൈപുണ്യം വികസിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതോടൊപ്പം ശുചിത്വം-മാലിന്യ സംസ്കരണം എന്ന സുപ്രധാന ലക്ഷ്യവും കൈവരിക്കേണ്ടതുണ്ട്. ഇവ സുസാദ്ധ്യമാക്കുന്നതിനുള്ള ഉപാധിയായാണ് സബ്സിഡി നൽകുന്നത്. ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് അനുപൂരകമായി മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനു കൂടിയാണ് ഉല്പാദനമേഖലയിൽ സബ്സിഡി നൽകുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

1.4 സേവന-സാമൂഹ്യ-ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ/കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുകയാണ് ധനസഹായം ലഭ്യമാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

1.5 ഗുണഭോക്തൃവിഹിതമോ, ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന പ്രോജക്ടുകൾക്കായിരിക്കണം സബ്സിഡി നൽകേണ്ടത്. വായ്പാബന്ധിതവും അല്ലാതെയുമുള്ള പ്രോജക്ടുകൾക്കും സബ്സിഡി നൽകാവുന്നതാണ്.

1.6 സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പുതിയ നിർദ്ദേശങ്ങൾ പൊതു മാർഗരേഖയിലും സബ്സിഡി മാർഗരേഖയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

### 2. പൊതു നിബന്ധനകൾ

2.1 ഈ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും അതത് പ്രോജക്ടുകൾക്ക് സമുചിതമായ അർഹതാ/യോഗ്യത മാനദണ്ഡങ്ങൾ നിർബന്ധമായും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രാദേശിക പ്രത്യേകതയനുസരിച്ച് മുൻഗണനാ മാനദണ്ഡങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ തീരുമാനിക്കാവുന്നതാണ്.

2.2 സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

2.3 ഒരിനത്തിന് ഒന്നിലധികം തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഒരു ഗുണഭോക്താവിന് ലഭിക്കുന്ന സബ്സിഡിയിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2.4 സ്ഥാവരമോ ജംഗമമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ/തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള സബ്സിഡിയോ/ധനസഹായമോ ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കാൻ അർഹതയുള്ളൂ.

2.5 ഗുണഭോക്തൃ വിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് അടയ്ക്കണമെന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യങ്ങളിൽ മാത്രമേ ആ തുക രസീത് പ്രകാരം ഒടുക്കേണ്ടതുള്ളൂ.

2.6 പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും, ഗ്രൂപ്പ് അധിഷ്ഠിത ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പ്രോജക്ടുകൾ എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്

2.7 ഗുണഭോക്താവ് നേരിട്ടാണ് ആസ്തികൾ വാങ്ങുന്നതെങ്കിൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തിയുടെ അളവും എണ്ണവും സ്പെസിഫിക്കേഷനും ഗുണനിലവാരവും അനുയോജ്യതയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന് ശേഷം മാത്രമേ സബ്സിഡി/ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

2.8 പ്രോജക്ടിന്റെ മാനദണ്ഡങ്ങളും നിബന്ധനകളും പാലിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാത്രമേ സബ്സിഡി/ധനസഹായം നൽകുവാൻ പാടുള്ളൂ.

2.9 മൂല്യനിർണ്ണയം എങ്ങനെയെന്ന് പ്രത്യേകം പരാമർശിക്കാത്തതും മാനദണ്ഡങ്ങൾ പ്രകാരം മൂല്യ നിർണ്ണയം ആവശ്യമായി വരുന്നതുമായ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതല ചുവടെ പറയും പ്രകാരം ആയിരിക്കുന്നതാണ്.

(i) ആകെ ആനുകൂല്യം 2 ലക്ഷം രൂപയിൽ താഴെ – ഓവർസിയർ, എഞ്ചിനീയറിംഗ് വിഭാഗം

(ii) ആകെ ആനുകൂല്യം 2 ലക്ഷം രൂപയും അതിന് മുകളിലും - അസിസ്റ്റന്റ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം

2.10 പ്രോജക്ടിന്റെ ഭാഗമായി വ്യക്തികളോ ഗ്രൂപ്പുകളോ ഇരുചക്ര വാഹനങ്ങൾ വാങ്ങുന്ന പ്രോജക്ടുകളിൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇലക്ട്രിക് ഇരുചക്ര വാഹനം വാങ്ങുന്ന അവസരത്തിൽ പ്രോത്സാഹന സബ്സിഡിയായി പരമാവധി 5,000 രൂപ വരെ അധികം നൽകാവുന്നതാണ്.

2.11 പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിൽ ഒഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല.

2.12 പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ, സബ്സിഡി/ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാത്രമേ നൽകാൻ പാടുള്ളൂ

2.13 സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ, നഴ്സറികൾ, ബാലവാടികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന സന്ദർഭത്തിൽ (ഉദാ: സ്കോളർഷിപ്പുകൾ, വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്, പഠനോപകരണങ്ങൾ) ഗ്രാമസഭയുടെ/ വാർഡ്സഭയുടെ/വാർഡ് കമ്മിറ്റിയുടെ അംഗീകാരം കൂടാതെ തന്നെ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സ്ഥാപന മേധാവികൾ (ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ/ഐ.സി.ഡി.എസ് സൂപ്പർവൈസർ) നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ/കൗൺസിലിന്റെ അംഗീകാരം വാങ്ങിയശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ/ വാർഡ്സഭയിൽ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

2.14 പൊതുതാല്പര്യ ഗ്രൂപ്പുകൾ (Common Interest Groups):- പൊതുവായ താൽപര്യപ്രകാരം ഒന്നിലധികം വ്യക്തികൾ കൂട്ടായി ഒരു സംരംഭം ആരംഭിച്ച് പ്രവർത്തിക്കുന്നതിനെയാണ് പൊതുതാല്പര്യ ഗ്രൂപ്പ് (Common Interest Group) എന്നു പറയുന്നത്. ഇതിൽ പുരുഷനും സ്ത്രീയും, ജനറൽ വിഭാഗത്തിൽപ്പെടുന്നവരും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും ട്രാൻസ് ജെന്റേഴ്സും ഉണ്ടായിരിക്കാം. ഇത്തരം

ഗ്രൂപ്പുകൾക്ക് വിഭാഗം തിരിച്ചുള്ള ആനുകൂല്യം അനുവദനീയമല്ല. എന്നാൽ ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗക്കാരാണെങ്കിൽ ആ വിഭാഗങ്ങൾക്കുള്ള ആനുകൂല്യം ഗ്രൂപ്പിന് നൽകാവുന്നതാണ്.

**2.15 വരുമാന പരിധി**

(1) പട്ടികവർഗ വിഭാഗത്തിന് വരുമാനപരിധി പരിഗണിക്കാതെ തന്നെ എല്ലാവിധ ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

(2) പൊതു വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാനപരിധി യഥാക്രമം 2 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആയിരിക്കും. ഈ പരിധിയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ പൊതുവെ ധനസഹായത്തിന് അർഹരല്ല.

(3) മേൽ ഖണ്ഡിക (2) ൽ പ്രതിപാദിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് പ്രസ്തുത വരുമാന പരിധിയിൽ ചുവടെ പറയും പ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്.

(i) കാർഷിക മേഖലയിൽ നാമമാത്ര - ചെറുകിട കർഷകർക്ക് വരുമാനപരിധി പരിഗണിക്കാതെ കൃഷിക്ക് സബ്സിഡി നൽകാവുന്നതാണ്. രണ്ട് ഹെക്ടറിലധികം നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് രണ്ട് ഹെക്ടർവരെയുള്ള നെൽക്കൃഷിക്ക് ബാധകമായ സബ്സിഡി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

(ii) മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യം എന്നീ മേഖലകളിലെ ഉല്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപ ആയിരിക്കും.

(iii) സ്വയം തൊഴിൽ സംരംഭകത്വ പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള സംരംഭകന്റെ കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയായിരിക്കും. എന്നാൽ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ സംരംഭകരുടെ വരുമാന പരിധി പരിഗണിക്കാതെ ഈ മാർഗരേഖയുടെ ഖണ്ഡിക 6.5.2(ബി) അനുസരിച്ചുള്ള സഹായങ്ങൾ നൽകാവുന്നതാണ്. ഇവിടെ പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിലുകളുടെ എണ്ണമാണ് പരിഗണിക്കേണ്ടത്.

(v) പട്ടികജാതി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന അവസരത്തിൽ വരുമാനപരിധി പരിഗണിക്കാതെ അവ നൽകാവുന്നതാണ്.

(vi) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിൽ 7.1.1 മുതൽ 7.1.7 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്ന ഇനങ്ങൾക്ക് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്.

(vii) ഗാർഹികതല ഖരമാലിന്യ-സംസ്കരണ സംവിധാനങ്ങൾക്കും (കമ്പോസ്റ്റിംഗ് രീതികൾ, ബയോ ഗ്യാസ് പ്ലാന്റുകൾ] ഗാർഹിക തല സെപ്റ്റിക് ടാങ്ക് സ്ഥാപന പ്രോജക്ടുകൾക്കും നിശ്ചിത നിരക്കിലുള്ള ധനസഹായം വരുമാന പരിധി പരിഗണിക്കാതെ നൽകാവുന്നതാണ്.

**2.16 വരുമാന സർട്ടിഫിക്കറ്റ്**

(1) സബ്സിഡി/ധനസഹായം ലഭിക്കുന്നതിന് ഒരു വർഷകാലയളവിനുള്ളിൽ വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ 10,000 രൂപ വരെയുള്ള സബ്സിഡി/ധനസഹായങ്ങൾക്ക് താഴെപറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് പരിഗണിച്ച് ധനസഹായം നൽകാവുന്നതാണ്.

(i) റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രം.

(ii) രണ്ട് വർഷത്തിനുള്ളിൽ മറ്റേതെങ്കിലും ആവശ്യത്തിന് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയിട്ടുള്ള വരുമാന സർട്ടിഫിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പകർപ്പ്

(2) അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുമ്പ് ആവശ്യമെങ്കിൽ വരുമാനം സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയാൽ മതിയാകും.

(3) താഴെപറയുന്ന വിഭാഗങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(i) അഗതി/ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ

(ii) അതി ദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ

2.17 ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്:- തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് 07.10.2021-ലെ ജി.ഒ.(പി)നം.01/2021/PIE&MD പ്രകാരം ചുവടെ പറയുന്ന രേഖകളിലേതെങ്കിലും ഹാജരാക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്/സ്കൂൾ രജിസ്റ്ററിലെ രേഖകൾ

(2) ഏതെങ്കിലും ആവശ്യത്തിന് മൂന്നു വർഷക്കാലയളവിനുള്ളിൽ റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയ രേഖകൾ

2.18 25,000 രൂപയിൽ കുറവ് ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് മുദ്രപത്രം ആവശ്യമില്ല.

2.19 അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഇളവുകൾ:- അട്ടപ്പാടി മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി നൽകുന്നതിന് ചുവടെ ചേർക്കുന്ന ഇളവുകൾ അനുവദിക്കാവുന്നതാണ്.

(1) വ്യക്തിഗത കാർഷിക ആനുകൂല്യം വാങ്ങുന്നതിന് റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖക്ക് പകരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം മതിയാകുന്നതാണ്.

(2) മൂന്നു വർഷമായി കാർഷിക ആനുകൂല്യം വാങ്ങുന്നതിന് റവന്യൂ വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖയ്ക്ക് പകരം ട്രൈബൽ എക്സ്റ്റൻഷൻ പ്രവർത്തിച്ചുവരുന്നതും തൊട്ടുമുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതുമായ സംഘത്തിന് മാത്രമേ ധനസഹായം നൽകാവൂ എന്ന ഈ മാർരേഖയുടെ ഖണ്ഡിക 6.10.(3)2 പ്രകാരം വ്യവസ്ഥ അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിക്കും വട്ടലക്കി ഗിരിജൻ സഹകരണ സംഘത്തിനും ബാധകമല്ല.

(3) ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്കു കൂടി വിധേയമാക്കണം. [സ.ഉ(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം. 86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവയിലെ ഖണ്ഡിക 3.8.5 കാണുക.]

2.20 നേരിട്ട് വാങ്ങുന്നതിന് അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകളിൽ ജി.ഒ(പി) നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സ്റ്റോർ പർച്ചേസ് മാന്വലിന്റെ പ്രസക്തമായ ഭാഗം ബാധകമായിരിക്കുന്നതാണ്.

## 3. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ

**3.1** ഈ മാർഗരേഖയിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങളുടെ യൂണിറ്റ് നിരക്ക് ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ് ഇതു കൂടാതെ സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കും ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണ്. യൂണിറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി ജില്ലാതലത്തിൽ സാങ്കേതിക വിദഗ്ധരുടെ ഒരു സമിതി രൂപീകരിക്കണം. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| അദ്ധ്യക്ഷൻ | ജില്ലാ കളക്ടർ |
| കൺവീനർ | ജില്ലാ പ്ലാനിംഗ് ഓഫീസർ |
| ജോയിന്റ് കൺവീനർ | ബന്ധപ്പെട്ട വിഷയമേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ (നിർബന്ധം) |
| അംഗങ്ങൾ | 1) ജില്ലാ വികസന കമ്മീഷണർ<br>2) ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണം)<br>3) ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്<br>4) ജില്ലാ ടൗൺ പ്ലാനർ |

**3.2 സമിതിയുടെ ചുമതലകൾ**

(1) നിർദ്ദിഷ്ട ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക.

(2) സാധാരണഗതിയിൽ സംസ്ഥാന പദ്ധതികളിലെയും വകുപ്പുതലത്തിലെയും യൂണിറ്റ് കോസ്റ്റിൽ അധികരിക്കാൻ പാടില്ല. വ്യത്യാസം വരുത്തുന്നെങ്കിൽ കാരണം വ്യക്തമാക്കണം.

(3) ഏതെങ്കിലും ഇനത്തിന് യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാവുന്നതാണ്.

(4) താഴെപ്പറയുന്ന ഇനങ്ങളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് സമയബന്ധിതമായി നിശ്ചയിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

**3.3 ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരും**

| ക്രമ നം | ഇനങ്ങൾ | ജില്ലാതല ഉദ്യോഗസ്ഥ (ജോയിന്റ് കൺവീനർ) |
|---|---|---|
| 1 | 1) ജൈവ കീടനാശിനി, ജീവാണുകീടനാശിനി, ജൈവവളം, കുമ്മായം, ഡോളോമൈറ്റ്, വളർച്ചാത്വരകങ്ങൾ, ജീവാണു വളങ്ങൾ രാസവളം, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/ചട്ടി, കാർഷിക യന്ത്രോപകരണങ്ങളുടെ മണിക്കൂർ/ദിവസ വാടക - ഇനം തിരിച്ച്, ജീവാണുവളങ്ങൾ, ജൈവവളം, ഹരിത ഭവനം, സുജലം, സുഫലം, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ, ജലലയ വളങ്ങൾ, നാനോ വളങ്ങൾ, ഇനോക്കുലം, ഭക്ഷ്യവിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, ടിഷ്യു കൾച്ചർ വാഴ, നടീൽ വസ്തുക്കൾ, പുഷ്പ-ഫല-ഔഷധകൃഷിക്കുള്ള വിത്തുകൾ, വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, നെല്ല് പച്ചക്കറി, പച്ചില വളം<br>2) പെട്ടിയും പറയും, ഇലക്ട്രിക് മോട്ടോർ, വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്, സബ്മേഴ്സിബിൾ പമ്പ്, സോളാർ പമ്പ്<br>3) പ്രാദേശിക നെൽവിത്തിനങ്ങൾ<br>4) തേനീച്ചയും കൂടും<br>5) സൗരവേലി, റിപ്പലന്റ്സ്, സ്കേയറേഴ്സ്, അലാം സിഗ്നലുകൾ<br>6) ചങ്ങാടകൃഷി, ഇൻഡോർ എൽ.ഇ.ഡി ഇലക്കറി /മൈക്രോഗ്രീൻ കൃഷി | ജില്ലാ കൃഷി ഓഫീസർ |
| 2 | മുട്ടക്കോഴിയും കൂടും, പെണ്ണാട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുകുട്ടി, കറവപശു, കറവുയുള്ള എരുമ, ഗർഭിണി കിടാരി, കാട, താറാവ്, മുയലും കൂടും, പന്നി, കറവയന്ത്രം, ബ്രോയിലർ യൂണിറ്റ്, മറ്റ് വളർത്തു പക്ഷികൾ, തീറ്റപ്പുൽ വിത്ത്, നടീൽ വസ്തുക്കൾ, മട്ടുപ്പാവിലെ മുട്ടക്കോഴി, മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ് | ജില്ലാ മൃഗസംരക്ഷണ ഓഫീസർ/ജില്ലാ ക്ഷീര വികസന ഓഫീസർ |
| 3 | മത്സ്യം ഉണക്കുന്നതിനുള്ള ഡ്രയറുകൾ, മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം, ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം, മത്സ്യ സംസ്കരണ പ്ലാന്റുകൾ, അലങ്കാര മത്സ്യം വളർത്തൽ, മത്സ്യബന്ധന വല, ബാംബു റാഫ്റ്റ്, കുട്ടവഞ്ചി, | ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് |

**കുറിപ്പ്:** - ജില്ലാതലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിക്കുമ്പോൾ അതതു വകുപ്പിൽ നിലനിൽക്കുന്ന നിരക്ക്, പ്രാദേശിക പ്രത്യേകത എന്നിവ കണക്കിലെടുക്കണം. ഇത് ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

## 4. സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി

(1) ഈ മാർഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ തൊട്ട് മുൻവർഷത്തെ വകുപ്പുതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ്.

(2) ഇതിനായി നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവിന്റെ നമ്പറും തീയതിയും ഇനങ്ങളും തുകയും പ്രോജക്ടിൽ രേഖപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ തദ്ദേശഭരണ സ്ഥാപന സബ്സിഡി മാർഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി നിരക്ക് ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. പ്രോജക്ട് പരിശോധനാ ഉദ്യോഗസ്ഥൻ ഇത് പരിശോധിച്ച് വേണം അംഗീകാരം നൽകേണ്ടത്.

## 5. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം

(1) നൂതന പ്രോജക്ടുകൾക്ക് അതിനായി രൂപീകരിച്ചിരിക്കുന്ന ജില്ലാതല വിദഗ്ധ സമിതിയുടെ അനുമതിയോടെ സബ്സിഡി നൽകാം.

(2) ഈ മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഖണ്ഡിക 4, 5.1 എന്നിവ ബാധകമാക്കാൻ കഴിയാത്തതുമായ ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ.

## 6. സബ്സിഡി നിരക്കുകൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്/തുകയാണ് ചുവടെ പ്രതിപാദിച്ചിരിക്കുന്നത്. ഇതിൽ അധികരിക്കാതെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി നിശ്ചയിക്കേണ്ടത്

.

# 6.1 കൃഷി

<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>കാറ്റഗറി</th><th>സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി</th><th>മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ</th></tr>
<tr><td rowspan="2">1</td><td rowspan="2">എ) ജൈവവളം, കമ്പോസ്റ്റ്, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ)<br>ബി) വളർച്ചാത്വരകങ്ങൾ<br>സി) ജീവാണുവളങ്ങൾ</td><td>ജനറൽ വിഭാഗം</td><td>75%</td><td rowspan="5">1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, എന്നിവർക്ക് നൽകാം.<br>2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടക്കൃഷിക്കും ബാധകമാണ്.<br>3. കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.<br>4. രാസവളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ, ജലലയ വളങ്ങൾ എന്നിവ നിർവഹണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും (ഇല്ലാത്ത സ്ഥലങ്ങളിൽ ലൈസൻസ് ഉള്ള അംഗീകൃത സ്വകാര്യ ഡീലർമാരിൽ നിന്നും) ഗുണഭോക്താക്കൾ നേരിട്ട് വാങ്ങേണ്ടതാണ്.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>6. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം<br>7. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.</td></tr>
<tr><td>പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം</td><td>100%</td></tr>
<tr><td rowspan="3">2</td><td rowspan="3">രാസവളം,<br>ജലലയ വളങ്ങൾ,<br>നാനോ വളങ്ങൾ</td><td>ജനറൽ വിഭാഗം</td><td>50%</td></tr>
<tr><td>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം</td><td>100%</td></tr>
<tr><td>50 സെന്റെങ്കിലുമുള്ള കൃഷിയിടം (കൃഷി ഭവനുമായി രജിസ്റ്റർ ചെയ്ത 3-5 പേരെങ്കിലുമുള്ള ഒരു ഗ്രൂപ്പ്)</td><td>75%</td></tr>
</table>

| | | | | |
|---|---|---|---|---|
| 3 | ജൈവ/ജീവാണു കീടനാശിനികൾ | ജനറൽ വിഭാഗം | 75% | 1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, എന്നിവർക്ക് നൽകാം.<br>2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടക്കൃഷിക്കും ബാധകമാണ്.<br>3. കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവ/ജീവാണു കീടനാശിനികൾ , കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവ/ജീവാണു കീടനാശിനികൾ നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമം പാലിച്ച് വാങ്ങി വിതരണം ചെയ്യേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥയുടെ അനുവാദത്തോടെ തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ഉണഭോക്താക്കൾ ജൈവ/ജീവാണു കീടനാശിനികൾ നേരിട്ടും വാങ്ങാവുന്നതാണ്. അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥ നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണ്.<br>4. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>5. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം<br>6. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |
| | | പട്ടികജാതി/<br>പട്ടികവർഗ്ഗ വിഭാഗം | 100% | |
| 4 | നെല്ല്, കുരുമുളക്, പച്ചക്കറി, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ | എല്ലാ വിഭാഗങ്ങൾക്കും | 100% | 1. നാമമാത്ര/ചെറുകിട കർഷകർ, പാടശേഖര സമിതികൾ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, തരിശ്ഭൂമി കൃഷിക്കാർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവർക്ക് കൃഷിക്കായി നൽകാം.<br>2. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടക്കൃഷിക്കും ബാധകമാണ്.<br>3. സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.<br>4. കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>6. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK (Vegetable and Fruits Promotion Council |

| | | | | |
|---|---|---|---|---|
| | | | | Keralam), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതുമാണ്.<br>7. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്.<br>8. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം<br>9. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.. |
| 5 | ഫല – പുഷ്പ - ഔഷധ സസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റിക്കുരുമുളക് തൈകൾ മുതലായവ | ജനറൽ വിഭാഗം | 75% | 1. നാമമാത്ര/ ചെറുകിട കർഷകർ, പാട്ട കൃഷിക്കാർ, കർഷകഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശു ഭൂമി കൃഷിക്കാർ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവർക്ക് നൽകാം<br>2. കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK (Vegetable and Fruits Promotion Council Keralam), വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതുമാണ്<br>3. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചും തൈകൾ വാങ്ങാവുന്നതാണ്.<br>4. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം<br>പട്ടികവർഗ്ഗ വിഭാഗം | 100% | |
| | | (ഒരു കർഷകന് പരമാവധി 5000 രൂപ) | | |
| 6 | പൊതു സ്ഥലങ്ങളിൽ വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കൽ | പൊതു മേഖലാ സ്ഥാപനങ്ങൾ,തദ്ദേശഭരണ സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ സ്ഥലങ്ങളും പൊതു സ്ഥലങ്ങളും | 100% | 1. ഫലവൃക്ഷങ്ങൾ, മുള തുടങ്ങിയവ വച്ച് പിടിപ്പിക്കണം<br>2. MGNREGS/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിൽ ഘടകത്തിനുള്ള വിഹിതം കണ്ടെത്തണം.<br>3. മൂന്നു വർഷത്തെ പരിപാലനം ഉറപ്പുവരുത്തുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണ സ്ഥാപനവുമായി ഏർപ്പെടണം.<br>4. ഉല്പാദനോപാദികൾക്കുള്ള ചെലവ് അനുവദിക്കാം<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |

| | | | | |
|---|---|---|---|---|
| 7 | തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത്/ നടീൽ വസ്തു | എല്ലാ വിഭാഗങ്ങൾക്കും | 50% (18,000 രൂപ/ഹെക്ടർ- പരമാവധി സബ്സിഡി തുക 36,000 രൂപ രൂപ) | 1. നാമമാത്ര-ചെറുകിട കർഷകർ/ കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ പാട്ടത്തുകയായി ഹെക്ടറിന് 2500 രൂപ അധികമായി നൽകാം<br>2. സ്വന്തം/പാട്ടഭൂമിയിൽ കൃഷി ചെയ്യാം.<br>3. വിത്തിന്റെ/നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം<br>4. സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന വ്യക്തികൾ/ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾ, പ്രവാസി ഗ്രൂപ്പുകൾ എന്നിവർക്ക് മുൻഗണന നൽകണം.<br>5. കൃഷി വകുപ്പിലെയോ ക്ഷീരവികസന വകുപ്പിലെയോ ഉദ്യോഗസ്ഥയെ നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്<br>6. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |

**8. തരിശ് കൃഷി** (എല്ലാ വിഭാഗങ്ങൾക്കും)

| ഇനം | | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | | |
|---|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ | |
| 1. | നെല്ല് | 35,000 | 5000 | 40,000 | 1. മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.<br>2. കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതിക നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.<br>3. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കുമാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്<br>4. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസൺ പകുതി ആകുമ്പോൾ പരിശോധനയ്ക്ക് ശേഷവും നല്കാവുന്നതാണ്. ഉടമയ്ക്കുള്ള സഹായം പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നല്കാവുന്നതാണ്.<br>5. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular farming) സഹായമേ അനുവദിക്കാവൂ.<br>6. 9A ലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.<br>7. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |
| 2. | പച്ചക്കറി | 37,000 | 3000 | 40,000 | |
| 3. | വാഴ | 32,000 | 3000 | 35,000 | |
| 4. | പയർ വർഗ്ഗങ്ങൾ | 27,000 | 3000 | 30,000 | |
| 5. | ചെറുധാന്യം (Millets) | 27,000 | 3000 | 30,000 | |
| 6. | മരച്ചീനിയും മറ്റ് കിഴങ്ങുവർഗ്ഗങ്ങളും | 27,000 | 3000 | 30,000 | |
| 7. | മറ്റ് വിളകൾ | 10,000 | -- | 10,000 | |

**9. സ്ഥിരം കൃഷി (Regular Farming)** (എല്ലാ വിഭാഗങ്ങൾക്കും)

| ഇനം | | | നിരക്ക് (ഒരു ഹെക്ടറിന് പരമാവധി തുക ) |
|---|---|---|---|
| 1 | നെല്ല് (ഒരു പൂകൃഷിക്ക്) | | 25,000 |
| 2 | പൊക്കാളി/കൈപ്പാട്/കരി നെൽക്കൃഷി (ഒരു പൂകൃഷിക്ക്) | | 32,000 |
| 3 | പച്ചക്കറി | പന്തൽഉൾപ്പെടെ | 27,000 |
| | | പന്തൽ ഇല്ലാതെ | 22,000 |
| | | ശീതകാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാലപച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്ക മാത്രം) | 30,000 |
| 4 | പയർ വർഗ്ഗങ്ങൾ | | 20,000 |
| 5 | മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും | | 20,000 |
| 6 | വാഴ | | 30,000 |
| 7 | ചെറുധാന്യങ്ങൾ(Millets) | | 20,000 |
| 8 | നിലക്കടല (Groundnut) | | 20,000 |
| 9 | എള്ളും മറ്റ് എണ്ണക്കുരുക്കളും | | 15,000 |
| 10 | മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ | | 10,000 |

1. നെൽ കൃഷിക്ക് ഓരോ പൂ കൃഷിക്കും സബ്സിഡി നൽകാവുന്നതാണ്
2. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്.
3. 9A ലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.
4. ചെറുകിട /നാമമാത്രകർഷകൻ/ കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ ഓരോ വിളയ്ക്കും പാട്ടത്തുകയായി ഹെക്ടറിന് 2500 രൂപ അധികമായി നൽകാം.
5. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

**9A) തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ.**

1. നാമമാത്ര - ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നല്കാം. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ/ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും മേൽപ്പറഞ്ഞ സഹായം അനുവദിക്കാവുന്നതാണ്.
2. വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുക) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ നെൽക്കൃഷിയുടെ ഉത്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നല്കിയിട്ടുള്ള നിരക്കിന് പുറമെ അനുവദിക്കാവുന്നതാണ്.

3. ഒറ്റ വിള (mono crop) കൃഷിക്കുള്ള സഹായങ്ങളാണ് പട്ടികകളിൽ നല്കിയിട്ടുള്ളത്. ഒരു കൃഷിയിടത്തിനുള്ളിൽ വ്യത്യസ്ത വിളകൾ വെവ്വേറെയായി (മരച്ചീനി, എന്നിങ്ങനെ) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് അനുവദനീയമായ നിരക്കിൽ സഹായം അനുവദിക്കാവുന്നതാണ്. ഒരു കൃഷിയിടത്തിനുള്ളിൽ ബഹുവിള ((Multiple Crops) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യ വിളക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇടവിളകൾക്ക് വിത്തുകളും തൈകളും മേല്പറഞ്ഞ സഹായത്തിനു പുറമെ മാർഗരേഖ അനുസരിച്ച് അധികമായി നല്കാവുന്നതാണ്.
4. കൃഷിയിടങ്ങളുടെ ഫാം പ്ലാൻ തയ്യാറാക്കി ഓരോ വിളയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ വിള ഇൻഷ്വറൻസിന് ആവശ്യമായതിൽ താഴെ വിസ്തൃതിയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിള ഇൻഷ്വറൻസ് വ്യവസ്ഥ ബാധമാക്കേണ്ടതില്ല.
6. ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്.
7. പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്.
8. പാട്ടക്കൃഷിയാണെങ്കിൽ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുതാണെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേണ്ടതാണ്.
9. 2008 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
10. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 10 | സംയോജിത കൃഷി (IFS) | 10 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കാർ | 1. പുതുതായി കൃഷി ചെയ്യുന്നതിന് 10,000 രൂപ /10 സെന്റ്<br>2. നിലവിലെ കൃഷി വിപുലപ്പെടുത്തുന്നതിന് 5,000 രൂപ/ 10 സെന്റ് | 1. നിലവിലെ കൃഷി വിപുലപ്പെടുത്തുന്നതിനും സംയോജിത കൃഷിയിൽ പുതിയ വിളകളും ഘടകങ്ങളും ഉൾച്ചേർക്കുന്നതിനുമുള്ള പ്രോജക്ട്<br>2. സംയോജിത ഫാം പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രോജക്ട് എടുക്കേണ്ടത്<br>3. നിലവിലുള്ള വിളകൾക്ക് പുറമെ മൂന്ന് വിളകൾ/ഇനങ്ങൾ, കന്നുകാലി വളർത്തൽ/മത്സ്യക്കൃഷി മുതലായവ ഉൾച്ചേർക്കേണ്ടതാണ്.<br>4. ഒരു ഹെക്ടറിന് പരമാവധി 75,000രൂപ സബ്സിഡിയായി നൽകാം<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 11 | കാർഷിക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും സഹായം | സമിതികൾക്കും സംഘങ്ങൾക്കും മാത്രം. | 90% (ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ) | 1. ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ, സഹകരണ നിയമ പ്രകാരമോ രജിസ്റ്റർ ചെയ്ത കർഷക/ കർഷകതൊഴിലാളി സംഘം/ സമിതി ആയിരിക്കണം<br>2. രജിസ്റ്റർ ചെയ്ത് രണ്ടു വർഷമെങ്കിലുമായ സംഘം/ സമിതി ആയിരിക്കണം<br>3. കാർഷിക സേവനങ്ങൾ നൽകുന്ന സംഘം/സമിതി ആയിരിക്കണം. |

| | | | | |
|---|---|---|---|---|
| | | | | **എ. കാർഷികോപകരണങ്ങൾ**<br>1. കുറ്റിപ്പമ്പ്, പവർസ്പ്രേയർ, കളനീക്കൽ ഉപകരണം, കാട്ടുവെട്ട് യന്ത്രം, മെതിയെന്ത്രം, ട്രാക്ടർ, ടില്ലർ, മിനിട്രാക്ടർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, വിന്നോവർ, വിവിധതരം സ്പ്രേയറുകൾ, തെങ്ങ്കയറ്റ യന്ത്രം, വിവിധതരം ഡ്രയറുകൾ, ധാന്യം പൊടിക്കുന്ന യന്ത്രങ്ങൾ, തേങ്ങ/അടയ്ക്ക പൊളിക്കുന്ന യന്ത്രം, അലുമിനിയം ഏണികൾ, പ്രൂണറുകൾ, റൗണ്ട് ബെയലറുകൾ, പുല്ല് ചെറുകഷ്ണങ്ങളാക്കുന്ന യന്ത്രങ്ങൾ, ബണ്ട് എടുക്കുന്ന യന്ത്രം, തെങ്ങിൻതടം തുറക്കുന്ന യന്ത്രം, കുഴിയെടുപ്പ് യന്ത്രം തുടങ്ങിയവ വാങ്ങി നൽകാവുന്നതാണ്.<br>2. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സംഘം/സമിതിക്കും ആയിരിക്കും.<br>3. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.<br>4. യന്ത്രങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സമിതി/സംഘം തന്നെ നിർവ്വഹിക്കണം. കർഷകരിൽ നിന്നും തൊഴിലാളികളുടെ വേതനം ഈടാക്കുന്നതിനൊപ്പം സംരക്ഷണ ചെലവിന് വേണ്ടിയുള്ള തുക കൂടി ഈടാക്കേണ്ടതാണ്. തുക എത്രയെന്ന് അതത് സമിതികൾക്ക്/സംഘങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്.<br>5. സമിതികളുടെ/സംഘങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് കമ്മിറ്റിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിട്ടർ ചെയ്യണം.<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.<br>7. സംയുക്തമായും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.<br>**ബി.പരിശീലനം**<br>1. നൂതന കാർഷിക രീതികൾ, യന്ത്രോപകരണങ്ങളുടെ ഉപയോഗരീതി, സമിതികളുടെ/സംഘങ്ങളുടെ പ്രവർത്തനവും നടത്തിപ്പും എന്നീ കാര്യങ്ങളിൽ പരിശീലനം നൽകാവുന്നതാണ്. (ഉപകരണങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനം പരിശീലനം നൽകുന്നില്ലെങ്കിൽ മാത്രം)<br>**സി. പാട്ടകൃഷി/തരിശ് കൃഷി**<br>1. ഇത്തരം സമിതികൾ തരിശുകൃഷിയോ പാട്ടകൃഷിയോ ചെയ്യുന്നതിന് സന്നദ്ധമാണെങ്കിൽ ഖണ്ഡിക 6.1.8, 6.1.9 ലെ നിരക്കിൽ ധനസഹായം ലഭ്യമാക്കാവുന്നതാണ്.<br>2. ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 20 സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 10 സെന്റും കൃഷി ചെയ്യണം. |

| | | | | |
|---|---|---|---|---|
| 12 | നെൽകൃഷി - ജല സേചനത്തിന് സബ്മേഴ്സിബിൾ / പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/ പെട്ടിയും പറയും | പാടശേഖര സമിതികൾക്ക് മാത്രം | 100% | 1. അറ്റകുറ്റപ്പണി പാടശേഖര സമിതികൾ നടത്തണം.<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്.. |
| 13 | സോളാർ പമ്പ് | പാടശേഖര സമിതികൾക്ക് മാത്രം | 10% | 1. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>2. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്... |
| 14 | പുതിയ ജലസേചന കിണർ (തുറന്ന കിണർ) | ജനറൽ വിഭാഗം | 50 % | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>3. വാല്യുവേഷൻ എൽ.എസ്.ജി.ഡി എൻജിനീയർ ആണ് എടുക്കേണ്ടത്.<br>4. തൊഴിലുറപ്പപദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ കഴിയുന്നില്ലെങ്കിൽ മാത്രം വികസനഫണ്ട് വിനിയോഗിക്കാം.<br>5. കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും കിണർ നിർമ്മിക്കാവുന്നതാണ്.<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 15 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിംഗ് മിശ്രിതം നിറച്ചത്, തൈ ഉൾപ്പെടെ) | എല്ലാ വിഭാഗങ്ങൾക്കും | 75% | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഗ്രോ ബാഗ്/മൺചട്ടി (10 ഇഞ്ച് വലിപ്പം)<br>3. ഗ്രോ ബാഗിനു പകരം കയർ ഫെഡിന്റെ കൊക്കോ പോട്ട് ഉപയോഗിക്കാവുന്നതാണ്.<br>4. ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകാം.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 16 | കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും പുതിയ തൈകൾ വയ്ക്കുന്നതിനും | എല്ലാ വിഭാഗങ്ങൾക്കും | മുറിച്ചുമാറ്റുന്നതിന് കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള സബ്സിഡി.<br>പുതിയ തെങ്ങിൻ തൈകൾക്ക് ക്രമ നം. 5 പ്രകാരമുള്ള സബ്സിഡി | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ് |
| 17 | കാർഷിക സേവനങ്ങൾക്ക് സബ്സിഡി | എല്ലാ വിഭാഗങ്ങൾക്കും | 50%<br>പരമാവധി ഒരു | 1. കാർഷിക കർമ്മസേനകൾ, കൃഷി വകുപ്പിന്റെ അഗ്രോ സർവീസ് സെന്ററുകൾ എന്നിവ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നിയന്ത്രിത നിരക്കുകളിൽ നൽകുന്ന |

| | | | | |
|---|---|---|---|---|
| | | | വർഷം അനുവദിക്കാവുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം. | സേവനങ്ങൾക്കാണ് സബ്സിഡി നല്കാവുന്നത്.<br>2. സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കണം.<br>3. ഇനം 6.1.8, 6.1.9 പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നവർക്ക് ഈ സഹായം നൽകുന്നതല്ല.<br>4. ഡ്രോൺ ഉപയോഗിച്ചുള്ള മരുന്നുതളി ഉൾപ്പെടെയുള്ള പ്രാദേശികമായ സേവനങ്ങളും ഉൾപ്പെടുത്താവുന്നതാണ്.<br>5. മഹാത്മാഗാന്ധി/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികളുടെ ഭാഗമായി ചെയ്യാവുന്ന പ്രവൃത്തികളുടെ കൂലി ഇതിൽ ഉൾപ്പെടുത്താൻ പാടില്ല.<br>6. കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും നൽകുന്ന സേവനങ്ങൾക്ക്, ആ സേവനങ്ങൾ സ്വീകരിച്ചവരിൽ നിന്നുമുള്ള രസീതുകൾ ഹാജരാക്കുന്ന മുറയ്ക്ക് സാമ്പത്തിക വർഷം രണ്ട് തവണയായി സബ്സിഡി നൽകാവുന്നതാണ്.<br>7. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 18 | പുതിയ ജലസേചന പമ്പുസെറ്റ് (ആക്സസറീസ് ഉൾപ്പെടെ) | ജനറൽ വിഭാഗം | 50% (പരമാവധി 15000 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഗ്രാമ പഞ്ചായത്തിൽ കുറഞ്ഞത് 20 സെന്റും നഗരഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 10 സെന്റും, കൃഷി ചെയ്യുന്ന കർഷകർക്ക്.<br>3. തുടർച്ചയായി പ്രവർത്തിച്ചുവരുന്ന കർഷക ഗ്രൂപ്പുകളുടെ കൃഷിയിടങ്ങളിലും ലഭ്യമാക്കാവുന്നതാണ്.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75 % ( പരമാവധി 22,500 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% (30,000 രൂപ) | |
| 19 | പെട്ടെന്നുണ്ടാകുന്ന കീട – രോഗങ്ങളുടെ തീവ്ര വ്യാപന നിയന്ത്രണം | എല്ലാ വിഭാഗങ്ങൾക്കും | ചെലവിന്റെ 100% | 1. പാടശേഖര സമിതികൾ, കർഷക സമിതികൾ മുഖാന്തിരം നടപ്പിലാക്കാം.<br>2. കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കാം.<br>3. പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം<br>4. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 20 | അഗ്രോ ഫാർമസി/പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ (വിള ആരോഗ്യ പരിപാലന കേന്ദ്രം) സേവനങ്ങൾ വിപുലപ്പെടുത്തൽ | എല്ലാ വിഭാഗങ്ങൾക്കും | തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കാം | 1. കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചും നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് തയ്യാറാക്കണം.<br>2. കീടരോഗ നിയന്ത്രണത്തിന് വേണ്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്താം.<br>3. ഗുണഭോക്താക്കൾക്ക് കീടരോഗ നിയന്ത്രണോപാധികൾ വിതരണം ചെയ്യാം.<br>4. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 21 | പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം | എല്ലാ വിഭാഗങ്ങൾക്കും | 50%<br>(പരമാവധി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം) | 1. കാർഷിക കർമ്മസേനകൾ/ അഗ്രോ സർവീസ് സെന്ററുകൾ/കർഷക ഗ്രൂപ്പുകൾ/VFPCK/ ഇക്കോ ഷോപ്പുകൾ/നാളികേര ഉല്പാദക കമ്പനികൾ/നാളികേര ഉല്പാദക ഫെഡറേഷൻ/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കർഷക ഉത്പാദക സംഘങ്ങൾ/ സഹകരണ സംഘങ്ങൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആയിരിക്കണം.<br>2. സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുമുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം.<br>3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 22 | കശുമാവ് കൃഷി<br>(തൈവിതരണം) | എല്ലാ വിഭാഗങ്ങൾക്കും | 100% | 3. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>4. കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം തൈകൾ വാങ്ങുന്നതിന് പ്രോജക്റ്റ് എടുക്കാവുന്നതാണ്.<br>5. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |
| 23 | രോഗ-കീട ബാധയുള്ള കവുങ്ങ് മുറിച്ചു മാറ്റി പുതിയവ നടുന്നത് | എല്ലാ വിഭാഗങ്ങൾക്കും | മുറിച്ചുമാറ്റാൻ കവുങ്ങ് ഒന്നിന് 400 രൂപ<br>തൈകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 75% | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>3. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 24 | റബർ തൈകൾ വച്ച തോട്ടങ്ങളിൽ ഇടവിളയായി പഴവർഗ്ഗങ്ങൾ/പച്ചക്കറി കൃഷി | എല്ലാ വിഭാഗങ്ങൾക്കും | അനുയോജ്യമായ തോതിൽ ഈ മാർഗ്ഗരേഖയിലെ വിവിധ സബ്സിഡികൾ ഹെക്ടറിന് 10,000 രൂപയിൽ അധികരിക്കാതെ നൽകാം | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. 3 വർഷത്തിനുള്ളിൽ പുതിയ തൈകൾ വച്ച തോട്ടമായിരിക്കണം.<br>3. റബ്ബർ ബോർഡ് നൽകുന്ന ധനസഹായം ഒഴികെ മറ്റ് സഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ സബ്സിഡി നൽകാവൂ.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 25 | ഹരിതഭവനം | എല്ലാ വിഭാഗങ്ങൾക്കും | ഓരോ ഘടകത്തിനും ഈ മാർഗ്ഗരേഖയിൽ പറയുന്ന സബ്സിഡി കൾ നൽകാം. | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഈ മാർഗരേഖയിലെ അനുബന്ധം 1 പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.<br>3. പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കണം<br>4. ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തണം<br>5. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സാമൂഹ്യ സംഘടനകൾ എന്നിവരെ ചുമതലപ്പെടുത്തണം<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 26 | മഴമറ (Rain Shelter) | ജനറൽ വിഭാഗം | പരമാവധി<br>40,200 രൂപ | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. വീട്ടുവളപ്പിലെ/മട്ടുപ്പാവ് കൃഷിക്ക് താല്പര്യമുള്ളവരായിരിക്കണം.<br>3. പരമാവധി 100 ച.മീറ്റർ വരെ ച.മീറ്ററിന് 670 രൂപ യൂണിറ്റ് കോസ്റ്റിൽ സബ്സിഡി അനുവദിക്കാവുന്നതാണ്<br>4. കുറഞ്ഞത് 10 ച. മീറ്റർ വിസ്തൃതി വേണം.<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | പരമാവധി<br>50,250 രൂപ | |
| | | പട്ടികവർഗ്ഗം വിഭാഗം | പരമാവധി<br>67,000 രൂപ | |
| 27 | മഴമറയിലെ UV പോളിത്തീൻ പഴയ ഷീറ്റ് മാറ്റി പുതിയ ഷീറ്റ് സ്ഥാപിക്കൽ | ജനറൽ വിഭാഗം | പരമാവധി<br>9600 രൂപ | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. മഴമറ സ്ഥാപിച്ചിട്ട് 5 വർഷമെങ്കിലും കഴിയുകയും പോളിത്തീൻ ഷീറ്റ് ഉപയോഗയോഗ്യമല്ലാത്തതുമായിരിക്കണം.<br>3. പരമാവധി 100 ച.മീറ്റർ വരെ ച.മീറ്ററിന് 160 രൂപ യൂണിറ്റ് കോസ്റ്റിൽ സബ്സിഡി അനുവദിക്കാവുന്നതാണ്<br>4. കുറഞ്ഞത് 10 ച. മീറ്റർ വിസ്തൃതി വേണം.<br>5. 200 മൈക്രോൺ ഉള്ള ഷീറ്റ് ആയിരിക്കണം<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | പരമാവധി<br>12000 രൂപ | |
| | | പട്ടികവർഗ്ഗം വിഭാഗം | പരമാവധി<br>16000 രൂപ | |
| 28 | കരിമ്പ് കൃഷി | ജനറൽ വിഭാഗം | ജനറൽ 50% | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഒരു ഹെക്ടറിന് യൂണിറ്റ് കോസ്റ്റ് 10,000 രൂപ<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | പട്ടികജാതി 75% | |
| | | പട്ടികവർഗ്ഗം വിഭാഗം | പട്ടികവർഗ്ഗം 100% | |
| 29 | സുഫലം - കാർഷിക ഉത്പാദനം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, വിപണന ശൃംഖല രൂപീകരിക്കൽ | എല്ലാ വിഭാഗങ്ങൾക്കും | യൂണിറ്റ് നിരക്കും സബ്സിഡി തുകയും ജില്ലാതലത്തിൽ നിശ്ചയിക്കണം. | 1. പോഷകമൂല്യമുള്ളതും വാണിജ്യ, വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ഉല്പാദിപ്പിക്കാനും അവ മൂല്യവർദ്ധിത ഉല്പന്നമാക്കാനും വിപണനം നടത്തുന്നതിനുമുള്ള പ്രോജക്ടിനാണ് സബ്സിഡി.<br>2. തരിശ് നിലങ്ങളിലും ഭൂമികളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളയായും കൃഷി തുടങ്ങാൻ നടപടി സ്വീകരിക്കുക. |

| | | | | |
|---|---|---|---|---|
| | | | | 3. ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുക<br>4. കാർഷിക ഉല്പാദനത്തിന് സ്വകാര്യകർഷകർ/ഗ്രൂപ്പ് സംരംഭകർ/ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവ രൂപീകരിക്കുക<br>5. കാർഷിക വായ്പ സംഘങ്ങളുടെയും കാർഷിക സഹകരണ സംഘങ്ങളുടെയും ശേഷി ഉപയോഗിക്കുക<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 30 | പുഷ്പ കൃഷി -<br>വെട്ടുപൂക്കൾ (Cut Flower)<br>(വനിത -വ്യക്തിഗതം/ഗ്രൂപ്പുകൾ) | എല്ലാ വിഭാഗങ്ങൾക്കും | 1000 ചുവടിന് 40,000 രൂപ (കുറഞ്ഞത് 100 ചുവട്) | 1. നാമമാത്ര/ചെറുകിട കർഷകർ, കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രവാസി, വനിത ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു വനിത സാമൂഹ്യ സംഘടനകൾ, എന്നിവയ്ക്ക് നൽകാം.<br>2. പകുതി ആദ്യവും ബാക്കി വിളവെടുപ്പിന് മുമ്പും എന്ന തരത്തിൽ സബ്സിഡി രണ്ട് ഘട്ടമായി അനുവദിക്കാം.<br>3. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. |
| 31 | പുഷ്പക്കൃഷി -<br>ലൂസ് പൂക്കൾ (വനിത - വ്യക്തിഗതം/ഗ്രൂപ്പുകൾ) | എല്ലാ വിഭാഗങ്ങൾക്കും | 16,000 രൂപ ഒരു ഹെക്ടറിന് (കുറഞ്ഞത് 10 സെന്റ്) | |
| 32 | തേനീച്ച വളർത്തൽ | ഒരു സെറ്റ് തേനീച്ചയും കൂടും | | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. നിലവിൽ കൃഷി ഉള്ളവർക്ക് ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25 പുതിയ കൂടുകൾക്കു വരെ സബ്സിഡി നൽകാം.<br>3. ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ളവയുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>4. ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം.<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | ജനറൽ വിഭാഗം | 50% | |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗം വിഭാഗം | 100 % | |
| 33 | കൂൺ കൃഷി | എല്ലാ വിഭാഗങ്ങൾക്കും | 40%<br>100 ബെഡിന് 11,250 രൂപ (പരമാവധി 22,500 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. വ്യക്തികൾക്കും രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പുകൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.<br>3. 100 ബെഡ് എങ്കിലുമുള്ള രണ്ട് യൂണിറ്റുകളെങ്കിലും ഉണ്ടായിരിക്കണം.<br>4. ഒരു വർഷത്തിൽ മൂന്ന് തവണ കൃഷി ചെയ്യണം.<br>5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 34 | അക്വാപോണിക്സ് (Aquaponics) കൃഷിയും മത്സ്യവും സംയോജിത പദ്ധതി | ജനറൽ വിഭാഗം | 50% (പരമാവധി 10,000 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. മണ്ണില്ലാതെ കൃഷി ചെയ്യുന്നതിനുള്ള സംവിധാനമാണിത്. കൂടാതെ മത്സ്യവും വളർത്താം |

| | | | | |
|---|---|---|---|---|
| | (യൂണിറ്റ് കോസ്റ്റ് 20,000 രൂപ) | പട്ടികജാതി വിഭാഗം | 75% (പരമാവധി 15,000 രൂപ) | 3. 1000 ലിറ്റർ വെള്ളം കൊള്ളുന്ന ടാങ്കിൽ 100 നൈൽ തിലോപ്പിയ ( Nile tilopia) വളർത്താം.<br>4. Components:- Fish Tank with vegetable bed, filtration including aeration, plumbing, electrification and roof<br>5. Fish seeds, 100 numbers @ 4 രൂപ/seed<br>6. fish feed 54kg @45 രൂപ /kg; Vegetable seedlings etc.<br>7. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികവർഗ്ഗം വിഭാഗം | 100% | |
| 35 | കണിക ജലസേചനം<br>(Drip Irrigation)<br>(യൂണിറ്റ് കോസ്റ്റ് ഒരു സെന്റിന് 7,500 രൂപ) | ജനറൽ വിഭാഗം | 50% (പരമാവധി 3750 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഒരു സെന്റ് ഭൂവിസ്തൃതിയിൽ a) Timer, b) Main line 32 mm, c) Sub Main, Laterals 16 mm, d) Emitters, e) Grow Bag 25 എണ്ണം<br>3. മഴമറക്കുള്ളിലും Drip irrigation ഉപയോഗപ്പെടുത്താം.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 5,625/- രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 36 | തിരി നന<br>(Wick irrigation) -<br>10 ചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റ് | ജനറൽ വിഭാഗം | 50% (പരമാവധി 1000 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. ഗ്രോ ബാഗ്, മൺചട്ടി, സിമെന്റ് ചട്ടി, പ്ലാസ്റ്റിക് പോട്ട് ഇതിലെല്ലാം തിരിനന രീതി നടപ്പാക്കാവുന്നതാണ്.<br>3. 10 വാട്ടർ സ്റ്റോറേജ്, 10 ട്രേ, 10 തിരി, 9 പി.വി.സി പൈപ്പ് സെറ്റ്, എൻഡ് ക്യാപ് ആന്റ് റെഡ്യൂസർ എന്നിവയാണ് ഘടകങ്ങൾ<br>4. പരമാവധി 5 യൂണിറ്റ് വരെ ഒരു ഗുണഭോക്താവിന് നൽകാവുന്നതാണ്.<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 1500 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 37 | വെറ്റില കർഷകർക്കും ഗ്രൂപ്പുകൾക്കും ഏണി<br>(യൂണിറ്റ് കോസ്റ്റ് 3200 രൂപ) | ജനറൽ വിഭാഗം | 50% (പരമാവധി 1600 രൂപ) | 1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. സ്ഥിരമായി (3 വർഷമായി) വെറ്റില കൃഷി ചെയ്ത് വരുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും മാത്രം<br>3. പ്രാദേശിക ഉപയോഗത്തിനനുസരിച്ചുള്ള ഏണിക്ക് ധനസഹായം നൽകാവുന്നതാണ്.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 2400 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

<table>
<tr><td rowspan="3">38</td><td rowspan="3">കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും – റിപ്പയറിംഗ്</td><td>ജനറൽ വിഭാഗം</td><td>50%<br>(പരമാവധി 5000 രൂപ)</td><td rowspan="3">1. സ്ഥിരമായി കാർഷിക യന്ത്രോപകരണങ്ങളും ജലസേചന മോട്ടോറുകളും ഉപയോഗിച്ച് കൃഷി ചെയ്ത് വരുന്ന നാമമാത്ര ചെറുകിട കർഷകർ/കർഷക ഗ്രൂപ്പുകൾ/കാർഷിക കർമ്മസേന എന്നിവർക്ക് വർഷത്തിൽ ഒരു തവണ അറ്റകുറ്റപ്പണിക്ക് സഹായം നൽകാവുന്നതാണ്.<br>2. നെൽക്കൃഷിക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങൾക്ക് വർഷത്തിൽ രണ്ടു പ്രാവശ്യം സഹായം നൽകാം.<br>3. വാറണ്ടി/ഗ്യാരണ്ടി കാലാവധി കഴിഞ്ഞിരിക്കണം.<br>4. കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്കാണ് ധനസഹായം നൽകാവുന്നത്. റിപ്പയറിംഗിന്റെ എസൻഷ്യാലിറ്റി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>5. അറ്റകുറ്റപ്പണികൾ ചെയ്ത് കൊടുക്കുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ജില്ലയിലെ യൂണിറ്റുകളെയും അംഗീകൃത വർക്ക്ഷോപ്പുകളാണെങ്കിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിച്ച് നടപടി ക്രമം പാലിച്ചും ഏൽപ്പിക്കാവുന്നതാണ്.<br>6. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്</td></tr>
<tr><td>പട്ടികജാതി വിഭാഗം</td><td>75%<br>(പരമാവധി 7500 രൂപ)</td></tr>
<tr><td>പട്ടികവർഗ്ഗ വിഭാഗം</td><td>100%</td></tr>
<tr><td>39</td><td>വന്യമൃഗ ശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ - സൗരവേലി, റിപ്പലന്റ്സ്, സ്കേയറേഴ്സ്, അലാം സിഗ്നലുകൾ</td><td>എല്ലാ വിഭാഗങ്ങൾക്കും</td><td>യൂണിറ്റ് കോസ്റ്റിന്റെ 50%</td><td>1. നാമമാത്ര/ചെറുകിട കർഷകർക്ക് നൽകാവുന്നതാണ്.<br>2. സർക്കാർ നിരക്ക് നിശ്ചയിക്കുന്നത് വരെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>3. വ്യക്തിഗതമാണെങ്കിൽ ഗുണഭോക്താവിന്റെ ചുമതലയിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.<br>4. ഒരു പ്രാവശ്യം മാത്രമേ സബ്സിഡി നൽകാവൂ.<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.<br>6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടായും എടുക്കാവുന്നതാണ്.</td></tr>
</table>

## 40. കാർഷികാനുബന്ധ മേഖല പ്രദർശനത്തോട്ടങ്ങൾ - തദ്ദേശഭരണ - സഹകരണ സംയുക്ത സംരംഭം

(i) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഒറ്റയ്ക്കോ സംയുക്തമായോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായി (PACS) സഹകരിച്ച് ഔഷധ സസ്യങ്ങൾ ഉൾപ്പടെയുള്ള വിവിധ വിളകളും കാർഷികാനുബന്ധ പ്രവർത്തനങ്ങളുമടങ്ങുന്ന പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കാവുന്നതാണ്. അമ്പത് സെന്റോ അതിൽ കൂടുതലോ സ്ഥലം സ്വന്തമായോ പാട്ടത്തിനോ കണ്ടെത്തി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ, മാലിന്യസംസ്കരണം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളിലെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കണം. നടീൽ വസ്തുക്കളുടെ നഴ്സറിയും ഇതിന്റെ ഭാഗമാകണം.

(ii) സംയോജിത കൃഷി, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, വിവിധ ആധുനിക കാർഷിക പ്രവർത്തനങ്ങൾ, വിവിധ ജലസേചന രീതികൾ, പോളീ ഹൗസ്/ മഴമറ കൃഷി രീതികൾ, മാലിന്യസംസ്കരണം എന്നിവ കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പരിചയപ്പെടുത്തികൊടുക്കാവുന്നതാണ്. കൃഷി വകുപ്പ്, മൃഗസംരക്ഷണം, മത്സ്യവിഭവം, ക്ഷീരവികസനം, ശുചിത്വമിഷൻ തുടങ്ങിയ വകുപ്പുകളിലെ വിദഗ്ധരുടെ നേതൃത്വത്തിൽ ഇതിനായി പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്.

(iii) തദ്ദേശഭരണ സ്ഥാപനവും സഹകരണ സംഘവും തമ്മിൽ ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണം. തദ്ദേശഭരണ സ്ഥാപനവും PACS ഉം തുല്യമായ തോതിൽ മുതൽ മുടക്കാവുന്നതാണ്.

(iv) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്.

## 41. പ്രാദേശിക കാർഷിക ജൈവവൈവിദ്ധ്യ (Custodian Farmer/Genome Saviour) പരിപാലനത്തിന് ഗ്രാന്റ്

(i) തദ്ദേശീയമായ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് താല്പര്യമുള്ള കർഷകർക്ക്/സമിതികൾക്ക് വിവിധതരം കാർഷിക വിളകളും അവയുടെ വൈവിദ്ധ്യമാർന്ന ഇനങ്ങളും ദീർഘകാലത്തേയ്ക്ക് പരിപാലിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

(ii) വരുമാന പരിധി പരിഗണിക്കേണ്ടതില്ല.

(iii) ചുരുങ്ങിയത് 10 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.

(iv) അഞ്ചോ അതിൽ കൂടുതലോ തനത് പ്രാദേശിക ഇനങ്ങൾ കൃഷിചെയ്ത് സംരക്ഷിച്ച് പോരുന്നവർ ആയിരിക്കണം

(v) കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് (KSBB) അംഗീകരിച്ച ഫാം സ്കൂൾ നടത്തുന്ന കർഷകർക്ക് മുൻഗണന നൽകാവുന്നതാണ്.

(vi) സ്ഥലവിസ്തൃതിയുടെയും വിളയുടെയും അടിസ്ഥാനത്തിൽ, ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി ചെയ്യുന്ന ബഹുവർഷ വിളകൾക്ക് 5000 മുതൽ 10000 രൂപ വരെയും ധാന്യവിളകൾക്കും ഏകവർഷ വിളകൾക്കും 10000 മുതൽ 25,000 രൂപ വരെയും നൽകാവുന്നതാണ്. ഇവയുടെ വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(vii) അർഹത/മുൻഗണന മാനദണ്ഡം, സബ്സിഡി തുക എന്നിവ തദ്ദേശഭരണ സ്ഥാപനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കണം

(viii) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ്.

**42. പ്രാദേശിക പ്രത്യേകതയുള്ള കാർഷിക വിത്തിനങ്ങളുടെ സംരക്ഷണവും നാട്ടറിവ് മ്യൂസിയവും**

തനത് പ്രാദേശിക കാർഷിക വിളകളുടെ വിത്തുകളുടെ വൈവിദ്ധ്യമുള്ള ഇനങ്ങൾ (ജെം പ്ലാസം) സംരക്ഷിക്കുന്നതിന് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി JNTBGRI, NBPGR, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, സർവ്വകലാശാലകൾ തുടങ്ങിയവയുടെ സാങ്കേതിക സഹായം തേടാം. അതോടൊപ്പം പരമ്പരാഗത കാർഷിക ഉപകരണങ്ങളുടെയും നാട്ടറിവുകളുടെയും സംരക്ഷണത്തിനായി മ്യൂസിയവും ആരംഭിക്കാവുന്നതാണ്. വികസനഫണ്ട് പ്രോജക്ടിന് ഉപയോഗിക്കാം. ജില്ലാ കൃഷി ഫാമുകളിലോ സീഡ് ഫാമുകളിലോ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിലോ ഇത്തരം മ്യൂസിയങ്ങൾ സ്ഥാപിക്കാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

**43. ഇൻകുബേഷൻ സെന്റർ/ഫെസിലിറ്റേഷൻസെന്റർ**

സർവകലാശാലകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇൻകുബേഷൻ സെന്റർ/ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാവുന്നതാണ്. കൃഷി- അനുബന്ധ മേഖലകളിലെ വിളവെടുപ്പിന് ശേഷമുള്ള പ്രാഥമിക സംസ്കരണം, ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് മുതലായവയ്ക്കുള്ള സാങ്കേതികവിദ്യ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കരസ്ഥമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്താം. സാങ്കേതിക സഹായവും ചെറുകിട സംരംഭകർക്ക് നൈപുണ്യ വികസന പരിശീലനവും സർവകലാശാലകൾ മുതലായവ നൽകേണ്ടതാണ്. ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളുമായി സഹകരിച്ചും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ വരെ വകയിരുത്താവുന്നതാണ്.

**44. കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട്**

(i) അംഗീകൃത കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

(ii) ഏത് ആവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ വ്യക്തമാക്കേണ്ടതാണ്.

(iii) ഒരു ഹെക്ടറിന് പരമാവധി 50,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

(v) കൃഷിയുടെ പ്രാരംഭ പ്രവർത്തന ഘട്ടത്തിൽ തന്നെ പാടശേഖരസമിതി/കർഷക ഗ്രൂപ്പുകൾ/കർഷക സഹായ സംഘങ്ങൾ എന്നിവയുടെ ഭാരവാഹികൾ നിർവഹണ ഉദ്യോഗസ്ഥന് അപേക്ഷ നൽകുന്ന മുറയ്ക്ക് അവയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ജോയിന്റ് അക്കൗണ്ടിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്

(vi) സ്വീകരിച്ച റിവോൾവിംഗ് ഫണ്ട് വിളവെടുപ്പിന്ശേഷം മേൽപ്പറഞ്ഞ അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കേണ്ടതും തുടർന്ന് അടുത്ത വിളയ്ക്കായി റിവോൾവ് ചെയ്യേണ്ടതുമാണ്.

(vii) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

**45. ജൈവവളം, ജൈവ കീടനാശിനി ഉല്പാദന യൂണിറ്റുകൾ**

ചെറുകിട/നാമമാത്ര കർഷകരുടെ ഗ്രൂപ്പുകൾ, ക്ഷീര കർഷക ഗ്രൂപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സഹായം നൽകാവുന്നതാണ്. ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ ക്ഷീരസംഘം/ കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം. കാർഷിക സർവ്വകലാശാലകൾ/ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽഎന്നിവ വികസിപ്പിച്ചിട്ടുള്ള ശാസ്ത്രീയ സങ്കേതങ്ങളുപയോഗിച്ച് തയ്യാറാക്കുന്ന ഗുണനിലവാരമുള്ള ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉല്പാദിപ്പിച്ച് വിപണനം നടത്താം. ഇത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ഗുണനിലവാരവും ഉറപ്പു വരുത്തണം. പൊതു വിഭാഗങ്ങൾക്ക് പരമാവധി 15,000

രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 22,500 രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 30,000 രൂപയും സബ്സിഡിയായി നൽകാം. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

**46. തൈ ഉല്പാദന യൂണിറ്റുകൾ**

ചെറുകിട/നാമമാത്ര കർഷകരുടെ ഗ്രൂപ്പുകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് സഹായം നൽകാവുന്നതാണ്. ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കാർഷിക വിളകൾ, ഔഷധ സസ്യങ്ങൾ, വൃക്ഷങ്ങൾ എന്നിവയുടെ തൈകൾ ഉല്പാദിപ്പിക്കേണ്ടതാണ്. 10 സെന്റിന് 10,000 രൂപ നിരക്കിൽ പരമാവധി 30,000 രൂപവരെ സബ്സിഡിയായി നൽകാം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജകട് എടുക്കാവുന്നതാണ്.

**47 ഹരിതകേരള മിഷൻ പദ്ധതികളുമായുള്ള സംയോജനം**

(1) തരിശ് രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കുളവാഴയും മുളയും ഉൾപ്പെടെയുള്ള പ്രകൃതിദത്ത വസ്തുക്കളും പി.വി.സി. പൈപ്പും ഉപയോഗിച്ച് പച്ചക്കറി, പൂകൃഷി എന്നിവ ചങ്ങാടകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്യുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിനുവേണ്ട ഘടകങ്ങൾ, ചതുരശ്ര മീറ്ററിന് വേണ്ട ചെലവ്, പരമാവധി വിസ്തൃതി എന്നിവ ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. എല്ലാ വിഭാഗങ്ങൾക്കും കൃഷി ചെലവിന്റെ പരമാവധി 50 ശതമാനം സബ്സിഡി നൽകാം. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

(2) വീടുകളിൽ എൽ.ഇ.ഡി. വിളക്കിന്റെ വെളിച്ചത്തിൽ ഇലക്കറി, മൈക്രോഗ്രീൻ കൃഷി സമ്പ്രദായങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിന് ചതുരശ്ര മീറ്ററിനുള്ള യൂണിറ്റ് കോസ്റ്റും പരമാവധി വിസ്തൃതിയും ജില്ലാതലത്തിൽ നിശ്ചയിക്കണം. യൂണിറ്റ് കോസ്റ്റിന്റെ പരമാവധി 50 ശതമാനം സബ്സിഡിയായി എല്ലാ വിഭാഗങ്ങൾക്കും നൽകാം. ഇത്തരം പ്രോജക്ടുകളിൽ യുവസംരംഭകർക്കും വനിതകൾക്കും മുൻഗണന നൽകണം.

(3) ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന തരിശുരഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡ് എന്നീ കാമ്പയിനുകൾക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

(4) ഹരിതകേരളം മിഷന്റെ തരിശുരഹിത ഗ്രാമം പരിപാടിക്ക് ഈ മാർഗരേഖയിലുള്ള കൃഷി മേഖലയിലെ വിവിധ പ്രോജക്ടുകളിലെ ഘടകങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

(5) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നവകേരളം കർമ്മപദ്ധതി-2 ൽ ഹരിതകേരളം മിഷൻ പ്രവർത്തനവുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കാർബൺ ന്യൂടൽ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന സർവ്വേ, ബോധവൽക്കരണ കാമ്പയിനുകൾ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

**48. പൊതു നിർദ്ദേശങ്ങൾ**

(1) കാർഷിക മേഖലയിലെ ഉല്പാദനം, മൂല്യവർദ്ധനവ്, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.1-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കർഷകൻ ഏത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നു എന്ന് പരിഗണിക്കേണ്ടതില്ല. കൃഷിഭൂമി ഏത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ സ്ഥിതി ചെയ്യുന്നത്, ആ തദ്ദേശഭരണ സ്ഥാപനത്തിന് കാർഷിക ആനുകൂല്യങ്ങൾ ബന്ധപ്പെട്ട കർഷകന് നൽകാവുന്നതാണ്.

(3) പട്ടികവർഗ്ഗ വിഭാഗക്കാരായ കർഷകർക്ക് കൈവശാവകാശരേഖ ഇല്ലെങ്കിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഷിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

(4) പാട്ടക്കൃഷി സബ്സിഡി ലഭിക്കുന്നതിന് സ്ഥലം ഉടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

(5) ഖണ്ഡിക 6.1.11 പ്രകാരം വാങ്ങുന്ന യന്ത്രങ്ങൾ/ ഉപകരണങ്ങൾ എന്നിവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനും, കൃഷി ഓഫീസർ കൺവീനറും വിവിധ കർഷക സമിതി പ്രതിനിധികൾ അംഗങ്ങളുമായുള്ള ഒരു സമിതി രൂപീകരിക്കണം. യന്ത്രങ്ങൾ/ ഉപകരണങ്ങളുടെ സംരക്ഷണം, പരിപാലനം തുടങ്ങിയവയ്ക്ക് കർഷക സമിതികളെ കരാർ വ്യവസ്ഥയിൽ ഏൽപ്പിക്കാവുന്നതാണ്. യന്ത്രങ്ങളുടെ/ ഉപകരണങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച കണക്ക് തദ്ദേശഭരണ സ്ഥാപനതല സമിതി സൂക്ഷിക്കേണ്ടതാണ്. യന്ത്രോപകരണങ്ങളുടെ വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കേണ്ടതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്.

(6) തദ്ദേശഭരണ സ്ഥാപന തലത്തിൽ പുതിയതായി രൂപീകരിക്കുന്ന കർമ്മസേനകൾക്കും നിലവിൽ ഉള്ളവയ്ക്കും കാർഷിക യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 6.1.11 ലെ വ്യവസ്ഥകൾ പ്രകാരം വാങ്ങി നൽകാം.

(7) നിലവിൽ തദ്ദേശഭരണ സ്ഥാപനാതിർത്തിയിൽ തരിശായി കിടക്കുന്ന മുഴുവൻ പുരയിടങ്ങളുടെയും നിലങ്ങളുടെയും ഉടമകളുമായി തദ്ദേശഭരണ സ്ഥാപനം നേരിട്ട് കരാറിൽ ഏർപ്പെട്ട് അവ പാട്ട വ്യവസ്ഥയിൽ എടുക്കാവുന്നതാണ്. തല്പരരായ കർഷകർ, കർഷക ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, ജെ.എൽ.ജി. കൾ, നാളികേര ഉല്പാദക സംഘങ്ങൾ, നാളികേര ഉല്പാദക ഫെഡറേഷനുകൾ, നാളികേര ഉല്പാദക കമ്പനികൾ എന്നിവരുമായി കൃഷിഭവന്റെ നേതൃത്വത്തിൽ കരാറിലേർപ്പെടാവുന്നതും കാർഷികകോത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കാവുന്ന തുമാണ്.

## 6.2 മണ്ണ് – ജല സംരക്ഷണം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | മണ്ണ്- ജലസംരക്ഷണം തൈകൾ നൽകൽ | ജനറൽ വിഭാഗം | തൈകളുടെ വിലയുടെ 75% | 1. ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം.<br>2. ഫലവൃക്ഷ തൈകളും മണ്ണൊലിപ്പ് തടയുന്നതിനുള്ള രാമച്ചം, കൈത/തഴ, മുള തുടങ്ങിയവയുടെ തൈകളും മാത്രമേ നൽകാവൂ.<br>3. തൈകളുടെ വില കൃഷിവകുപ്പ്/വനംവകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം<br>4. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | തൈകളുടെ വിലയുടെ 100% | |
| 2 | കിണർ റീചാർജ്ജിംഗ് | എല്ലാ വിഭാഗങ്ങൾക്കും | 1. പരന്ന മേൽക്കൂരയ്ക്ക് 12,000 /-രൂപ<br>2. ചരിഞ്ഞ മേൽക്കൂരയ്ക്ക് പരമാവധി 15,000/- രൂപ | 1. നിലവിൽ കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ ആകരുത്.<br>2. നിലവിൽ കിണർ റീചാർജിംഗ് നടത്തിയിട്ടുള്ളവർക്ക് ഫിൽറ്റർ മീഡിയം മാറ്റി പകരം പുതിയത് നിക്ഷേപിക്കുന്നതിന് ഓരോ വർഷവും 1,500/- രൂപ ധനസഹായം നൽകാവുന്നതാണ്.<br>3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>4. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

**3. ജലസേചന പരിപാടികൾ**

ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം (Ayacut Area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ജലസംരക്ഷണം മാത്രമുള്ള പ്രോജക്ടുകൾക്ക് ആയക്കെട്ട് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജലസേചന പരിപാടികളുടെ ഭാഗമായി ചെയ്യേണ്ടിവരുന്ന, ജലസ്രോതസ്സുകളിൽ മണ്ണ്/ ചെളി നീക്കം ചെയ്യൽ, വശങ്ങൾ മണ്ണിട്ട് നികത്തൽ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയവ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്. പൊതു ജലസേചന പ്രോജക്ടുകൾക്ക് വൈദ്യുതി ഏർപ്പെടുത്തുന്നതിനുള്ള Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

# 6.3 മൃഗസംരക്ഷണം/ക്ഷീരവികസനം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | കറവയുള്ള പശു (വ്യക്തിഗതം) | ജനറൽ വിഭാഗം | 50% (പരമാവധി 30,000 രൂപ) | 1. പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മുൻഗണന നൽകണം.<br>2. കുറഞ്ഞത് 3 വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന് കരാർ വയ്ക്കണം.<br>3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ 5 പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം.<br>4. തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തു കൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കാൻ പാടില്ല.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 45,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 2 | കറവയുള്ള എരുമ (വ്യക്തിഗതം) | ജനറൽ വിഭാഗം | 50% (പരമാവധി 35,000 രൂപ) | |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 52,500 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 3 | പെണ്ണാട് (വ്യക്തിഗതം) | ജനറൽ വിഭാഗം | 50% | 1. 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം<br>2. 12 കി.ഗ്രാം എങ്കിലും ഭാരം ഉള്ളവയായിരിക്കണം<br>3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>4. പരമാവധി അഞ്ച് ആടുകൾ വരെ ഒരു ഗുണഭോക്താവിന് നൽകാം.<br>5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 4 | ഗർഭിണി കിടാരി (വ്യക്തിഗതം) | ജനറൽ വിഭാഗം | 50% (പരമാവധി 20000 രൂപ) | 1. 18-24 മാസം പ്രായവും കുറഞ്ഞതു മൂന്നുമാസം ഗർഭാവസ്ഥയിലുള്ളതുമായിരിക്കണം.<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 30,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

| | | | | |
|---|---|---|---|---|
| 5 | കന്നുകുട്ടി, കാളക്കുട്ടി, പോത്തുകുട്ടി, (വ്യക്തിഗതം) | ജനറൽ വിഭാഗം | 50%(പരമാവധി 10,000 രൂപ) | 1. 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 15000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 6 | കറവയന്ത്രം | ജനറൽ വിഭാഗം | 50% (പരമാവധി 30,000 രൂപ) | 1. കാലി വളർത്തൽ മുഖ്യതൊഴിലായിട്ടുള്ള ക്ഷീര കർഷകരായിരിക്കണം.<br>2. 3 കറവയുള്ള പശു/ എരുമയെങ്കിലും വളർത്തുന്നുണ്ടായിരിക്കണം.<br>3. ഐ.എസ്.ഐ/ബി.ഐ.എസ് മുദ്രയുള്ള കറവയന്ത്രം മാത്രമേ വാങ്ങാവൂ.<br>4. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>5. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 45,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 7 | പ്രത്യേക കന്നുകുട്ടി /കാളക്കുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme) | ജനറൽ വിഭാഗം<br>പട്ടികജാതി വിഭാഗം | (ഒരു കന്നുകുട്ടിക്ക് /കാളക്കുട്ടിക്ക് പരമാവധി 6250 രൂപ) | 1. സംസ്ഥാന വിഹിതം 6250 രൂപ,<br>2. തദ്ദേശഭരണസ്ഥാപന വിഹിതം 6,250 രൂപ,<br>3. ഗുണഭോക്തൃ വിഹിതം 12,500 രൂപ<br>4. ഒരു ഗുണഭോക്താവിന് രണ്ട് കന്നുകുട്ടി/കാളക്കുട്ടിയെ വരെ നൽകാം.<br>5. മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ/വാർഡ്സഭ അംഗീകരിക്കണം<br>6. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>7. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 8 | പശുക്കുട്ടികൾക്ക് കാഫ് സ്റ്റാർട്ടർ | ജനറൽ/പട്ടികജാതി വിഭാഗം | 75 % (ഒരു പശുക്കുട്ടിക്ക് പരമാവധി 1125 രൂപ) | 1. ജനനം മുതൽ മൂന്ന് മാസം വരെ നൽകുന്നതിന്<br>2. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികവർഗ്ഗ വിഭാഗം | 100% (പരമാവധി 1500 രൂപ) | |

| | | | | |
|---|---|---|---|---|
| 9 | പാലിന് സബ്സിഡി | എല്ലാ വിഭാഗങ്ങൾക്കും | ഒരു ലിറ്റർ പാലിന് 3 രൂപ (ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000 രൂപ) | 1. ഗുണഭോക്തൃ പട്ടിക ഗ്രാമസഭ/വാർഡ്സഭ/ വാർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ തയ്യാറാക്കണം.<br>2. ക്ഷീര സഹകരണസംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും 3 രൂപ (സബ്സിഡി) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.<br>3. ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റു ക്ഷീര കർഷകർക്ക് ഉല്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 20,000 രൂപ വരെ നൽകാവുന്നതാണ്.<br>4. ഒരു കുടുംബത്തിലെ ഒരു ക്ഷീരകർഷകന് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും നടപ്പാക്കാം. |
| 10 | ധാതുലവണങ്ങൾ, വിരമരുന്ന് | എല്ലാ വിഭാഗങ്ങൾക്കും | 100% (ഉരു ഒന്നിന് പ്രതിവർഷം പരമാവധി 1200 രൂപ) | 1. കാലികളെ വളർത്തുന്ന എല്ലാ കർഷകർക്കും<br>2. ധാതുലവണങ്ങളും മരുന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണം<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 11 | തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത്/ നടീൽ വസ്തു | എല്ലാ വിഭാഗങ്ങൾക്കും | 50% -പരമാവധി 36,000 രൂപ (യൂണിറ്റ് നിരക്ക് ഒരു ഹെക്ടറിന് 18,000 രൂപ) | 1. സ്വന്തം/പാട്ടഭൂമിയിൽ കൃഷി ചെയ്യാം. ചെറുകിട/നാമമാത്ര കർഷകർക്ക് സബ്സിഡി നൽകാം.<br>2. വിത്തിന്റെ/നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം<br>3. സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന വ്യക്തികളെയും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെയും പ്രവാസി ഗ്രൂപ്പുകളെയും ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | | | 4. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്<br>5. കാർഷിക മേഖലയിലെയോ ക്ഷീര വികസന മേഖലയിലെയോ നിർവഹണ ഉദ്യോഗസ്ഥനെ നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്. |
| 12 | മുയൽ വളർത്തൽ | ജനറൽ വിഭാഗം | 50% (പരമാവധി 3000 രൂപ ) | 1. കൂടിന്റെ വില, മുയലിന്റെ വില, എണ്ണം ഇവ ജില്ലാതലത്തിൽ നിശ്ചയിക്കണം<br>2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 4500 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100%, | |
| 13 | മിനി ഡയറിഫാം ആധുനികവൽക്കരണം | ജനറൽ വിഭാഗം | യൂണിറ്റ് കോസ്റ്റ് ഒരു ലക്ഷം രൂപ | 1. കുറഞ്ഞത് 5 പശുക്കളുണ്ടായിരിക്കണം<br>2. കറവയന്ത്രം, റബർമാറ്റ്, ഹാന്റ് ഷവർ (പമ്പ് സെറ്റ് ഉൾപ്പടെ), വീൽബാരോ, ഡംഗ് സ്കൂപ്പർ, Automatic drinker, slurry pump, ചാഫ് കട്ടർ എന്നീ ആധുനിക സൗകര്യങ്ങൾ ഒരുമിച്ചോ ഭാഗികമായോ നൽകാം.<br>3. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | | 50% (പരമാവധി 50,000 രൂപ) | |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 75000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 14 | ബ്രോയിലർ യൂണിറ്റ് കുറഞ്ഞത് 1000 എണ്ണം | ജനറൽ വിഭാഗം | 50% | 1. രണ്ട് പേരെങ്കിലുമുള്ള പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന<br>2. വളർത്താനുള്ള ഷെഡും മാലിന്യസംസ്കരണ സംവിധാനവും ഉണ്ടായിരിക്കണം<br>3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>4. ക്ഷീരസഹകരണസംഘങ്ങൾ, വനിത /പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ/പുരുഷ സ്വയംസഹായ സംഘങ്ങൾക്കും നൽകാം<br>5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജകട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

| | | | | |
|---|---|---|---|---|
| 15 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ | ജനറൽ വിഭാഗം | 50% | 1. കോഴിയും കൂട്ടും നൽകാം<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 16 | കറവ പശുക്കൾക്ക് കാലിത്തീറ്റ | ജനറൽ വിഭാഗം | 50% (പരമാവധി 10,000 രൂപ ) | 1. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം<br>2. കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ നൽകാം.<br>3. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.<br>4. ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാവുന്നതാണ്.<br>5. ഇത് കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഈ നിരക്ക് കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ കുറവുള്ളതായിരിക്കണം. ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണ്<br>6. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 15,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% (പരമാവധി 20,000 രൂപ) | |
| 17 | പന്നിവളർത്തൽ യൂണിറ്റ് | ജനറൽ വിഭാഗം | 50% | 1. മൂന്ന് മാസംവരെ പ്രായമായ 5 ക്രോസ് ബ്രീഡ് പന്നിക്കുട്ടികളെ നൽകണം<br>2. കൂട് നിർമ്മാണത്തിന് തൊഴിലുറപ്പ് സാധ്യത ഉപയോഗപ്പെടുത്തണം.<br>3. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

| | | | | |
|---|---|---|---|---|
| 18 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് | ജനറൽ വിഭാഗം | 50% | 1. പ്രീമിയം തുക സംസ്ഥാനതലത്തിൽ വകുപ്പ് അംഗീകരിച്ചിട്ടുള്ളതായിരിക്കണം<br>2. കറവപശുക്കളുള്ള എല്ലാ ക്ഷീരകർഷകർക്കും ആനുകൂല്യം നൽകാവുന്നതാണ്.<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 65% | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| | | | | |
| 19 | ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ് | ജനറൽ വിഭാഗം | 50% (പരമാവധി 15,000 രൂപ) | 1. ക്ഷീര കർഷകർ, ക്ഷീര സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നൽകാം.<br>2. ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ ക്ഷീരസംഘം/ കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം.<br>3. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 22,500) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 20 | കാലിത്തൊഴുത്തിന് വളക്കുഴിയും മൂത്രത്തൊട്ടിയും നിർമ്മാണം | ജനറൽ വിഭാഗം | 50% (പരമാവധി 25,000 രൂപ) | 1. രണ്ട് വർഷമായി കന്നുകാലികളെ വളർത്തുന്നവരായിരിക്കണം.<br>2. ചാണകവും മൂത്രവും സുരക്ഷിതമായി സംസ്കരിക്കാൻ നിലവിൽ സംവിധാനങ്ങളില്ലാത്ത കർഷകർക്ക് മുൻഗണന നൽകണം<br>3. തൊഴിലുറപ്പ് പദ്ധതികളുടെ സാധ്യത ഉപയോഗപ്പെടുത്തണം.<br>4. ചാണകവും ഗോമൂത്രവും ശേഖരിക്കുന്നതിനുള്ള വളക്കുഴിയും സിമെന്റ് തൊട്ടിയും നിർമ്മിക്കണം<br>5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 37500 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |
| 21 | കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറിഫാം<br>(സാമൂഹ്യ കന്നുകാലി വളർത്ത് സംരംഭവും മിനി ഡയറിഫാമും) | എല്ലാവിഭാഗങ്ങൾക്കും | 5,00,000 രൂപ<br>(ഓരോ യൂണിറ്റിനും) | 1. പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകേണ്ടതാണ്.<br>2. വർഗ്ഗ ഗുണമേന്മയുള്ളതും ഉത്പാദനക്ഷമത കൂടിയതുമായ (ജേഴ്സി/ എം.എഫ്) ഇനം പശുക്കളെ വളർത്താവുന്നതാണ്.<br>3. കറവയന്ത്രം, റബർമാറ്റ്, ഹാൻറ് ഷവർ (പമ്പ് സെറ്റ് ഉൾപ്പടെ), വീൽബാരോ, ഡംഗ് സ്ക്രാപ്പർ, Automatic drinker, slurry pump,, ചാഫ് കട്ടർ എന്നീ ആധുനിക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.<br>4. ചാണകവും ഗോമൂത്രവും ശാസ്ത്രീയമായി സംസ്കരിക്കണം<br>5. തീറ്റപ്പുൽ കൃഷിക്ക് കുടുംബശ്രീ, MKSP, വനിതാഗ്രൂപ്പുകളെ ചുമതല ഏൽപ്പിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 6. ഫാമിന്റെ അക്കൗണ്ടിംഗിന് Dairy Farm Managemnt Software ഉപയോഗിക്കണം.<br>7. കന്നുകാലികൾ ഉൾപ്പടെ ഫാം പൂർണ്ണമായി ഇൻഷ്വർ ചെയ്യണം<br>8. ബ്ലോക്ക് പഞ്ചായത്ത് / നഗരഭരണ സ്ഥാപന പ്രതിനിധി, നിക്ഷേപകർ തുടങ്ങിയവർ അടങ്ങുന്ന ഒരു ഫാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം.<br>9. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 22 | ഫെർട്ടിഗേഷൻ വാൻ | എല്ലാവിഭാഗങ്ങൾക്കും | യൂണിറ്റ് നിരക്ക്<br>2,50,000 രൂപ<br>സബ്സിഡി 50%<br>പരമാവധി 1,25,000 രൂപ | 1. സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ, ഡയറി ഫാമുകൾ, പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ, പ്രവാസി ഗ്രൂപ്പുകൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, വനിത ഗ്രൂപ്പുകൾ എന്നിവരെ പരിഗണിക്കാം.<br>2. മൂന്ന് ചക്ര പിക്കപ്പ് വാൻ, സിന്റക്സ് ടാങ്ക്, സ്ലറിപമ്പ് ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ വാങ്ങേണ്ടതാണ്.<br>3. ഗോമൂത്രം ശേഖരിക്കുന്നവരിൽ നിന്നും യൂസർ ഫീയും ഫെർട്ടിഗേഷൻ വാനിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരിൽ നിന്ന് ഫീസും ഈടാക്കാവുന്നതാണ്.<br>4. ഗുണഭോക്തൃ സംഘം ഡ്രൈവർ കം ഓപ്പറേറ്ററെ നിയോഗിക്കണം<br>5. ഡ്രൈവർ കം ഓപ്പറേറ്ററുടെ ശമ്പളം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, പ്രവർത്തന ചെലവ് എന്നിവ യൂസർ ഫീയിൽ നിന്നും മറ്റ് വരുമാനത്തിൽ നിന്നും കണ്ടെത്തണം.<br>6. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 23 | പാൽ സംഭരണവും വിപണനവും വാതിൽപ്പടിക്കൽ - വ്യക്തിഗതം വനിതകൾക്ക് മാത്രം | ജനറൽ വിഭാഗം | 50%<br>( പരമാവധി 65,000 രൂപ) | 1. പാൽ ശേഖരിച്ച് ആവശ്യക്കാർക്ക് വാതിൽപ്പടിയിൽ എത്തിച്ചു നൽകുക.<br>2. ഇരുചക്ര വാഹനവും രണ്ട് പാൽ ക്യാനുകളും, അളവു പാത്രങ്ങളും, പാൽ ശേഖരിക്കാനുള്ള ടാപ്പുകളും വാങ്ങി നൽകണം<br>3. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടാകണം.<br>4. വായ്പാ ബന്ധിത പ്രോജക്ട് ക്ഷീര സംഘങ്ങളുമായി സഹകരിച്ചും അല്ലാതെയും നൽകാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75%<br>(പരമാവധി 97,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100%<br>(പരമാവധി 1,30,000രൂപ) | |

| | | | | |
|---|---|---|---|---|
| | | | | 5. ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 24 | പാൽ സംഭരണവും വിപണനവും വാതിൽപ്പടിക്കൽ - വ്യക്തിഗതം - ഇരുചക്ര വാഹനം സ്വന്തമായുള്ള വനിതകൾക്ക് മാത്രം | ജനറൽ വിഭാഗം | 50% ( പരമാവധി 15,000 രൂപ) | 1 പാൽ ശേഖരിച്ച് ആവശ്യക്കാർക്ക് വാതിൽപ്പടിയിൽ എത്തിച്ച നൽകുക.<br>2 രണ്ട് പാൽ ക്യാനുകളും, അളവു പാത്രങ്ങളും, പാൽ ശേഖരിക്കാനുള്ള ടാപ്പുകളും വാങ്ങി നൽകണം<br>3 ക്ഷീര സംഘങ്ങളുമായി സഹകരിച്ചും അല്ലാതെയും നൽകാവുന്നതാണ്.<br>4 ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 22,500രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% (പരമാവധി 30,000 രൂപ) | |
| 25 | അടുക്കളമുറ്റത്തെ കോഴിവളർത്തൽ<br>(എ) അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂടില്ലാതെ) | എല്ലാ വിഭാഗങ്ങൾക്കും | യൂണിറ്റ് കോസ്റ്റ് 600 രൂപ സബ്സിഡി 100% | 1. അഞ്ചിന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴികുഞ്ഞുങ്ങൾ വരെ.<br>2. കോഴികുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവ ആയിരിക്കണം.<br>3. കാട, താറാവ്, മുതലായ വളർത്തുപക്ഷികളെയും അഞ്ചിന്റെ ഗുണിതങ്ങൾ ആയി നൽകാവുന്നതാണ്. ഇവയുടെ വില ജില്ലാതലത്തിൽ നിശ്ചയിച്ച പ്രകാരമാകണം.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | (ബി) അഞ്ച് കോഴികുഞ്ഞു ങ്ങളുടെ ഒരു യൂണിറ്റ് (കൂട് ഉൾപ്പെടെ) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 1100 രൂപ | |
| 26 | പാൽ, മുട്ട, പച്ചക്കറി ഉല്പാദന സംയോജിത പ്രൊജക്റ്റ് | ജനറൽ വിഭാഗം | 50% (പരമാവധി 50,000 രൂപ) | 1. പാൽ, മുട്ട, പച്ചക്കറി എന്നിവ ഒരു വീട്ടിൽ തന്നെ വിളയിപ്പിക്കാനുള്ള പദ്ധതി<br>2. ഒരു കറവപശു, രണ്ട് പെണ്ണാട്, 10 കോഴി എന്നിവയുമാണ് നൽകേണ്ടത്. കൂട് ഗുണഭോക്താവ് നിർമ്മിക്കണം. പച്ചക്കറി കൃഷിയും ഇതോടൊപ്പം ചെയ്യണം.<br>3. മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് ഉണ്ടാകണം - ഇതിന് പ്രത്യേകമായി 90% സബ്സിഡി നൽകാം.<br>4. 10 സെന്റിൽ കുറയാതെ ഭൂമിയുള്ളവർക്ക് മുൻഗണന.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 75,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

| | | | | |
|---|---|---|---|---|
| 27 | മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ് | ജനറൽ വിഭാഗം | 50% (പരമാവധി 50,000 രൂപ) | 1. പ്രളയ സാദ്ധ്യതാ പ്രദേശങ്ങളിലും വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലും ഉരുക്കളെ സുരക്ഷിതമായി സംരക്ഷിക്കുന്നതിന്<br>2. കോൺക്രീറ്റ് പില്ലറുകളിൽ സ്ഥാപിക്കുന്ന പ്ലാറ്റ്ഫോം, ചുറ്റും ഇരുമ്പ് വേലിയും മേൽക്കൂരയും കയറുന്നതിനുള്ള ചരിഞ്ഞ പടികൾ എന്നിവ ഉണ്ടാകണം.<br>3. വെള്ളം സ്പ്രേ (Mist Spray) ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകണം.<br>4. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.<br>5. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75% (പരമാവധി 75,000 രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100% | |

### 28. കാഫ് സാറ്റലൈറ്റ് പ്രോജക്ട്

1. വർഗ്ഗ ഗുണമുള്ളതും ഉത്പാദനശേഷിയുള്ളതുമായ ജേഴ്സി, എച്ച്.എഫ് ഇനങ്ങളിൽപ്പെട്ട 4-6 മാസം പ്രായമുള്ള കന്നുകുട്ടികളെ ഓരോ വർഷവും 100 എണ്ണം വീതം സംസ്ഥാനത്തിന് പുറത്തു നിന്നോ സംസ്ഥാന സർക്കാരിന്റെ ഇതര ഫാമുകളിൽ നിന്നോ വാങ്ങി, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഫാമുകളിൽ 6 മുതൽ 8 മാസം വളർത്തി, ഒരു വർഷം പ്രായമാകുമ്പോൾ കർഷകർക്ക് (സർക്കാർ ഫാമുകളിലെ വിലയ്ക്ക്) നൽകുന്നതാണ് പദ്ധതി.
2. കന്നുകുട്ടികളുടെ വില, കടത്തുകൂലി, ഇൻഷ്വറൻസ്, തീറ്റച്ചെലവ്, മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ തുകയ്ക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.
3. കന്നുകുട്ടി വിതരണ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തണം.
4. 15 ലക്ഷം രൂപ വരെ ചെലവഴിക്കാം
5. ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

### 29. ഗോട്ട് ബ്രീഡിംഗ് യൂണിറ്റ് (ആട് പ്രജനന യൂണിറ്റ്)

1. ഗുണമേന്മയും വർഗ്ഗഗുണമുള്ളതുമായ ആട്ടിൻകുട്ടികളുടെ സംരക്ഷണം, പാൽ വിതരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം എന്നിവയാണ് ഈ പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.
2. സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ/ ക്ഷീര സഹകരണ സംഘങ്ങൾ/വനിത, സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ/ പ്രവാസി ഗ്രൂപ്പുകൾ/പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവർക്ക് നടപ്പാക്കാം.
3. ഒരു യൂണിറ്റിന് 1,00,000 രൂപ വീതം സബ്സിഡിയായി നൽകാം.
4. 19 പെണ്ണാടും ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളുള്ള യൂണിറ്റ് ആയിരിക്കണം.ആടുകൾ പ്രസവിച്ചതോ/ഗർഭിണിയോ ആയിരിക്കണം (ഒന്നിലധികം പ്രസവിച്ചതാകരുത്).
5. തെരഞ്ഞെടുക്കുന്ന എല്ലാ ഗ്രൂപ്പുകൾക്കും ആട് വളർത്തലിൽ പരിശീലനം നൽകണം
6. സംസ്ഥാനത്തിന് പുറത്തു നിന്ന് ആടിനെ വാങ്ങുന്നവർക്ക് മുൻഗണന നൽകാവുന്നതാണ്.
7. ഓരോ ഗ്രൂപ്പിൽ നിന്നും മൂന്നുപേരടങ്ങുന്ന ഒരു ടീമിനെ നാമനിർദ്ദേശം ചെയ്ത് തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർമാനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സമിതി രൂപീകരിക്കണം
8. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്

30. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വാങ്ങി നൽകുന്ന കറവയുള്ള പശു, എരുമ എന്നിവയുടെ വായ്പാപലിശ സബ്സിഡി ഖണ്ഡിക 6.5.2 (ബി) (2) (i) നിബന്ധനകൾക്ക് വിധേയമായി നൽകാവുന്നതാണ്.

**31. ജന്തുജന്യ രോഗങ്ങളും രോഗവ്യാപനവും തടയാൻ നടപടി.**

വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും രോഗപ്രതിരോധവും ചികിത്സയും മരുന്നുകളുടെ ലഭ്യതയും വർദ്ധിപ്പിക്കാനും തുടർച്ചയായ ജാഗ്രത പാലിക്കാനുമുള്ള പ്രോജക്ട്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സംയുക്തമായി ജില്ലയിലാകമാനം നടത്തേണ്ടുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ വർഷാരംഭത്തിൽ തയ്യാറാക്കണം. പ്രാദേശിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ താൽക്കാലിക വാക്സിനേറ്റർമാരെ നിയോഗിക്കണം. ജന്തുജന്യരോഗങ്ങളായ റാബിസ്, ആന്ത്രാക്സ്, ബ്രൂസല്ല, ലെപ്റ്റോസ്പൈറോസിസ്, നിപ്പ, ഏവിയൻ ഇൻഫ്ളുവൻസ മുതലായവയും മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കുന്ന മറ്റ് രോഗ പ്രതിരോധ പ്രവർത്തനവും ഈ പ്രോജക്ടിന്റെ പരിധിയിൽ വരും.

**32 വെറ്ററിനറി മരുന്നുകൾ**

വെറ്റിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺഅവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങി നൽകാവുന്നതാണ്.

**33 പൊതുനിർദ്ദേശങ്ങൾ**

1. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ ഉല്പാദനം, മൂല്യവർദ്ധനവ്, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും ഖണ്ഡിക 6.3-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ആട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുകുട്ടി, ഗർഭിണി കിടാരി, മുട്ടകോഴി, കാട, താറാവ്, മുയൽ, പന്നി മുതലായവയുടെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷുറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല. അവ ഗുണഭോക്താക്കൾ വഹിക്കണം.

3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷയായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ/പക്ഷികളെ വാങ്ങുന്നത് അനുവദനീയമല്ല.

4. ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത്, അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.

5. ക്ഷീരസംഘങ്ങൾ എന്നുള്ളത് കേരളസഹകരണസംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളും ക്ഷീര വികസന വകുപ്പ് അംഗീകരിച്ച സംഘങ്ങളുമാണ്.

6. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ഗുണഭോക്താക്കളെ മൃഗാശുപത്രിയിലെ കന്നുകുട്ടി ജനനരജിസ്റ്ററിൽ രേഖപ്പെടുത്തി, ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ/വാർഡ് സഭ നിർദ്ദേശിക്കുന്ന കൂട്ടിച്ചേർക്കലുകൾ കൂടി ഉൾപ്പെടുത്തി അത് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.

# 6.4 മത്സ്യ മേഖല

**(എ) സമുദ്ര മേഖല**

| ക്രമ നം | ഇനം | യൂണിറ്റ് വില/ പരമാവധി പരിധി | സബ്സിഡി/ പരമാവധി പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | ഫൈബർ റീ എൻഫോഴ്സ്ഡ് (എഫ്.ആർ.പി) കട്ടമരം/ചെറിയ തടി വള്ളം | 50,000 രൂപ | യൂണിറ്റ് വിലയുടെ 75% (പരമാവധി 37,500 രൂപ) | 1. മുഴുവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>2. സ്വന്തമായി മറ്റ് മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്തവർ<br>3. എഫ്.ആർ.പി കട്ടമരത്തിന്റെ നിർമ്മാണം ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>4. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.<br>5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യതൊഴിലാളികൾക്ക് മുൻഗണന<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 2 | പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകൽ | 20,000 രൂപ | യൂണിറ്റ് വിലയുടെ 75% (പരമാവധി 15,000 രൂപ) | 1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെയോ കട്ടമരത്തിന്റെയോ ഉടമസ്ഥനും ആയിരിക്കണം.<br>2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.<br>3. നാല് വർഷത്തിൽ ഒരിക്കൽ മാത്രമെ ഈ സഹായം ലഭിക്കുകയുള്ളൂ.<br>4. മത്സ്യഫെഡിന്റെ വ്യാസാ സ്റ്റോറിൽ നിന്നും വാങ്ങേണ്ടതാണ്.<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 3 | 15 മീറ്റർ ഒ.എ.എൽ അധികരിക്കാത്ത എഫ്.ആർ.പി/ മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയവല വാങ്ങുന്നതിന് | 60,000 രൂപ | യൂണിറ്റ് വിലയുടെ 75% (പരമാവധി 45,000 രൂപ) | 1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും ലൈസൻസുമുള്ള (റിയൽ ക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയരിക്കണം.<br>2. വലയും അനുബന്ധ സാമഗികളും വാങ്ങി നൽകേണ്ടതാണ്<br>3. നാല് വർഷത്തിൽ ഒരിക്കൽ മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹത<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ്/ ഐസ് ഹോൾഡിംഗ് പെട്ടികൾ വാങ്ങുന്നതിന് | 30,000 രൂപ | യൂണിറ്റ് വിലയുടെ 75%<br>( പരമാവധി 22,500 രൂപ) | 1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയിരിക്കണം<br>2. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രമാണ് ആനുകൂല്യത്തിന് അർഹത<br>3. 200 മുതൽ 500 കിലോഗ്രാം വരെ മത്സ്യം ഉൾക്കൊള്ളാവുന്ന ഫിഷ്/ ഐസ് ഇൻസുലേറ്റഡ് ഹോൾഡിംഗ് പെട്ടികൾ ഒരു എഫ്.ആർ.പി ബോട്ടിന് പരമാവധി ഒരെണ്ണം നൽകാം.<br>4. പട്ടികജാതി./പട്ടികവർഗ്ഗ മത്സ്യതൊഴിലാളികൾക്ക് മുൻഗണന<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

**(ബി) ഉൾനാടൻ മത്സ്യമേഖല**

| | | | | |
|---|---|---|---|---|
| 1 | മത്സ്യബന്ധന വള്ളവും വലയും | 60,000 രൂപ | എല്ലാ വിഭാഗങ്ങൾക്കും<br>യൂണിറ്റ് വിലയുടെ 75%<br>(പരമാവധി 45,000 രൂപ) | 1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത ഫിഷിംഗ് ലൈസൻസ് ഉള്ളയാളുമായിരിക്കണം.<br>2. നിലവിൽ മത്സ്യബന്ധന വള്ളം ഇല്ലാതിരിക്കണം<br>3. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.<br>4. എട്ട് വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത<br>5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 2 | മത്സ്യബന്ധന വല | 20,000 രൂപ | ജനറൽ വിഭാഗം / പട്ടികജാതി വിഭാഗം<br>യൂണിറ്റ് വിലയുടെ 75 %<br>പരമാവധി 15,000 രൂപ<br>പട്ടികവർഗ്ഗ വിഭാഗം 100 % | 1. ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥർ ആയിരിക്കണം.<br>2. വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.<br>3. നാല് വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത<br>4. പട്ടികജാതി./പട്ടികവർഗ്ഗ മത്സ്യത്തൊലാളികൾക്ക് മുൻഗണന<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | കൂടിലെ മത്സ്യകൃഷി | യൂണിറ്റ് കോസ്റ്റ് 40,000 രൂപ<br>(6x4x1.25 മീറ്റർ വലിപ്പമുള്ള 2 കൂടുകളുള്ള ഒരു യൂണിറ്റിന്) | ജനറൽ വിഭാഗം 40%<br>പട്ടികജാതി വിഭാഗം 75%<br>പട്ടികവർഗ്ഗ വിഭാഗം 100% | 1. ഗുണഭോക്താവ് കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി വാങ്ങിയിരിക്കണം.<br>2. ചെലവുകളുടെ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത ശേഷം തുക നൽകണം<br>3. സംരംഭക ഗ്രൂപ്പുകൾ/സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി രണ്ട് യൂണിറ്റ് വരെ നൽകാം<br>4. ഈ സഹായം ഒരു തവണ മാത്രമേ നൽകാവൂ.<br>5. പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യതൊഴിലാളി വിഭാഗത്തിനും വനിതാ ഗ്രൂപ്പിനും മുൻഗണന നൽകണം.<br>6. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 4 | വനിതകൾക്ക് അലങ്കാര മത്സ്യവിത്തുല്പാദനവും വളർത്തലും | യൂണിറ്റ് ചെലവ് 50,000 രൂപ | ജനറൽ വിഭാഗം 40%<br>പട്ടികജാതി വിഭാഗം 75%<br>പട്ടികവർഗ്ഗ വിഭാഗം 100% | 1. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശ രേഖ/ ഉടമസ്ഥാവകാശ രേഖ/അനുമതി ഹാജരാക്കണം<br>2. ഭൂമി വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കാവുന്നതല്ല.<br>3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 5 | ചിപ്പി വളർത്തൽ/കായൽ മുരിങ്ങ കൃഷി | ഒരു റാക്കിന് 15,000രൂപ<br>(മുളകൊണ്ടുണ്ടാക്കിയ 5x5 മീറ്റർ വിസ്തീർണ്ണ മുളള റാക്കിന്) | ജനറൽ വിഭാഗം 40%<br>(പരമാവധി 6,000 രൂപ)<br>പട്ടികജാതി വിഭാഗം 75%<br>(പരമാവധി 11,250 രൂപ)<br>പട്ടികവർഗ്ഗ വിഭാഗം 100% | 1. ഗുണഭോക്താവ് കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം അനുമതി വാങ്ങിയിരിക്കണം<br>2. ബയോഫെൻസിംഗ് കുളത്തിൽ ഏർപ്പെടുത്തിയിരിക്കണം<br>3. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പരമാധി ഒരു യൂണിറ്റും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പരമാവധി പത്ത് യൂണിറ്റും നൽകാം.<br>4. ഒരു ഗുണഭോക്താവിന് മൂന്ന് വർഷത്തിൽ ഒരു തവണ മാത്രം<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 6 | ഒരു നെല്ലും ഒരു മീനും പദ്ധതി<br>(എല്ലാ വിഭാഗങ്ങൾക്കും) | ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ<br>13,000 രൂപ/ഹെക്ടർ<br>(മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി) | എല്ലാ വിഭാഗങ്ങൾക്കും<br>യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി | 1. ഗുണഭോക്താക്കൾക്ക് കേരള ഇൻലാന്റ് ഫിഷറീസ് & അക്വാകൾച്ചർ ലൈസൻസ്/രജിസ്ട്രേഷൻ വേണം<br>2. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശം/ ഉടമസ്ഥാവകാശ രേഖകൾ/അനുമതി ഹാജരാക്കണം<br>3. ഈ സഹായം ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>4. ഒരു വിളയായി നെൽ കൃഷി പാടശേഖരത്തിൽ ചെയ്തിരിക്കണം.<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.. |
| | | ഇൻപുട്ട് സബ്സിഡി<br>ഹെക്ടറിന് പരമാവധി 70,000 രൂപ.<br>(മത്സ്യകുഞ്ഞുങ്ങളുടെ വില, വളം, ഉടങ്ങിയവ) | എല്ലാ വിഭാഗങ്ങൾക്കും<br>യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി | |
| 7 | പൊക്കാളിപ്പാടത്തെ ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി. | ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ<br>1.7 ലക്ഷം രൂപ/ഹെക്ടർ | എല്ലാ വിഭാഗങ്ങൾക്കും<br>യൂണിറ്റ് ചെലവിന്റെ 40 % സബ്സിഡി | 1. പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശ രേഖ/ ഉടമസ്ഥാവകാശ രേഖ/ അനുമതി ഹാജരാക്കണം. കാർഷിക സംഘങ്ങൾക്ക് നൽകാം.<br>2. ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശ ഭരണസ്ഥാപനത്തിലെ എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം.<br>3. ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>4. ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>5. ഒരു വിളയായി നെൽ കൃഷി പാടശേഖരത്തിൽ ചെയ്തിരിക്കണം.<br>6. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | ഇൻപുട്ട് സബ്സിഡി.<br>ഹെക്ടറിന് പരമാവധി 3 ലക്ഷം രൂപ. (മത്സ്യ കുഞ്ഞുങ്ങളുടെ വില, രോഗ നിയന്ത്രണ മാർഗ്ഗങ്ങളുടെ ചിലവ്, തീറ്റ, വളം,ഉടങ്ങിയവ) | എല്ലാ വിഭാഗങ്ങൾക്കും<br>യൂണിറ്റ് ചെലവിന്റെ 40 % സബ്സിഡി | |
| 8 | മത്സ്യ കൃഷിയ്ക്ക് ആവശ്യമായ സംരക്ഷണ വല | ഹെക്ടറിന് പരമാവധി 25,000- രൂപ | എല്ലാ വിഭാഗങ്ങൾക്കും<br>വിലയുടെ 40%<br>(പരമാവധി 10,000/-രൂപ) | 1. ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>2. വല വാങ്ങി നൽകേണ്ടതാണ്.<br>3. ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>4. പട്ടികജാതി./പട്ടികവർഗ്ഗം രജിസ്റ്റേർഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 9 | റിസർവോയറുകളിൽ മത്സ്യബന്ധന വല/ ബാംബൂ റാഫ്റ്റ്/ കുട്ടവഞ്ചി | പരമാവധി<br>15,000/- രൂപ | 100% സബ്സിഡി | 1. പട്ടികവർഗ്ഗം വിഭാഗക്കാർക്ക് മാത്രം<br>2. വലയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | അക്വാ ടൂറിസം സംരംഭങ്ങൾ<br>മത്സ്യ കൃഷി മാതൃകകൾ<br>ഗ്രാമീണ കാർഷിക വ്യവസായിക മ്യൂസിയങ്ങൾ | യഥാർത്ഥ ചെലവ് | | യൂണിറ്റ് ചെലവിന്റെ 100% | | | | 1. മത്സ്യകൃഷി മാതൃകകൾ, ബോട്ടിംഗ്, ആംഗ്ലിംഗ്, മ്യൂസിയം, പബ്ലിക്ക് അക്വേറിയം, മത്സ്യ മ്യൂസിയം, ലൈവ് ഫിഷ് മാർക്കറ്റ് തുടങ്ങിയവയോടൊപ്പം പരമ്പരാഗത ഗ്രാമീണ കാർഷിക വ്യവസായിക മാതൃകകളും അവയുടെ മ്യൂസിയങ്ങളും സ്ഥാപിക്കുക<br>2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതു ജലാശയങ്ങളും ഇതിനായി ഉപയോഗിക്കാം.<br>3. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കൺസൾട്ടൻസി സഹായം സ്വീകരിക്കാവുന്നതും സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതുമാണ്<br>4. ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. |
| 11 | | വിഭാഗവും സബ്സിഡിയും | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി<br>തദ്ദേശ ഭരണ സ്ഥാപനം | പരമാവധി സബ്സിഡി<br>ഫിഷറീസ് വകുപ്പ് | പരമാവധി സബ്സിഡി<br>ആകെ | ഗുണഭോക്തൃ വിഹിതം /വായ്പ | 1. 20 ച.മീറ്റർ (അര സെന്റ് വിസ്തീർണ്ണമുള്ള കുളം, 75 സെ.മി. ആഴത്തിൽ കുഴി എടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 75 സെ.മി. ഉയരത്തിൽ ബണ്ട് രൂപീകരിച്ചശേഷം (ആകെ 150 സെ.മി) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ടൊരുക്കൽ, 125 സെ.മി ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല/വേലി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്താം.<br>2. കുളം കുഴിക്കുന്നതിന് 4,000 രൂപയും പോളിത്തീൻ ഷീറ്റ്, അനുബന്ധ സാമഗ്രികൾ, വാട്ടർ പമ്പ്, വെഞ്ചുറി പമ്പ്, സംരക്ഷിത വല, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് 16,000 രൂപയും<br>3. ആവശ്യമായ മത്സ്യവിത്ത് ഫിഷറീസ് വകുപ്പിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്.<br>4. ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് മാത്രമേ അനുവദിക്കാവൂ.<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | മുറ്റത്തൊരു മീൻതോട്ടം | ജനറൽ വിഭാഗം 40% | 20,000 | 8,000 | -- | -- | 12,000 | |
| | | പട്ടികജാതി വിഭാഗം 75% | 20,000 | 15,000 | -- | -- | 5,000 | |
| | | പട്ടികവർഗ്ഗ വിഭാഗം 100% | 20,000 | 20,000 | -- | -- | ഇല്ല | |
| 12 | വീട്ടുവളപ്പിൽ/ പടുതാക്കുളത്തിലെ മത്സ്യകൃഷി | ജനറൽ വിഭാഗം 40 % | 123,000 | 29,600 | 19,600 | 49,200 | 73,800 | 1. 80 ചതുരശ്രമീറ്റർ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം, 40 സെ.മി ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മീ) കുളത്തിൽ പടുതവിരിക്കൽ, 125 സെന്റീമീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1000 മത്സ്യ |
| | | പട്ടികജാതി | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | വിഭാഗം<br>75% | 1,23,000 | 55,500 | 36,750 | 92,250 | 30,750 | കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.<br>എ) അടിസ്ഥാന സൗകര്യ വികസനം 74,000രൂപ (കുളം കുഴിക്കൽ 18,400രൂപ, പോളിത്തീൻഷീറ്റും അനുബന്ധ സാമഗ്രികളും 38,000 രൂപ, വാട്ടർ പമ്പ്, വെഞ്ചുറിപമ്പ്, സുരക്ഷിതവല, മറ്റ് ഉപകരണങ്ങൾ 17,600)<br>ബി) പ്രവർത്തന ചെലവുകൾ 49,000 (മത്സ്യവിത്ത് 6000 രൂപ, തീറ്റ 41,000 രൂപ, മെഡിസിൻ 2000 രൂപ)<br>സി) ഒരു ഗുണഭോക്താവിന് പരമാവധി നാലു യൂണിറ്റ് വരെ അനുവദിക്കാം<br>2. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികവർഗ<br>വിഭാഗം<br>100 % | 1,23,000 | 74,000 | 49,000 | 1,23,000 | ഇല്ല | |
| 13 | ബയോഫ്ലോക്ക് അക്വാകൾച്ചർ | ജനറൽ<br>വിഭാഗം<br>(സബ്സിഡി<br>40 % | 1,38,000 | 36800 | 18400 | 55,200 | 82800 | 1. 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി ആവരണം ചെയ്ത എച്ച്. ഡി.പി.ഇ ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ.മീ വലിപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.<br>എ. മൂലധനചെലവ്– 92,000 രൂപ (ടാങ്ക് -35,000 രൂപ, മേൽക്കൂര - 5500 രൂപ വൈദ്യുതീകരണം, പ്ലംബിംഗ്, എയർ പമ്പ്, ജനറേറ്റർ, മറ്റ് സൗകര്യങ്ങൾ - 51,400,രൂപ)<br>ബി. പ്രവർത്തന ചെലവുകൾ 46,000 രൂപ (മത്സ്യക്കുഞ്ഞ് 10000 രൂപ, തീറ്റ 23,300 രൂപ, മരുന്ന് മറ്റുചെലവുകൾ 12,700 രൂപ<br>സി. ഒരു ഗുണഭോക്താവിന് പരമാവധി നാലു യൂണിറ്റുകൾ വരെ അനുവദിക്കാം<br>1. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി<br>വിഭാഗം<br>(സബ്സി<br>ഡി<br>75 % | 1,38,000 | 69,000 | 34,500 | 1,03,500 | 34,500 | |
| | | പട്ടികവർഗ്ഗ<br>വിഭാഗം<br>(സബ്സി<br>ഡി<br>100 % ) | 1,38,000 | 92,000 | 46,000 | 1,38,000 | ഇല്ല | |

### 13 A. മുറ്റത്തൊരു മീൻതോട്ടം, വീട്ടുവളപ്പിൽ /പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, - പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

1. മത്സ്യക്കൃഷിയിൽ താല്പര്യമുള്ളതും സ്ഥല സൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർ ഗുണഭോക്താക്കളാകാം.
2. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.
3. സാങ്കേതിക വിശദാംശങ്ങളുടെ സർക്കുലർ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.
4. കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതികളിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യണം. ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ തുക അനുവദിച്ചിരിക്കുന്ന സബ്സിഡി നിരക്കിൽ നൽകണം. കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നിർവഹിക്കുന്ന പക്ഷം ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
5. സാധനസാമഗ്രികൾ, മത്സ്യക്കുഞ്ഞുങ്ങൾ മുതലായവ സർക്കാർ ഏജൻസികളായ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) എന്നിവയിൽ നിന്നോ കാർഷിക / ക്ഷീര/മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. അല്ലാത്ത പക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാം.
6. സബ്സിഡി തുക യൂണിറ്റിന്റെ നിർവഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിക്കാവുന്നതാണ്.
7. മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം.

### 14.മത്സ്യ വിത്തുകൾ നിക്ഷേപിക്കൽ

പട്ടികജാതി/പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യബന്ധനം നടത്തുന്ന പൊതു റിസർവ്വോയറുകളിലും 5 മുതൽ 10 ഹെക്ടർ വരെ വിസ്തൃതിയുള്ള പൊതു ജലാശയങ്ങളിലും മത്സ്യ വിത്തുകൾ നിക്ഷേപിക്കുന്ന പ്രോജക്ട് ഫിഷറീസ് വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നടപ്പാക്കാവുന്നതാണ്.

### 15.ഉൾനാടൻ മത്സ്യക്കടവുകൾ

നിലവിൽ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളില്ലാത്തതും ധാരാളം മത്സ്യബന്ധന യാനങ്ങളും മത്സ്യത്തൊഴിലാളികളും ഉള്ള സ്ഥലങ്ങളിൽ ഉൾനാടൻ മത്സ്യക്കടവുകൾ നിർമ്മിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. വിശദമായ പ്രോജക്ട് എസ്റ്റിമേറ്റ് തദ്ദേശഭരണ വകുപ്പ് എഞ്ചിനീയർ തയ്യാറാക്കേണ്ട താണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായും ഇത് എടുക്കാവുന്നതാണ്.

(സി ) മത്സ്യവിപണനം – സമുദ്ര/ഉൾനാടൻ മേഖല

| ക്രമ നം. | ഇനം | ചെലവ്/നിരക്ക് | സബ്സിഡി പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ (ഗ്രൂപ്പ് സംരംഭം) | 75,000 | ജനറൽ വിഭാഗം 50 %<br>പട്ടികജാതി വിഭാഗം 50 %<br>പട്ടികവർഗ്ഗ വിഭാഗം 50 % | 1. എല്ലാ മത്സ്യതൊഴിലാളി വിഭാഗക്കാർക്കും ആനുകൂല്യം നൽകാം.<br>2. ശീതീകരണ സംവിധാനത്തോടുകൂടിയ ആധുനിക മത്സ്യ വിപണന സംവിധാന സംരംഭം<br>3. ICAR-CIFT വികസിപ്പിച്ചിട്ടുള്ള ചക്രങ്ങളോടുകൂടിയ മൊബൈൽ യൂണിറ്റും. കുറഞ്ഞത് 100 kg മത്സ്യവും 20 kg ഐസും നിറക്കാവുന്നതും ശീതീകരണ സംവിധാനവും ഇൻസുലേറ്റ് ചെയ്ത ഐസ് പെട്ടിയും ഉൾപ്പടെയുള്ളത്.<br>4. കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്ന മത്സ്യത്തിന്റെ ചെതുമ്പൽ നീക്കം ചെയ്യുന്ന യന്ത്രം, മീൻ മുറിക്കാനും വൃത്തിയാക്കാനുമുള്ള സംവിധാനങ്ങൾ, മാലിന്യശേഖരണ സംവിധാനം ഉൾപ്പടെയുള്ളത്.<br>5. രജിസ്റ്റേർഡ് മത്സ്യതൊഴിലാളിയും അനുബന്ധ തൊഴിലാളിയും ചേർന്നതോ/അല്ലാത്തതോ ആയ (സ്ത്രീ/പുരുഷൻ)രണ്ട് പേരുള്ള ഗ്രൂപ്പിന് നൽകാവുന്നതാണ്.<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 2 | ലൈവ് ഫിഷ് മാർക്കറ്റുകൾ (2 പോർട്ടബിൾ പ്ലാസ്റ്റിക്ക് പൂൾ, എയിറേഷൻ & വാട്ടർ എക്സേഞ്ച് ഫെസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസിംഗ് ഫെസിലിറ്റി തുടങ്ങിയവ) | പരമാവധി 5 ലക്ഷം രൂപ | ജനറൽ വിഭാഗം യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി<br>പട്ടികജാതി വിഭാഗം/ പട്ടികവർഗ്ഗ വിഭാഗം യൂണിറ്റ് ചെലവിന്റെ 75% | 1. ഭൂമി വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കുന്നതല്ല.<br>2. ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം<br>3. ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 3 | മത്സ്യവിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം | 3,500 രൂപ | യൂണിറ്റ് വിലയുടെ 50% (പരമാവധി 1750/- രൂപ) | 1. രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക്<br>2. മത്സ്യഫെഡ് വ്യാസാസ്റ്റോറിൽ നിന്നും ഐസ് ബോക്സ് വാങ്ങണം<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യോല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കലും പരിശീലനവും<br>(ഫിഷ് കട് ലറ്റ്, റോൾ, സമോസ, ലോലിപോപ്പ്, അച്ചാറുകൾ തുടങ്ങിയവ) | പരിശീലനം (20 പേരുള്ള ഒരു ഗ്രൂപ്പിന് )<br>2 ലക്ഷം രൂപ.<br>തീരദേശ വികസന കോർപ്പറേഷൻ വഴി പരിശീലനം നല്കാവുന്നതാണ് | യൂണിറ്റ് ചെലവിന്റെ 100% | 1. വനിതാ മത്സ്യത്തൊഴിലാളി/ വനിതാ അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ, മത്സ്യത്തൊഴിലാളി വനിതാ എസ്.എച്ച്.ജി.കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 2 പേർ<br>2. ഗുണഭോക്തൃ സംഘങ്ങൾ/ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതവും പ്രവർത്തന, റിപ്പയർ ചെലവുകളും വഹിക്കണം<br>3. പരിശീലനം സർക്കാർ അംഗീകൃത സ്ഥാപനം/ഏജൻസി മുഖേന സംഘടിപ്പിക്കണം.<br>4. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | യൂണിറ്റ് സ്ഥാപിക്കൽ<br>3 ലക്ഷം രൂപ | യൂണിറ്റ് ചെലവിന്റെ 50 % | |
| 5 | മത്സ്യവിൽപ്പനയ്ക്കായി ഓട്ടോറിക്ഷ - ഐസ് ബോക്സ് (100 ലിറ്ററിന്റെ 4 എണ്ണം) സഹിതം | എല്ലാ വിഭാഗങ്ങൾക്കും | ഓട്ടോറിക്ഷ –<br>60,000 രൂപ<br>ഐസ് ബോക്സ് പരമാവധി<br>11,250 രൂപ | 1. മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ/ഗ്രൂപ്പുകൾ, പുരുഷ/വനിതാ എസ്.എച്ച്.ജി.കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 2 പേർ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ.<br>2. ഡ്രൈവിങ്ങ് ലൈസൻസ് ഉള്ളവരായിരിക്കണം.<br>3. ഇലക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്കു പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുയായ 30,000/- രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്. വാഹനം രജിസ്റ്റർ ചെയ്തതിനു ശേഷം മോട്ടോർ വാഹന വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം.<br>4. ഇലക്ട്രിക് ഓട്ടോറിക്ഷ, സ്കൂട്ടർ എന്നിവ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ, കേരള നൽകുന്നതാണ്.<br>5. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ.<br>6. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 6 | മത്സ്യവിൽപ്പനയ്ക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും വിതരണം | 80,000 രൂപ | യൂണിറ്റ് വിലയുടെ 50% (പരമാവധി 40,000 ) | 1. ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളി (പുരുഷ/സ്ത്രീ) ആയിരിക്കണം.<br>2. പട്ടികജാതി./പട്ടികവർഗ്ഗം/ മത്സ്യ തൊഴിലാളി വിഭാഗത്തിന് മുൻഗണന<br>3. ഡ്രൈവിങ്ങ് ലൈസൻസ് ഉണ്ടായിരിക്കണം.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

കുറിപ്പ് – മത്സ്യ മേഖലയിലെ ഉല്പാദനം, സേവന സംവിധാനങ്ങൾ എന്നിവയിലധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.4-ലെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെങ്കിൽ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ഖണ്ഡിക 6.5-ൽ പ്രതിപാദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

# 6.5 പ്രാദേശിക സാമ്പത്തിക വികസനം

6.5.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED Plan) കൂടി 2022–23 മുതൽ തയ്യാറാക്കേണ്ടതുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

6.5.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി/ ധനസഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) സ്വയംതൊഴിൽ സംരംഭങ്ങൾ**

| **ക്രമ നമ്പർ** | **ഇനം** | **കാറ്റഗറി** | **സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി** | **മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ** |
|---|---|---|---|---|
| 1 | സ്വയം തൊഴിൽ (വ്യക്തിഗതം) | ജനറൽ വിഭാഗം | 50% (പരമാവധി 60,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br>2. പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്<br>3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.<br>4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.<br>5. വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. നഗരണ ഭരണ സ്ഥാപനങ്ങളിൽ മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്.<br>6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം | 75% (പരമാവധി 90,000 രൂപ) | |
| 2. | സ്വയം തൊഴിൽ (വനിതാ വ്യക്തിഗതം) | എല്ലാ വിഭാഗങ്ങൾക്കും | 75% (പരമാവധി 90,000 രൂപ) | |

| | | | | |
|---|---|---|---|---|
| 3 | സ്വയംതൊഴിൽ (ഗ്രൂപ്പ് സംരംഭങ്ങൾ) | ജനറൽ വിഭാഗം | 50%<br>(പരമാവധി 2,50,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. കുറഞ്ഞത് രണ്ടു പേരെങ്കിലുമുള്ള ഗ്രൂപ്പ് ആയിരിക്കണം.<br>3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.<br>4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.<br>5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തു കളിലും നഗര ഭരണ സ്ഥാപനങ്ങളിലും മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ) എന്നിവർ സമിതി അംഗങ്ങളായിരിക്കും.<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി/<br>പട്ടികവർഗ്ഗ വിഭാഗം | 75%<br>(പരമാവധി 3,75,000 രൂപ) | |
| 4 | സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ) | എല്ലാ വിഭാഗങ്ങൾക്കും | 75%<br>(പരമാവധി 3,75,000 രൂപ) | |
| 5. | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം (വ്യക്തിഗതം) | ജനറൽ വിഭാഗം | 60%<br>(പരമാവധി 72,000 രൂപ) | 1. അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ, വൈക്കോൽ, തഴ, തടി,ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം, കയർ പിരിക്കൽ/കരകൗശല പ്രവൃത്തികൾ മുതലായ തൊഴിലുകൾ ചെയ്യുന്നവരായിരിക്കണം)<br>2. മുകളിൽ ഇനം 1 ലും 2 ലും പറഞ്ഞ ധനസഹായം ലഭിക്കുന്നവർ ആകരുത്<br>3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.<br>4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. |
| | | പട്ടികജാതി /<br>പട്ടികവർഗ്ഗ വിഭാഗം | 75%<br>(പരമാവധി 90,000 രൂപ) | |

| | | | | |
|---|---|---|---|---|
| | | | | 5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. നഗരണ ഭരണ സ്ഥാപനങ്ങളിൽ മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്.<br>6. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 6. | പരമ്പരാഗത കൈത്തൊഴിലുകളുടെ ഗ്രൂപ്പ് സംരംഭം | ജനറൽ വിഭാഗം | 60% (പരമാവധി 3,00,000 രൂപ) | 1. ഇനം 5-ലെ വ്യവസ്ഥകൾ ബാധകം<br>2. കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പായിരിക്കണം<br>3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.<br>4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.<br>5. വായ്പാബന്ധിതമല്ലെങ്കിൽ സംരഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തിലിനായി നിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തു കളിലും നഗരണ ഭരണ സ്ഥാപനങ്ങളിലും മേല്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫിസറെ കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം), ജില്ലാ മിഷൻ കോഓർഡിനേറ്റർ (കുടുംബശ്രീ) എന്നിവർ സമിതി അംഗങ്ങളായിരിക്കും.<br>6. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | 75% (പരമാവധി 3,75,000 രൂപ) | |
| 7 | പരമ്പരാഗത കൈത്തൊഴിലുകളുടെ വനിത ഗ്രൂപ്പ് സംരംഭം | എല്ലാ വിഭാഗങ്ങൾക്കും | 75 % (പരമാവധി 3,75,000 രൂപ) | |

| | | | | |
|---|---|---|---|---|
| 8 | ഓട്ടോ റിക്ഷ/ പിക് അപ്പ് ഓട്ടോറിക്ഷ (ടാക്സി) (വ്യക്തിഗതം) | ജനറൽ വിഭാഗം | 50,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം<br>3. വാഹനം ലഭിക്കുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമാക്കിയിരിക്കണം.<br>4. പ്രവാസികൾക്ക് മുൻഗണന നൽകണം<br>5. 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണം.<br>6. ഇല്ക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്കു പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ 30,000 രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്. വാഹനം രജിസ്റ്റർ ചെയ്തതിനു ശേഷം മോട്ടോർ വാഹന വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം.<br>7. ഇലക്ട്രിക് ഓട്ടോറിക്ഷ, സ്കൂട്ടർ എന്നിവ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ, കേരള നൽകുന്നതാണ്.<br>8. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ.<br>9. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.<br>10. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 60,000 രൂപ | |
| | | പട്ടികവർഗ്ഗ വിഭാഗം | 75,000 രൂപ | |
| 9 | ഓട്ടോറിക്ഷ (വനിത വ്യക്തിഗതം) | ജനറൽ /പട്ടികജാതി വിഭാഗം | 60,000 രൂപ | |
| | | പട്ടികവർഗ്ഗ വിഭാഗം | 75,000 രൂപ | |
| 10 | സ്വയം തൊഴിലിന് ഇരുചക്ര വാഹനം (മോട്ടോർ സൈക്കിൾ, സ്കൂട്ടർ) | എല്ലാ വിഭാഗങ്ങൾക്കും | മോട്ടോർ സൈക്കിൾ/ സ്കൂട്ടർ വിലയുടെ 50% പരമാവധി 50,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം |

| | | | | |
|---|---|---|---|---|
| | | | | 3. നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>4. ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം.<br>5. പ്രവാസികൾക്ക് മുൻഗണന നൽകണം<br>6. ഇലക്ട്രിക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.<br>7. ഇലക്ട്രിക് ഇരുചക്ര വാഹനത്തിന് പരമാവധി 5,000 രൂപ വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്.<br>8. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.<br>9. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 11 | സ്വയം തൊഴിലിന് ടാക്സികാർ, പിക് അപ്പ് വാൻ (വ്യക്തിഗതം) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 1,00,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br>2. ഡ്രൈവിംഗ് ലൈസൻസ്/ബാഡ്ജ് ഉള്ളവർക്ക് അപേക്ഷിക്കാം.<br>3. നിലവിൽ നാലു ചക്ര/ആറു ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>4. പ്രവാസികൾക്ക് മുൻഗണന നൽകണം<br>5. 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണം<br>6. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.<br>7. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്.<br>8. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 12 | സ്വയം തൊഴിലിന് ടാക്സികാർ, പിക് അപ് വാൻ (വനിത വ്യക്തിഗതം) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 1,20,000 രൂപ | |

| | | | | |
|---|---|---|---|---|
| 13 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 60,000 രൂപ | 1. കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്.<br>2. റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത്<br>3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തണം<br>4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 14 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (വനിത വ്യക്തിഗതം) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 75,000 രൂപ | |
| 15 | മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് - (വ്യക്തിഗതം) | ജനറൽ വിഭാഗം | പരമാവധി 30,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. പഴം, പച്ചക്കറി, ഇളനീർ മുതലായ ഉല്പന്നങ്ങളുടെ വില്പനയ്ക്കും ഇസ്തിരി ഇടൽ തുടങ്ങിയവയുടെ സേവനങ്ങൾക്കുമുള്ള യൂണിറ്റ്.<br>3. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | പട്ടികജാതി വിഭാഗം | പരമാവധി 40,000 രൂപ | |
| | | പട്ടികവർഗ്ഗ വിഭാഗം | പരമാവധി 50,000 രൂപ | |
| 16 | ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ - ഇരുചക്ര വാഹനം ഉൾപ്പെടെ (വനിതകൾക്ക് മാത്രം) | ജനറൽ വിഭാഗം | പരമാവധി 75,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. പരിശീലനം സിദ്ധിച്ച വനിതകളായിരിക്കണം.<br>3. വ്യക്തിഗതമായും ഗ്രൂപ്പായും നൽകാവുന്നതാണ്.<br>4. ഓരോ പരിശോധനയ്ക്കുമുള്ള ഫീസുകൾ അലോപ്പതി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കണം<br>5. ഗുരുതരമായ ടെസ്റ്റ് റിസൾട്ട് ഉള്ളവരുടെ വിവരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണം.<br>6. ഒരു യൂണിറ്റിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും ബന്ധപ്പെട്ട ആശുപത്രി മെഡിക്കൽ ഓഫീസർ/സൂപ്രണ്ട് നിശ്ചയിച്ച് നൽകേണ്ടതാണ്.<br>7. സബ്സിഡി തുക കണക്കാക്കേണ്ടത് വാഹന വിലയുടെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയ്ക്കാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | പരമാവധി 90,000 രൂപ | |
| 17 | ജീവിതശൈലി രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ - (ഇരുചക്ര വാഹനം സ്വന്തമായി ഉള്ള വനിതകൾക്ക് മാത്രം) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 25,000 രൂപ | |

| | | | | |
|---|---|---|---|---|
| | | | | 8. ഇലക്ട്രിക് ഇരുചക്ര വാഹനം വാങ്ങുന്ന അവസരത്തിൽ പരമാവധി 5,000 രൂപ വരെ പ്രോത്സാഹന സബ്സിഡിയായി അധികം നൽകാവുന്നതാണ്.<br>9. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 18 | മൊബൈൽ റെസ്റ്റോറന്റ്/ സെയിൽസ് വാൻ (ഗ്രൂപ്പ് സംരംഭം) | എല്ലാ വിഭാഗങ്ങൾക്കും | 50% (പരമാവധി 1,50,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br>2. കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പായിരിക്കണം.<br>3. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിബന്ധനകൾ കർശനമായി പാലിക്കണം.<br>4. ഗ്രൂപ്പിന് സ്വന്തമായി വാഹനം ഉണ്ടായിരിക്കണം. വാഹനം സെയിൽസ് വാൻ/റസ്റ്റോറന്റ് ആയി ഉപയോഗിക്കുന്നതിനുള്ള അനുവാദം മോട്ടോർ വാഹന വകുപ്പിൽ നിന്നും വാങ്ങിയിരിക്കണം.<br>5. മൊബൈൽ റസ്റ്റോറന്റ്/സെയിൽസ് വാനിന് വേണ്ട സാമഗ്രികളുടെ ചെലവിന്റെ 50%, പരമാവധി 1,50,000 രൂപയാണ് ധനസഹായമായി നൽകാവുന്നത്.<br>6. പ്രവാസി ഗ്രൂപ്പുകൾ/ഭിന്നശേഷിയുള്ളവരുടെ ഗ്രൂപ്പുകൾ/നൈപുണ്യ പരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾ എന്നിവയ്ക്ക് മുൻഗണന നൽകണം.<br>7. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| 19 | പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ യൂണിറ്റുകൾ | എല്ലാ വിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും | മൂലധന ചെലവിന്റെ 50% (പരമാവധി 1,50,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. കുറഞ്ഞത് രണ്ട് പേർ ഉൾക്കൊള്ളുന്ന കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്കും ജെ.എൽ.ജി ഗ്രൂപ്പുകൾക്കും മറ്റ് വനിതാ/ പുരുഷ ഗ്രൂപ്പുകൾക്കുമാണ് അർഹത<br>3. പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂലധന ചെലവാണ് സബ്സിഡി നൽകുന്നതിന് ആധാരമാക്കേണ്ടത്.<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് . |
| 20 | ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് | എല്ലാ വിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും | അടങ്കൽ 3 ലക്ഷം രൂപ 50% (പരമാവധി 1,50,000 രൂപ | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം<br>3. ഒന്നോ അതിലധികമോ ഫുഡ് പ്രോസസിംഗ് ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 4. കെട്ടിട നിർമ്മാണ ചെലവുകൾ പ്രോജക്ട് അടങ്കലിൽ ഉൾപ്പെടുത്താൻ പാടില്ല.<br>5. എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 21 | Ready to eat & Cook Fish Centre | എല്ലാവിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും | 50% (പരമാവധി 2,50,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം<br>2. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം.<br>3. Ready to eat & Cook fish – Bio Flock ഉൾനാടൻ സമുദ്ര മത്സ്യങ്ങളുടെ ഒരു മൂല്യവർദ്ധിത ഉല്പന്ന വിപണന കേന്ദ്രമാകണം.<br>4. ആധുനികമായ സൗകര്യങ്ങളോടെ വേണം യൂണിറ്റ് ആരംഭിക്കേണ്ടത്.<br>5. ഫ്രഷ് മത്സ്യ വിഭവങ്ങളുടെ ഒരു ഹബ് ആക്കി മാറ്റണം<br>6. കെട്ടിട നിർമ്മാണ ചെലവുകൾ പ്രോജക്ട് അടങ്കലിൽ ഉൾപ്പെടുത്താൻ പാടില്ല.<br>7. ഒന്നോ ഒന്നിലധികമോ ഫുഡ് പ്രോസസ്സിംഗ് അനുയോജ്യമായ തരത്തിൽ ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്.<br>8. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് . |
| 22 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് സഹായം | എല്ലാ വിഭാഗങ്ങൾക്കും | 50% (പരമാവധി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം) | 1. കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾക്കാണ് ധനസഹായത്തിന് അർഹത<br>2. വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (കെട്ടിട നിർമ്മാണം ഒഴികെ), കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് & ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി (ഫെബ്രുവരി മാസത്തിൽ) നൽകാം.<br>3. രണ്ടു തലങ്ങളിലുള്ള സബ്സിഡി അനുവദനീയമല്ല.<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

കുറിപ്പ്:- 1. ഖണ്ഡിക 6.5.2 (എ) പ്രകാരമുള്ള സബ്സിഡി/ആനുകൂല്യങ്ങൾക്ക് സ്വയം തൊഴിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും 5 ലക്ഷം രൂപ ആയിരിക്കും. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വരുമാനപരിധി ഇല്ല.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ യാതൊരു തരത്തിലുമുള്ള സബ്സിഡി/ ധനസഹായം സ്വീകരിക്കാത്ത ഒരു സ്വയം തൊഴിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ആ സംരംഭകന്റെ വായ്പാബന്ധിത സംരംഭത്തിന് ഖണ്ഡിക 6.5.2 (ബി) (2) (i) പ്രകാരമുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്.

**(ബി) തൊഴിൽദായക സംരംഭങ്ങൾ**

(1) തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്ന തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ, സംരംഭകന്റെ വരുമാനം പരിഗണിക്കാതെ ചുവടെ പറയുന്ന സഹായങ്ങൾ നൽകാവുന്നതാണ്.

(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ വകുപ്പുകളുടെയോ സബ്സിഡി/ഗ്രാന്റ് സ്വീകരിക്കാത്ത സംരംഭകർക്കാണ് ചുവടെ പ്രതിപാദിക്കുന്ന സഹായങ്ങൾക്ക് അർഹതയുള്ളത്. പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന പ്രത്യക്ഷ തൊഴിലുകളുടെ (regular/salaried jobs) എണ്ണം മുഖ്യ ഘടകമായി പരിഗണിച്ചു കൊണ്ട് സഹായങ്ങൾ നൽകാവുന്നതാണ്.

**(i) സംരംഭകർക്ക് പലിശ സബ്സിഡി**

ബാങ്ക് വായ്പയെടുത്ത് സംരംഭം തുടങ്ങുന്നവർക്ക് വായ്പയുടെ പലിശയിന്മേൽ സബ്സിഡി നൽകാവുന്നതാണ്. വിശദമായ ബിസിനസ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ദേശസാത്കൃത ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക്, കേരള ബാങ്ക്, സഹകരണ ബാങ്ക്, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്കാണ് പലിശ സബ്സിഡി നൽകാവുന്നത്. ജനറൽ വിഭാഗത്തിന് ആറ് ശതമാനവും, പട്ടികജാതി വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് എട്ട് ശതമാനവും പലിശ സബ്സിഡി പരമാവധി മൂന്ന് വർഷത്തേയ്ക്ക് നൽകാവുന്നതാണ്. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. സംരംഭകൻ മുതലും പലിശയും മുടക്കം കൂടാതെ തിരികെ അടച്ചിരിക്കണം.
2. 10 ലക്ഷം രൂപയിൽ കൂടുതൽ വായ്പ എടുക്കുന്ന സംരംഭമാണെങ്കിലും, 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമേ പലിശ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ.
3. പരമാവധി 3 വർഷം വരെയാണ് പലിശ സബ്സിഡി നൽകാവുന്നത്.
4. ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഫെബ്രുവരി മാസത്തിലാണ് അർഹമായ പലിശ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറേണ്ടത്.
5. 2022-2023 മുതൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് സബ്സിഡി നൽകാവുന്നത്.

കുറിപ്പ്:- 03.04.2017ലെ സ.ഉ(എം.എസ്) 80/17/തസ്വഭവ, 14.02.2018ലെ സ.ഉ(കൈ) 22/2018/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം സംരംഭകൻ/സഹകരണ സംഘവുമായി പലിശ സബ്സിഡി നൽകുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ കരാർ അനുസരിച്ചുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്.

**(ii) ടെക്നോളജി കൈമാറ്റ ഫണ്ട് (Transfer of Technology) :** കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന്/സ്വായത്തമാക്കുന്നതിന്, സാങ്കേതികവിദ്യയുടെ വിലയുടെ 75 ശതമാനം വരെ, ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, എന്ന പരിധിക്ക് വിധേയമായി സഹായം നൽകാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതി അംഗീകരിച്ച പ്രോജക്ടുകൾക്കാണ് പ്രസ്തുത ധനസഹായം നൽകാവുന്നത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇത നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(iii) ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട്** : നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവ നവീകരിക്കുന്നതിന്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ, സാമ്പത്തിക സഹായം നൽകാവുന്നതാണ്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(iv) ഇന്നവേഷൻ ഫണ്ട്** : സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഈ മേഖലയിൽ വൈദഗ്ധ്യവും, പ്രവൃത്തി പരിചയവും, സൗകര്യവുമുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവക്ക് നൽകാവുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് സാമ്പത്തിക സഹായം നൽകേണ്ടത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(v) ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്** : പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ സാമ്പത്തിക സഹായം നൽകാവുന്നതാണ്. നാശനഷ്ടത്തിന്റെ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തി, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് സഹായം നൽകേണ്ടത്. എല്ലാ തലങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്. നാശനഷ്ടങ്ങൾ പരിഹരിച്ച് കഴിഞ്ഞാൽ ഈ തുക നിശ്ചിത ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(vi) സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്)** : തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ച് വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ പുനരുജ്ജീവന സമാശ്വാസ പദ്ധതിക്ക് അപേക്ഷിക്കാവുന്നതാണ്. മുൻപ് ചെയ്തിരുന്നതോ കാലാനുസൃതമായ മാറ്റത്തോടു കൂടിയതോ ആയ പുനരുജ്ജീവന പാക്കേജ് (റിവൈവൽ) തയ്യാറാക്കി, ബാങ്ക് വായ്പ നേടി സംരംഭം പുനരുജ്ജീവിപ്പിച്ചാൽ ഖണ്ഡിക 6.5.2 (ബി) (2) (i) പ്രകാരമുള്ള പലിശ സബ്സിഡി നൽകാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്റ്റ് എടുക്കാവുന്നതാണ്. സംരംഭങ്ങളുടെ പുനരുജ്ജീവന ധന സഹായത്തിനുള്ള അർഹത ജില്ലാ തല സാങ്കേതിക സമിതി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാവുന്നതുമാണ്. പുനരുദ്ധാരണത്തിനുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൺ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവ മുകളിൽ ഓരോ ഇനം ഫണ്ടിനുമുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം സംരംഭങ്ങളുടെ പുനരുജ്ജീവനത്തിന് നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(vii) **ഇൻകുബേഷൻ ഫണ്ട്** : സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. പ്രസ്തുത ആശയങ്ങൾ ജില്ലാതല സാങ്കേതിക സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കണം. പരിശോധനയിൽ പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള ആശയങ്ങളാണെന്ന് കാണുന്നവ നടപ്പാക്കാനുള്ള സാഹചര്യം ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഒരുക്കേണ്ടതാണ്. ഇതിനായി ഇൻകുബേഷനിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങൾ/ സർവകലാശാലകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാർട്ട്അപ് മിഷൻ പോലെയുള്ളവയുടെ നേതൃത്വത്തിലുള്ള ഇൻകുബേഷൻ സെന്ററുകളുടെ സേവനം ഉപയോഗിക്കാം. ഈ മേഖലയിൽ വൈദഗ്ദ്ധ്യവും പ്രവൃത്തി പരിചയവും സൗകര്യവുമുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻ കുബേഷൻ സേവനം ഉപയോഗിക്കുമ്പോൾ ഇതിനുള്ള ഫീസ് ഈ സ്ഥാപനങ്ങൾ നിബന്ധനകളുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. പരിചയ സമ്പന്നരും വിജയം കൈവരിച്ചവരുമായ സംരംഭകരുടെ (Local/NRK/NRI) സേവനം, മെന്റർ റിസോഴ്സ് പേഴ്സൺമാർ എന്ന നിലയ്ക്ക് ഹാൻഡ് ഹോൾഡിംഗിനും ഇൻകുബേഷൻ സേവനങ്ങൾക്കുമായി ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്. അവർക്ക് അർഹമായ പ്രതിഫലം നൽകാം. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിനും പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(viii) **സീഡ് സപ്പോർട്ട് സ്കീം** : പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന–സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ സീഡ് മണി നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്. ഇതു നടപ്പാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(3) തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ സംരംഭകന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയും ഖണ്ഡിക 6.5.2 (ബി) പ്രകാരമുള്ള സഹായങ്ങൾ സ്വീകരിക്കാതിരിക്കുകയുമാണെങ്കിൽ ഖണ്ഡിക 6.5.2 (എ) പ്രകാരമുള്ള സബ്സിഡി/ധനസഹായം നൽകാവുന്നതാണ്.

*

### (സി) നൈപുണ്യ വികസനം

തദ്ദേശഭരണ സ്ഥാപനത്തിനുള്ളിലെ അർഹരായവർക്ക് തൊഴിലും വരുമാനവും നേടുന്നതിനുള്ള നൈപുണ്യ പരിശീലനം ചുവടെ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | പരിശീലന ചെലവ്/ യൂണിറ്റ് നിരക്ക് | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനം<br>(Trade specific skill training) | കേന്ദ്ര നൈപുണ്യ വികസന - സംരംഭകത്വ മന്ത്രാലയത്തിന്റെ കോമൺ കോസ്റ്റ് നോംസ് അനുസരിച്ചുള്ള നിരക്കുകൾ<br>(Training cost and Entitelement cost) | ജനറൽ വിഭാഗം 75 %<br>പട്ടികജാതി വിഭാഗം 100 %<br>പട്ടികവർഗ്ഗ വിഭാഗം 100 % | 1. ഒരു പ്രത്യേക മേഖലയിൽ നൈപുണ്യ പരിശീലനം ആവശ്യമായവർക്ക് ഈ പരിശീലനം നൽകാവുന്നതാണ്<br>2. ദേശീയ സെക്ടർ സ്കിൽ കൗൺസിൽ അംഗീകരിച്ച സിലബസ് പ്രകാരമുള്ള പ്രാദേശിക പരിശീലനമാണ് നൽകേണ്ടത്.<br>3. പരിശീലന ചെലവ് (Training cost), എൻടൈറ്റിൽമെന്റ് ചെലവ് (Entitlement cost) എന്നിങ്ങനെ രണ്ട് ഘടകങ്ങളാണുള്ളത്. (താമസം ഭക്ഷണം, സ്റ്റഡി മെറ്റീരിയൽസ്, പ്ലേസ്മെന്റ് സപ്പോർട്ട് ചെലവ് മുതലായവയാണ് എൻടൈറ്റിൽമെന്റ് ചെലവുകൾ)<br>4. പരിശീലനത്തിന് Hands on Training/ ഓൺ ദി ജോബ് പരിശീലനം/അപ്രന്റിസ്ഷിപ്പ് എന്നിവ നൽകണം<br>5. ട്രേഡുമായി ബന്ധപ്പെട്ട ജോലി ലഭ്യമാക്കലും തുടർ പിന്തുണയും ഉറപ്പാക്കണം<br>6. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം<br>7. അഗതി ആശ്രയ, അതിദരിദ്രർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 100 ശതമാനം സബ്സിഡി അനുവദിക്കാവുന്നതാണ്. ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പരിശീലന-എൻടൈറ്റിൽമെന്റ് ചെലവുകൾക്ക് പുറമെ പ്രതിമാസം പരമാവധി 6000 രൂപ നിരക്കിൽ സ്കിൽ സ്കോളർഷിപ്പും പരിശീലന കാലയളവിൽ നൽകാവുന്നതാണ്<br>8. കേന്ദ്ര സംസ്ഥാന പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ പരിശോധിച്ച് പ്രോജക്ടിന്റെ ഭാഗമാക്കണം<br>9. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | തൊഴിൽ പ്രാപ്തിക്കുവേണ്ട അധിക പരിശീലനം<br>(Industry - readiness and soft skills) | 5,000 രൂപ | ജനറൽ വിഭാഗം 50 %<br>പട്ടികജാതി വിഭാഗം 75 %<br>പട്ടികവർഗ്ഗ വിഭാഗം 100% | 1. ആവശ്യമായ വിദ്യാഭ്യാസം നേടിയിട്ടും വിദ്യാഭ്യാസ യോഗ്യതയ്ക്കനുയോജ്യമായ തൊഴിൽ നേടിയെടുക്കുന്നതിനുള്ള കാര്യപ്രാപ്തി ഇല്ലാത്തവർക്ക് ഈ പരിശീലനം നൽകാവുന്നതാണ്.<br>2. ബ്രിഡ്ജ് കോഴ്സ്, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ ഹ്രസ്വ കാല പരിശീലങ്ങളാണ് നൽകേണ്ടത്.<br>3. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 3 | നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന് അംഗീകാരം നൽകൽ<br>(Recognition of Prior Learning) | 5,000 രൂപ (സർട്ടിഫിക്കേഷൻ മാത്രം)<br>10,000 രൂപ (പരിശീലനവും സർട്ടിഫിക്കേഷനും) | ജനറൽ വിഭാഗം 50 %<br>പട്ടികജാതി വിഭാഗം 75 %<br>പട്ടികവർഗ്ഗ വിഭാഗം 100 % | 1. നിലവിലെ വൈദഗദ്ധ്യത്തിന് അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും നിലവിലുള്ള വൈദഗ്ധ്യത്തെ കൂടുതൽ മെച്ചപ്പെടുത്തി അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും ഈ പരിശീലനം നൽകാവുന്നതാണ്.<br>2. സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നൽകണം.<br>3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 4 | അധികനൈപുണ്യവും പുനർ നൈപുണ്യവും<br>(Up-skilling and Re-skilling) | 25,000 രൂപ | ജനറൽ വിഭാഗം 50 %<br>പട്ടികജാതി വിഭാഗം 75%<br>പട്ടികവർഗ്ഗ വിഭാഗം 100 % | 1. നിലവിൽ ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ പരിശീലനം (Up-skilling) നൽകുകയും ഏതെങ്കിലും തരത്തിലുള്ള നൈപുണ്യമുള്ളവർക്ക് കൂടുതൽ മെച്ചപ്പെട്ട ജോലി ലഭ്യമാക്കാൻ സഹായിക്കുന്ന തരത്തിൽ പുതിയ മേഖലകളിൽ പരിശീലനം (Re-skilling) നൽകുകയുമാണ് ലക്ഷ്യം.<br>2. പരിശീലന ചെലവിന്റെ ബാക്കി തുക ഗുണഭോക്താവ് വഹിക്കുകയോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി (Skill Loan) ഗുണഭോക്താവ് കണ്ടെത്തുകയോ വേണം.<br>3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | മികവ് വർദ്ധന പരിപാടി (Performance Improvement Programme - PIP) | 10,000 രൂപ | ജനറൽ വിഭാഗം 50 %<br>പട്ടികജാതി വിഭാഗം 75 %<br>പട്ടികവർഗ്ഗ വിഭാഗം 100 % | 1. നിലവിലെ ജോലിയെക്കാൾ കൂടുതൽ ഉയർന്ന ജോലി നേടാനുള്ള കഴിവും സാദ്ധ്യതയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം.<br>2. പരിശീലന ചെലവിന്റെ ബാക്കി തുക ഗുണഭോക്താവ് നൽകണം.<br>3. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |

കുറിപ്പ് :- (1) നൈപുണ്യ പരിശീലനത്തിന് സബ്സിഡിക്ക് അർഹതയുള്ള ഗുണഭോക്താക്കളുടെ വരുമാന പരിധി ജനറൽ വിഭാഗത്തിൽ 2.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 3.00 ലക്ഷം രൂപയും ആയിരിക്കും. പട്ടികവർഗ വിഭാഗങ്ങൾക്ക് വരുമാന പരിധി ഇല്ല.

(2) നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച നിരക്കുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധമാക്കിയിട്ടുള്ളത്. സെക്ടർ സ്കിൽ കൗൺസിലുകൾ നിരക്കുകൾ പരിഷ്കരിക്കുന്ന മുറയ്ക്ക് പുതുക്കപ്പെടുന്ന നിരക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധകമാക്കാവുന്നതാണ്.

(3) നൈപുണ്യ പരിശീലന പരിപാടികൾ കഴിവതും തൊഴിലുമായി ബന്ധപ്പെടുത്തിയായിരിക്കണം ആവിഷ്കരിക്കേണ്ടത്.

(4) കുടുംബശ്രീ മിഷൻ, അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), നോളഡ്ജ് മിഷൻ എന്നീ ഏജൻസികൾ എംപാനൽ ചെയ്തിട്ടുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന അതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നൈപുണ്യ പരിശീലന പരിപാടികളുടെ നിർവഹണം നടത്താൻ പാടുള്ളൂ. പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ കാര്യത്തിൽ പട്ടിക ജാതി-പട്ടിക വർഗ വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള പരിശീലന ഏജൻസികൾ മുഖേനയും നിർവഹണം നടത്താവുന്നതാണ്.

**(ഡി) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി - പൊതു നിർദേശങ്ങൾ**

(1) പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും മറ്റ് സംഘടനാപരമായ പ്രവർത്തനങ്ങൾക്കുമായി താഴെപറയുന്ന ചെലവുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവഹിക്കാവുന്നതാണ്.

(i) അവസ്ഥാ പഠനം നടത്തൽ
(ii) സാദ്ധ്യതാ പ്ലാൻ തയ്യാറാക്കൽ
(iii) ബിസിനസ് പ്ലാൻ തയ്യാറാക്കൽ (സാങ്കേതിക വിദഗ്ധരുടെ സഹായം സ്വീകരിക്കുന്നതിനുള്ള ചെലവും വഹിക്കാവുന്നതാണ്).
(iv) സ്കിൽ ഗ്യാപ് അനാലിസിസ് നടത്തൽ
(v) ബിസിനസ് വികസന ശില്പശാലകൾ/ഇന്നവേറ്റേഴ്സ് മീറ്റ് നടത്തൽ
(vi) തൊഴിൽ മേളകൾ സംഘടിപ്പിക്കൽ
(vii) പ്രാദേശിക തലത്തിൽ ഉൽപ്പന്ന-സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണുകൾ നടത്തുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള ചെലവുകൾ
(viii) ജില്ലാതല സംരംഭകത്വ /നൈപുണ്യ വികസന മീറ്റ് സംഘടിപ്പിക്കൽ

(2) ബ്ലോക്ക് പഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

(3) മുകളിൽ സൂചിപ്പിച്ചവ കൂടാതെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാർഗരേഖ അനുസരിച്ചുള്ള മറ്റ് പ്രവർത്തനങ്ങളും പരിപാടികളും നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) **നിർവ്വഹണ ഉദ്യോഗസ്ഥർ** : പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി രൂപം നൽകുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ബ്ലോക്ക് പഞ്ചായത്തുകളിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറും ജില്ലാ പഞ്ചായത്തുകളിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററും നഗരഭരണ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ / യു.പി.എ പ്രോജക്ട് ഓഫീസറും ആയിരിക്കും. ഗ്രാമപഞ്ചായത്തുകളിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായവും നിർവ്വഹണം സുഗമമാക്കുന്നതിനുള്ള മറ്റ് സഹായങ്ങളും കുടുംബശ്രീ സംവിധാനത്തിലെ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരും നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കണം. ബ്ലോക്ക് പഞ്ചായത്തുകളിൽ കുടുംബശ്രീ സംവിധാനത്തിലെ ബ്ലോക്ക് കോഓർഡിനേറ്റർമാരും നഗരഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ സംവിധാനത്തിലെ സിറ്റി മിഷൻ മാനേജർമാരും സാങ്കേതിക സഹായവും നിർവ്വഹണം സുഗമമാക്കുന്നതിനുള്ള മറ്റ് സഹായങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കണം. ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്ക് ആയിരിക്കും.

(5) ഖണ്ഡിക 6.5.2 (ബി) (2) ൽ പ്രതിപാദിക്കുന്ന ജില്ലാതല സാങ്കേതിക സമിതിയുടെ വിലയിരുത്തൽ മാർഗരേഖയും സാമ്പത്തിക സഹായത്തിന്റെ മാനദണ്ഡങ്ങളും സംബന്ധിച്ചുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

### 6.5.3 ചെറുകിട വ്യവസായ മേഖലയിലെ വകുപ്പ് പരിപാടികൾ

**1. മൾബറികൃഷി**

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ സാങ്കേതിക സഹായത്തോടെയും നടപ്പാക്കുന്ന മൾബറികൃഷി പരിപാടിയുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. ഒരു ഏക്കർ മൾബറി കൃഷി ചെയ്യുന്ന ഒരു കർഷകന് തദ്ദേശഭരണ സ്ഥാപന വിഹിതമായി പരമാവധി അനുവദിക്കാവുന്ന ധനസഹായം ചുവടെ നൽകുന്നു.

| ക്രമ നം. | ഘടകം | ധനസഹായം | | | ആകെ ചെലവ് (രൂപ) |
|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം50% (രൂപ) | തദ്ദേശഭരണ സ്ഥാപന വിഹിതം 25 % (രൂപ) | ഗുണഭോക്തൃ വിഹിതം 25% (രൂപ) | |
| 1 | മൾബറിതോട്ട നിർമ്മാണം | 25,000 | 12,500 | 12,500 | 50,000 |
| 2 | ജലസേചനം | 25,000 | 12,500 | 12,500 | 50,000 |
| 3 | പുഴു വളർത്തുപുര | 1,50,000 | 75,000 | 75,000 | 3,00,000 |
| 4 | പുഴു വളർത്തു ഉപകരണങ്ങൾ | 37,500 | 18,750 | 18750 | 75,000 |
| 5 | രോഗപ്രതിരോധ വസ്തുക്കൾ | 2,500 | 1,250 | 1,250 | 5,000 |
| **ആകെ** | | **2,40,000** | **1,20,000** | **1,20,000** | **4,80,000** |

**2. കൈത്തറി - ഖാദി വ്യവസായം, ഖാദി ഗ്രാമവ്യവസായ പ്രോത്സാഹനം**

(1) ഖാദി ഗ്രാമവ്യവസായ കമ്മീഷൻ (KVIC), ഖാദി ഗ്രാമ വ്യവസായ ബോർഡ് (KVIB) എന്നിവയുടെ ഉല്പാദന യൂണിറ്റുകളുള്ള (Production Unit) സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെയും സംയുക്ത വിപണന ശാലകൾ സ്ഥാപിക്കുക, തറിയും മറ്റു നെയ്ത്ത് ഉപകരണങ്ങളും വാങ്ങി നൽകുക എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

(2) കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് നടപ്പാക്കുന്ന 'ഒരു വീട്ടിൽ ഒരു തറി' പരിപാടി 75% തുക വകുപ്പും 10% തദ്ദേശഭരണസ്ഥാപനവും 15% ഗുണഭോക്താവ്/ ബാങ്ക് വായ്പയും എന്ന രീതിയിൽ നടപ്പാക്കാവുന്നതാണ്.

## 6.6 കുടിവെള്ളം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | പുതിയ തുറന്ന കിണർ | ജനറൽ വിഭാഗം | 50% (പരമാവധി 17,500 രൂപ) | 1. പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രം.<br>2. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രം<br>3. മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം<br>4. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | യഥാർത്ഥ ചെലവ് (പരമാവധി 35,000 രൂപ) | |
| 2 | കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ (ജല അതോറിട്ടിയുടെ കുടിവെള്ള പദ്ധതിയിൽ നിന്നും) | ജനറൽ വിഭാഗം | പരമാവധി 5,000 രൂപ | 1. കേരള വാട്ടർ അതോറിറ്റി / ജലനിധി കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ നൽകേണ്ടത്.<br>2. കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക നൽകാവുന്നതാണ്.<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | യഥാർത്ഥ ചെലവ് | |
| 3 | കുടിവെള്ള ഗാർഹിക കണക്ഷൻ (തദ്ദേശ സ്ഥാപന കുടിവെള്ള പദ്ധതിയിൽ നിന്നും) | ജനറൽ വിഭാഗം | പരമാവധി 2,000 രൂപ | 1. തദ്ദേശഭരണസ്ഥാപനത്തിന്റെ കുടിവെള്ളവിതരണ പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്നെങ്കിൽ മാത്രം.<br>2. എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം | യഥാർത്ഥ ചെലവ് | |

| | | | | |
|---|---|---|---|---|
| 4 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ | ജനറൽ വിഭാഗം | പരമാവധി 8,000രൂപ | 1. മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം.<br>2. കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, ഫ്ളാറ്റ്ഫോം നിർമ്മിക്കുക. മലിനജലം ഒഴുകിപോകുന്നതിന് ചാൽ നിർമ്മിക്കുക. മുകൾഭാഗത്ത് സംരക്ഷണ വലകെട്ടുക<br>3. എൽ.എസ്.ജി.ഡി ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം.<br>4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി /<br>പട്ടികവർഗ്ഗ വിഭാഗം | യഥാർത്ഥ ചെലവ്<br>(പരമാവധി 16,000 രൂപ) | |
| 5 | പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) | പട്ടികജാതി വിഭാഗം | 75% | 1. ഗുണഭോക്തൃവിഹിതം തദ്ദേശഭരണ സ്ഥാപനത്തിൽ അടയ്ക്കണം<br>2. നിലവിൽ ടാങ്ക് ഉള്ളവർക്കും, ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല.<br>3. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.. |
| | | പട്ടികവർഗ്ഗ വിഭാഗം | 100%<br>(പരമാവധി 4,000 രൂപ) | |
| 6. | മഴവെള്ള സംഭരണി | ജനറൽ വിഭാഗം | 50%<br>(പരമാവധി 15,000 രൂപ) | 1. 150 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം. എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം.<br>2. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>3. കുറഞ്ഞത് 5000 ലിറ്റർ വെള്ളം ശേഖരിക്കാൻ കഴിയുന്ന സംഭരണി ആകുന്നതാണ് ഉചിതം.<br>4. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 75%<br>(പരമാവധി 22,500രൂപ) | |
| | | പട്ടികവർഗ്ഗ വിഭാഗം | 100%<br>(പരമാവധി 30,000രൂപ) | |

**7.പൊതു നിർദ്ദേശങ്ങൾ**

(i) കുടിവെള്ള ക്ഷാമം ഏറെ നേരിടുന്നവർക്കും, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകണം.

(ii) പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണ്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങളിൽ അനിവാര്യമെങ്കിൽ പൊതുടാപ്പുകൾ സ്ഥാപിക്കാൻ അനുവാദം നൽകാവുന്നതാണ്

(iii) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും കുടിവെള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ എടുക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ എടുക്കാൻ പാടില്ല.

(iv) കുടിവെള്ള പ്രോജക്ടുകൾ എടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ . പട്ടികജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതു വിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

(v) ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയിൽ കുടിവെള്ള ആവശ്യത്തിന് കിണർ കുഴിക്കുന്ന പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. എന്നാൽ കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള ഒരു കരാറിൽ ഭൂവുടമയുമായി ഏർപ്പെടണം. ഇങ്ങനെ നിർമ്മിക്കുന്ന കിണറുകളുടെ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.

(vi) ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ - കുടുംബശ്രീയുമായി സഹകരിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി യൂണിറ്റ് കോസ്റ്റായ 25.5 ലക്ഷം രൂപയുടെ 50 ശതമാനത്തിൽ കവിയാത്ത തുക തനത് ഫണ്ട്/വികസനഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. വ്യവസ്ഥകൾ 07/10/2017-ലെ സ.ഉ.(സാധാ)നം.3244/2017 തസ്വഭവ പ്രകാരമായിരിക്കും.

(vii) പൊതു കുടിവെള്ള പ്രോജക്ടുകൾക്ക് വൈദ്യുതി ഏർപ്പെടുത്തുന്നതിന് Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## 6.7 ഭവന നിർമ്മാണം – പുനരുദ്ധാരണം - വയറിംഗ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി / ധനസഹായം പരമാവധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | ഭവന നിർമ്മാണം | എല്ലാ വിഭാഗങ്ങൾക്കും | 4 ലക്ഷം രൂപ | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം. |
| 2 | ഭൂരഹിത ഭവന രഹിതർക്ക് ഭൂമി | **എ. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ** | | ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം. |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.00 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 2.25 ലക്ഷം രൂപ | |
| | | **ബി. മുനിസിപ്പൽ പ്രദേശങ്ങളിൽ** | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി – 2.70 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 3.00 ലക്ഷം രൂപ | |
| | | **സി. കോർപ്പറേഷൻ പ്രദേശങ്ങളിൽ** | | |
| | | ജനറൽ വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 5.25 ലക്ഷം രൂപ | |
| | | പട്ടികജാതി വിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | |
| | | പട്ടികവർഗ്ഗവിഭാഗം | 3 സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി 6.00 ലക്ഷം രൂപ | |

| | | | | |
|---|---|---|---|---|
| 3 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ | ജനറൽ വിഭാഗം | 75,000 രൂപ | 1. പുതിയ മേൽക്കൂരയ്ക്ക് ഓലയോ, ടാർഷീറ്റോ, ടാർപാളിനോ, ആസ്ബറ്റോസ് ഷീറ്റോ അനുവദനീയമല്ല<br>2. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തസ്വഭവ ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>3. കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>4. തദ്ദേശഭരണസ്ഥാപനം/മറ്റ് വകുപ്പുകളുടെ ധനസഹായത്തോടെ നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം<br>5. 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല<br>6. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>7. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം | 1,00,000 രൂപ | |
| | | പട്ടികവർഗ്ഗ വിഭാഗം | 1,00,000 രൂപ | |
| 4 | വീട് വാസയോഗ്യമാക്കൽ | ജനറൽ വിഭാഗം | പരമാവധി<br>1,00,000 രൂപ | 1. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണം.<br>2. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു.<br>3. കരാറിലേർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>4. പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗനിർദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ പ്രകാരം മൂല്യനിർണ്ണയം നടത്തണം<br>5. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| | | പട്ടികജാതി/<br>പട്ടികവർഗ്ഗ വിഭാഗം | പരമാവധി<br>1,50,000 രൂപ | |

| | | | | |
|---|---|---|---|---|
| 5 | വീട് വയറിംഗ് | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി<br><br>12,287 രൂപ | 1. കണക്റ്റഡ് ലോഡ് 500 വാട്സിൽ താഴെയും പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള കുടുംബത്തിനാണ് ധനസഹായം. നാല്പ പോയിന്റെങ്കിലും ഉണ്ടാകുന്ന രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) സഹിതം വേണം വയറിംഗ് നടത്തേണ്ടത്.<br>2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 6 | ലക്ഷം വീട് – വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റവീടാക്കൽ | എല്ലാ വിഭാഗങ്ങൾക്കും | ലൈഫ് ഭവന പദ്ധതി മാനദണ്ഡ പ്രകാരം | 1. ലൈഫ് ഭവന പദ്ധതിക്ക് FFC ഗ്രാന്റ് ഒഴികെയുള്ള വികസനഫണ്ടിന്റെ കുറഞ്ഞത് 20 ശതമാനം മാറ്റി വച്ചതിനുശേഷമുള്ള വിഹിതത്തിൽ നിന്നും ഇതിനായി തുക കണ്ടെത്താവുന്നതാണ്. |

# 6.8 ശുചിത്വം - മാലിന്യ സംസ്കരണം

## (എ) ഖര മാലിന്യ സംസ്കരണ സംവിധാനങ്ങൾ

| ക്രമ നം | സംസ്കരണ സംവിധാനം | | തദ്ദേശഭരണ സ്ഥാപന വിഹിതം | | ശുചിത്വമിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹി തം | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| I | **ഗാർഹികതലം** | | | | | | | |
| 1 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ- കമ്പോസ്റ്റിംഗ് യൂണിറ്റ്- ഗാർഹിക തലം | ഓപ്ഷൻ 1 | 60% | 60% | 30 % | 30 % | 10 % | 1. അംഗീകൃത സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം. (അനുബന്ധം 3 കാണുക) |
| | | ഓപ്ഷൻ 2 | 90 % | 90 % | - | - | 10 % | 2. അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന.<br>3. വരുമാന പരിധി ബാധകമല്ലാതെ എല്ലാവർക്കും നൽകാം.<br>4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| 2 | ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ | ഓപ്ഷൻ 1 | 60% പരമാവധി 6,480 രൂപ | 60% പരമാവധി 6,480 രൂപ | 30% പരമാവധി 3,240 രൂപ | 30% പരമാവധി 3,240 രൂപ | ബാക്കി തുക | 1. അംഗീകൃത സംവിധാനങ്ങളും അവയുടെ യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം. (അനുബന്ധം 3 കാണുക) |
| | | ഓപ്ഷൻ 2 | 90% (പരമാവധി 9,720 രൂപ) | 90% (പരമാവധി 9,720 രൂപ) | - | - | ബാക്കി തുക | 2. അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന.<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |

II സ്ഥാപനതലം (Institution Level )

| ക്രമ നം | സംസ്കരണ സംവിധാനം | | തദ്ദേശഭരണ സ്ഥാപന വിഹിതം | | ശുചിത്വമിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹി തം | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| 1 | കമ്പോസ്റ്റിംഗ് ആന്റ് ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ് [സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് ഉൾപ്പെടെ)] | ഓപ്ഷൻ 1 | -- | -- | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100% | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100% | -- | 1. യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വമിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കണം<br>2. ജൈവമാലിന്യം മറ്റു രീതികളിൽ സംസ്കരിക്കാൻ സ്ഥലപരിമിതിയുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണം<br>3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | ഓപ്ഷൻ 2 | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100% | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 100% | -- | -- | -- | |
| 2 | കമ്പോസ്റ്റിംഗ് ആന്റ് ബയോ മെതനേഷൻ ഗ്യാസ് പ്ലാന്റ് [സ്വകാര്യ സ്ഥാപനങ്ങൾ- റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, ക്വാർട്ടേഴ്സുകൾ, സ്വകാര്യ ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റു സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്] | | ഇല്ല | ഇല്ല | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 50% (പരമാവധി ഒരു ലക്ഷം) | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ 50% (പരമാവധി ഒരു ലക്ഷം ) | ബാക്കി തുക | |

| III | കമ്മ്യൂണിറ്റിതലം (Community Level) | | | | | | | |
|---|---|---|---|---|---|---|---|---|
| | ബയോഗ്യാസ് പ്ലാൻറ്, വിന്റോ കമ്പോസ്റ്റ്, എയ്റോബിക് ബിൻ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ, എം.സി.എഫ്. ആർ.ആർ.എഫ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നീ സംവിധാനങ്ങൾക്ക് വേണ്ട യന്ത്ര സാമഗ്രികളും പശ്ചാത്തല സൗകര്യം സ്ഥാപിക്കലും നിലവിലുള്ളവയുടെ നവീകരണവും (O & M) അടക്കം) | ഓപ്ഷൻ 1 | എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% | എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% | ബാക്കി തുക | ബാക്കി തുക | - | 1. യൂണിറ്റ് നിരക്കും സ്റ്റാൻഡേർഡും സ്പെസിഫിക്കേഷനും കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.<br>2. പശ്ചാത്തല സൗകര്യം മാത്രമുള്ള പ്രോജക്റ്റുകൾ പരിഗണിക്കാൻ പാടില്ല. (ഉദാ. റോഡ്, ചുറ്റുമതിൽ, ഓട തുടങ്ങിയവ)<br>3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| | | ഓപ്ഷൻ 2 | എസ്റ്റിമേറ്റ് തുകയുടെ 100% | എസ്റ്റിമേറ്റ് തുകയുടെ 100% | - | - | - | |

**(ബി) ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ**

| I | ഗാർഹികതലം | | | | | | | |
|---|---|---|---|---|---|---|---|---|
| **ക്രമ നം** | **സംസ്കരണ സംവിധാനം** | | **തദ്ദേശഭരണ സ്ഥാപന വിഹിതം** | | **ശുചിത്വമിഷൻ വിഹിതം** | | **ഗുണഭോക്തൃ വിഹിതം** | **മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ** |
| | | | **റൂറൽ** | **അർബൻ** | **റൂറൽ** | **അർബൻ** | | |
| 1 | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ | ഓപ്ഷൻ 1 | -- | -- | -- | തീര പ്രദേശങ്ങളിൽ 25,000 രൂപയും മറ്റിടങ്ങളിൽ 20,000 രൂപയും | ബാക്കി തുക | 1. ഒരു മീറ്റർ വ്യാസവും 2.3 മീറ്റർ നീളമുള്ളതും ദിനംപ്രതി 25 ഫ്ലഷിംഗ് കപ്പാസിറ്റിയോടു കൂടിയതുമായ പ്രീ ഫാബ്രിക്കേറ്റഡ് സിന്തറ്റിക് സെപ്റ്റിക് ടാങ്ക് യൂണിറ്റ്<br>2. കുറഞ്ഞത് 85 സെന്റിമീറ്റർ വ്യാസവും 250 സെന്റീ മീറ്റർ നീളവുമുള്ളതുമായ ഡ്രെയിൻ പൈപ്പ് സ്ഥാപിച്ചിരിക്കണം.<br>3. കുറഞ്ഞത് 1.2m X 1.2m X1.2m അളവുകളോടു കൂടിയ സോക്ക്പിറ്റ് ഉണ്ടായിരിക്കണം.<br>4. വരുമാന പരിധി ബാധകമാക്കാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും നൽകാം.<br>5. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ്. |
| | | ഓപ്ഷൻ 2 | എസ്റ്റിമേറ്റ് തുകയുടെ 90 % പരമാവധി 20,000 രൂപ | എസ്റ്റിമേറ്റ് തുകയുടെ 90 % പരമാവധി 20,000 രൂപ | -- | -- | ബാക്കി തുക | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | ബയോ ഡൈജസ്റ്റർ സ്ഥാപിക്കൽ | ഓപ്ഷൻ 1 | -- | -- | പരമാവധി 50,000 രൂപ | പരമാവധി 50,000 രൂപ | ബാക്കി തുക | ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ് |
| | | ഓപ്ഷൻ 2 | -- | പരമാവധി 50,000 രൂപ | -- | -- | ബാക്കി തുക | നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം പ്രോജക്ട് എടുക്കാവുന്നതാണ്. |
| II | **സ്ഥാപനതലം** | | | | | | | |
| | എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇ.റ്റി.പി),വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ഡബ്ല്യു.ഡബ്ല്യു.റ്റി.പി) (സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് ഉൾപ്പെടെ) | ഓപ്ഷൻ -1 | | - | എസ്റ്റിമേറ്റ് തുകയുടെ 100% | എസ്റ്റിമേറ്റ് തുകയുടെ 100% | ഇല്ല | 1. അംഗീകൃത DPR അനുസരിച്ചുള്ള ആസ്തി സ്ഥാപിക്കുന്നതിന്<br>2. ശുചിത്വ മിഷന്റെ അംഗീകാരമുള്ള ഏജൻസി വഴി ടെൻഡർ മുഖേന ഡി.പി.ആർ തയ്യാറാക്കണം. സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം ശുചിത്വ മിഷന്റെ അംഗീകാരമുള്ള സേവന ദാതാവ് വഴി ടെൻഡർ നടപടി പ്രകാരം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.<br>3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | ഓപ്ഷൻ -2 | എസ്റ്റിമേറ്റ് തുകയുടെ 100% | എസ്റ്റിമേറ്റ് തുകയുടെ 100% | - | - | ഇല്ല | |

III **കമ്മ്യൂണിറ്റിതലം(Community Level)**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്(ഇ.റ്റി.പി), സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്നുള്ളതടക്കം) | ഓപ്ഷൻ 1 | എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% | എസ്റ്റിമേറ്റ് തുകയുടെ കുറഞ്ഞത് 25% | ബാക്കി തുക | ബാക്കി തുക | ഇല്ല | 1. DPR പ്രകാരമുള്ള ആസ്തി സ്ഥാപിക്കുന്നതിന്.<br>2. ശുചിത്വ മിഷന്റെ അംഗീകാരമുള്ള ഏജൻസി വഴി ടെൻഡർ മുഖേന ഡി.പി.ആർ തയ്യാറാക്കണം. സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം ശുചിത്വ മിഷന്റെ അംഗീകാരമുള്ള സേവന ദാതാവ് വഴി ടെൻഡർ നടപടി പ്രകാരം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.<br>3. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | ഓപ്ഷൻ 2 | എസ്റ്റിമേറ്റ് തുകയുടെ 100% | എസ്റ്റിമേറ്റ് തുകയുടെ 100% | - | - | ഇല്ല | |

കുറിപ്പ് : ശുചിത്വ മിഷന്റെ വിഹിതം കൂടി ഉൾക്കൊള്ളുന്നവയാണ് ഓപ്ഷൻ 1. ശുചിത്വമിഷന്റെ വിഹിതം ഇല്ലാതെ നടപ്പാക്കുന്നവയാണ് ഓപ്ഷൻ 2.

എല്ലായ്പ്പോഴും ഓപ്ഷൻ 1 നാണ് പ്രാഥമിക പരിഗണന നൽകേണ്ടത്.

**(സി) ഖരമാലിന്യ സംസ്കരണത്തിനുള്ള സാദ്ധ്യതകൾ**

(i) **സാനിട്ടേഷൻ കിയോസ്ക്/ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ :** ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇതിനുള്ള ഉപാധികളും (കമ്പോസ്റ്റിംഗ്/ ബയോമെതനേഷൻ) ഇനോക്കുലം മുതലായ വസ്തുക്കളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും ശുചിത്വ മിഷന്റെയും അംഗീകൃത സേവനദാതാക്കളുടെയും സ്വയംസഹായ സംഘങ്ങളുടെയും സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സാനിട്ടേഷൻ കിയോസ്ക് സ്ഥാപിക്കാം. സാനിട്ടേഷൻ കിയോസ്ക് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററായും പ്രവർത്തിക്കേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സംശയനിവാരണം നടത്തുന്നതിനും യൂസർ ഫീ അടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തണം. ജൈവ ഖരമാലിന്യ സംസ്കരണത്തിനുള്ള ചെറു ഉപാധികൾ, കിച്ചൻബിൻ, ബയോബിൻ, റിംഗ് കമ്പോസ്റ്റ്, പോട്ട് കമ്പോസ്റ്റ്, പ്രകൃതിസൗഹൃദ വസ്തുക്കൾ, ഇനോക്കുലം മുതലായവ ഇതുവഴി ലഭ്യമാക്കണം. സാനിട്ടറി കിയോസ്ക്/ ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട്, വികസന ഫണ്ട് എന്നിവ ഉപയോഗിക്കാം. നിലവിൽ കെട്ടിട സൗകര്യം ഉണ്ടെങ്കിൽ ആ കെട്ടിടത്തിലോ, അല്ലായെങ്കിൽ ഒരു സെമി പെർമനെന്റ് ഷെഡ് ഉണ്ടാക്കി/ വാടകയ്ക്ക് എടുത്ത് ഇതിനായി സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ ഇതിനുള്ള തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതുമാണ്.

(ii) **ഇനോക്കുലം നിർമ്മാണ യൂണിറ്റ് :** അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം ലഭിച്ച വ്യക്തികൾക്ക് ഇനോക്കുലം (സൂക്ഷ്മാണു മിശ്രിതം) നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കോൺസെൻട്രേറ്റ് വേണം ഇനോക്കുലം നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്. ഈ യൂണിറ്റുകൾ നിർമ്മിക്കുന്ന ഇനോക്കുലം വാങ്ങി, ജില്ലാതലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ, 90 ശതമാനം സബ്സിഡിയോടെ ഹരിത കർമ്മസേന വഴി വിതരണം ചെയ്യാവുന്നതാണ്. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകാം. എന്നാൽ ഇനോക്കുലം സംരംഭകരിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് /നഗരഭരണ സ്ഥാപനങ്ങൾ മാത്രമേ എടുക്കാൻ പാടുള്ളൂ.

(iii) **സംരംഭങ്ങൾക്ക് സൗജന്യ മാലിന്യ സംസ്കരണ സംവിധാനവും ജൈവവള ഉല്പാദനത്തിന് ഇൻസെന്റീവും** : തദ്ദേശഭരണ സ്ഥാപനതലത്തിൽ പുതുതായി ആരംഭിക്കുന്ന, കാർഷിക ഫാമുകൾ, പക്ഷി-മൃഗ-ക്ഷീര ഫാമുകൾ, മത്സ്യകൃഷി ഫാമുകൾ ചെറുകിടവ്യവസായങ്ങൾ എന്നിവയ്ക്ക് അനുയോജ്യവും ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ സൗജന്യമായി നിർമ്മിച്ച് നൽകാം. ഇത് പ്രവർത്തിപ്പിക്കുന്നതിനായി ഉടമ തന്നെ ആവശ്യമായ തൊഴിലാളികളെ നിയോഗിക്കണം. അവർക്ക് പ്ലാന്റ് പരിപാലനത്തിലും മൂല്യവർദ്ധിത ജൈവ വള നിർമ്മാണത്തിനുമുള്ള പരിശീലനം നൽകാവുന്നതാണ്. പൊതുജനങ്ങളുടെ പരാതി ഇല്ലാതെ പ്ലാന്റ് പ്രവർത്തിപ്പിച്ച് മാലിന്യം സംസ്കരിച്ചതിന്റെയും ഉല്പാദിപ്പിച്ച ജൈവ വളത്തിന്റെയും വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന ഫാം ഉടമയ്ക്ക് ഗുണമേന്മയുള്ള ജൈവവളം ഉൽപ്പാദനത്തിനുള്ള വാർഷിക ഇൻസെന്റീവ് നൽകാവുന്നതാണ്.

**(ഡി) ഖര-ദ്രവ മാലിന്യ സംസ്കരണം – മറ്റു നിർദ്ദേശങ്ങൾ**

(1) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്. [സ.ഉ.(സാധാ)നം.2307/2021/തസ്വഭവ തീയതി 18.11.2021 കാണുക]. 2022-23 ൽ തന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഇത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

(2) ഗാർഹിക ബയോ മെഡിക്കൽ മാലിന്യങ്ങളുടെ (ഡ്രൈ വേസ്റ്റ്, വെറ്റ് വേസ്റ്റ്) ശേഖരണം, സംഭരണം, കൈയ്യൊഴിയൽ എന്നിവയ്ക്കായി സ.ഉ.(സാധാ)നം.1227/2022/തസ്വഭവ; തീയതി 16.05.2022 പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(3) നിർമ്മാണ പ്രവർത്തനങ്ങളുടെയും നിർമ്മിതികൾ  പൊളിച്ചു നീക്കുന്നതിന്റെയും ഫലമായുണ്ടാകുന്ന അവശിഷ്ടങ്ങൾ (C&D Waste) സംഭരിക്കുന്നതിനും അവ സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(4) പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അവ recycle/upcycle ചെയ്ത് പുനഃരുപയോഗിക്കുന്നതിനുമുള്ള സംയോജിത മാലിന്യ സംസ്കരണ പ്ലാന്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(5) വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്ക്രാപ്പും, പാഴ്‌വസ്തുക്കളും ശേഖരിക്കുന്ന പിക്ക്അപ്പ് പേഴ്സൺമാരെ (റാഗ് പിക്കർ/വേസ്റ്റ് പിക്കർ/വേസ്റ്റ് കളക്ടർ) കണ്ടെത്തി  അവരുടെ രജിസ്ട്രേഷൻ നടത്തുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും അത്തരം വ്യക്തികൾ/ ഏജൻസികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇവരുടെ സേവനം ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവയ്ക്കായി  ഉപയോഗിക്കാവുന്നതാണ്.

(6) ഹരിതകർമ്മ സേനകൾ വഴിയുള്ള അജൈവ മാലിന്യശേഖരണത്തിലൂടെ ഖരമാലിന്യ സംസ്കരണ രംഗത്ത് ഏറെ മുന്നോട്ട് പോകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിലെ വിടവുകളെ അഭിസംബോധന ചെയ്യുന്നതിനും ഹരിത കർമ്മ സേനകളെ ശക്തിപ്പെടുത്തുന്നതിനും ഉള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഹരിത കർമ്മസേനകൾക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് വാഹനങ്ങൾ വാങ്ങി നൽകാവുന്നതാണ്.

(7) ഹരിത കർമ്മസേനകളുടെ വരുമാനം സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം. പ്രാരംഭ ഘട്ടങ്ങളിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) അനുവദിക്കേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വി.ജി.എഫ് നൽകാവുന്നതാണ്.

(i) നിലവിൽ വാതിൽപ്പടി ശേഖരണം നടത്തി വരുന്ന ഹരിത കർമ്മ സേനകൾക്ക് പരമാവധി 2022 നവംബർ 30 വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. എന്നാൽ 2022 നവംബർ 30-ന് ഒരു വർഷം ആകാത്ത ഹരിത കർമ്മ സേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിച്ച തീയതി മുതൽ പരമാവധി ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മ സേനകളുടെ പ്രവർത്തനവും വാതിൽപ്പടി സേവനവും കാര്യക്ഷമമാക്കുകയും വരുമാനം സ്ഥായിയാക്കുകയും വേണം.

(ii) പുതുതായി രൂപീകരിക്കുന്ന ഹരിതകർമ്മസേനകൾക്ക് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കാവുന്നതാണ്.

(iii) സ.ഉ.(സാധാ)നം.1250/2021/തസ്വഭവ; തീയതി 02.07.2021 മുഖേന നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടത്.

(iv) വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് തനതു ഫണ്ട് / പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്/ബേസിക് ഗ്രാന്റ്) എന്നിവ ഉപയോഗിക്കാവുന്നതാണ്.

(8) അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയ്ക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കണം. തീപിടുത്ത സാധ്യതാ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ, വെയിംഗ് മെഷീൻ, തൊഴിലാളികൾക്ക് വേണ്ട ടോയിലറ്റ്, ചെയിഞ്ചിംഗ് റൂം, എന്നിവ സ്ഥാപിക്കണം. ആർ.ആർ.എഫ് ബ്ലോക്ക് തലത്തിൽ ഒന്ന് എന്ന രീതിയിൽ സ്ഥാപിക്കുന്നതാകും അഭികാമ്യം. എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ നടത്തിപ്പിനായി ദിവസവേതനാടിസ്ഥാനത്തിൽ കെയർ ടേക്കറെ (ടെക്നീഷ്യൻ) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും അതിനായി സ.ഉ.(പി)നം.29/2021/ ധന തീയിതി 11.01.2021-ലെ കാറ്റഗറി I വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് അനുവദനീയമായ ദിവസവേതനം

നൽകാവുന്നതുമാണ്. പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം)/ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്)/ തനത് ഫണ്ട് എന്നിവയിൽ നിന്നും ഇതിനായുള്ള തുക കണ്ടെത്താവുന്നതുമാണ്.

(9) ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴി കക്കൂസുകളാക്കുകയോ സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുകയോ ചെയ്ത് ശുചിത്വ കക്കൂസുകളാക്കി മാറ്റുന്നതിനുള്ള റെട്രോഫിറ്റിംഗിനായി ഒരു ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപന ഓവർസീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 10,000 രൂപയിൽ അധികരിക്കാത്ത ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(10) അഴുക്കുചാലുകൾ, സെപ്റ്റിക് ടാങ്കുകൾ, മാൻഹോളുകൾ, സീവർ ലൈനുകൾ എന്നിവയുടെ ശുചീകരണം, തടസം നീക്കൽ, സ്ലഡ്ജ് നീക്കം ചെയ്യൽ എന്നിവ യന്ത്രങ്ങൾ ഉപയോഗിച്ചും മറ്റ് അത്യാധുനിക സംവിധാനങ്ങളുടെ സഹായത്തോടെയും നഗരഭരണ സ്ഥാപനങ്ങൾ നിർവഹിക്കണം. ഇതിനായി വാങ്ങാവുന്ന യന്ത്രങ്ങളുടെ/ ഉപകരണങ്ങളുടെ/വാഹനങ്ങളുടെ ലിസ്റ്റും വിലയും ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനാവശ്യമായ പ്രോജക്ടുകൾക്ക് പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), ശുചിത്വ മിഷൻ വിഹിതം, തനത് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്.

(11) 'തെളിനീരൊഴുകും നവകേരളം' ക്യാമ്പയിനിന്റെ ഭാഗമായി ഉയർന്നുവന്ന ഖര-ദ്രവ മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(12) നഗരഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുമായി (KSWMP) സംയോജിപ്പിക്കേണ്ടതാണ്.

(13) ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലത്തിൽ അനുയോജ്യമായ ഭൂമി /കെട്ടിടം കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ഭൂമി/കെട്ടിടം വാങ്ങേണ്ടതുണ്ടെങ്കിൽ ആവശ്യമായ തുക പൊതുവിഭാഗം വികസനഫണ്ട് (സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്), തനത് ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തണം. ഭൂമി വാങ്ങുന്നതിന് ഖണ്ഡിക 8.2-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

(14) ജലസ്രോതസ്സുകൾ, പൊതു സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വ്യാപാരി-വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പ്രദേശവാസികൾ, സ്കൂൾ പി.റ്റി.എ, എച്ച്.എം.സി. എന്നിവരുടെ സഹായത്തോടെ സി.സി ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(15) ജല ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ലാബുകളുടെ തുടർപ്രവർത്തനത്തിനാവശ്യമായ തുക ജില്ലാപഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തണം. ജലഗുണനിലവാരം സംബന്ധിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അത് ആരോഗ്യ വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടിയും സ്വീകരിക്കണം. എം.എൽ.എ ഫണ്ടിൽ നിന്നും ആ സ്കൂളിലേക്ക് ഇതിനായി തുക അനുവദിച്ചിട്ടില്ലെങ്കിൽ മാത്രമേ ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുക്കാവൂ.

## 6.9 അക്ഷയ ഊർജ്ജം

| ക്രമ നം | പ്രോജക്ട് | യൂണിറ്റ് നിരക്ക് | സബ്സിഡി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര പ്ലാന്റ് ശേഷി 1 KW (Off Grid Solar Power plants) | 1,50,000 രൂപ | എല്ലാ വിഭാഗങ്ങൾക്കും 20% (പരമാവധി 30,000 രൂപ) | 1. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള 1 KW ശേഷിയുള്ള സൗരമേൽക്കൂര വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. ഗുണഭോക്താക്കൾ ഈ കമ്പനികൾ മുഖേനയാണ് പ്ലാന്റ് സ്ഥാപിക്കേണ്ടത്.<br>2. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| 2 | സൗര ഗാർഹിക വിളക്ക് (Solar Domestic Light) | 4,000 രൂപ | ജനറൽ വിഭാഗം -40% (പരമാവധി 1,600 രൂപ) | 1. നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സൗരഗാർഹികവിളക്ക് വിതരണം ചെയ്യുന്ന കമ്പനികളുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കൾക്ക് സൗരഗാർഹിക വിളക്ക് വാങ്ങി വിതരണം ചെയ്യാവുന്നതാണ്.<br>2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | | പട്ടികജാതി വിഭാഗം 75% (പരമാവധി 3,000 രൂപ) | |
| | | | പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 4000 രൂപ) | |
| 4 | ബയോഗ്യാസ് പ്ലാന്റ് - (പോർട്ടബിൾ മോഡൽ)- 0.75 ക്യൂബിക് മീറ്റർ ഗ്യാസ് ലഭിക്കുന്നു) | 18,000 രൂപ | ജനറൽ വിഭാഗം – 50% (പരമാവധി 9,000 രൂപ) | 1. 0.75 ക്യൂബിക് മീറ്റർ പ്രതിദിനശേഷിയുള്ള FRP നിർമ്മിതമായ ഗാർഹിക പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നവരുടെ ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്. ഈ ലിസ്റ്റിൽ നിന്ന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.<br>2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | | പട്ടികജാതി വിഭാഗം – 75% (പരമാവധി 13,500 രൂപ) | |
| | | | പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 18,000രൂപ) | |
| 5 | മെച്ചപ്പെട്ട വിറകടുപ്പ് | 5000 രൂപ | ജനറൽ വിഭാഗം –75% (പരമാവധി 3,750 രൂപ) | 1. മെച്ചപ്പെട്ട വിറകടുപ്പുകളുടെ മോഡലുകളും അവ സ്ഥാപിച്ചു നൽകുന്നവരുടെ അംഗീകൃത ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതാണ്.<br>2. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. |
| | | | പട്ടികജാതി വിഭാഗം – 90% (പരമാവധി 4,500 രൂപ) | |
| | | | പട്ടികവർഗ്ഗ വിഭാഗം – 100% (പരമാവധി 5,000 രൂപ) | |

### 6.9.6 സൂക്ഷ്മ ജല വൈദ്യുത പദ്ധതികൾ ( Micro Hydro Power Projects)

കേരളത്തിൽ പ്രത്യേകിച്ച് മലയോര മേഖലകളിൽ ഒരു കിലോവാട്ട് മുതൽ 10 കിലോ വാട്ട് വരെ ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. യുടെ നിലവിലുള്ള വൈദ്യുതി ലൈനുമായി ബന്ധിപ്പിച്ചുകൊണ്ട് ആരംഭിക്കാൻ കഴിയും. ഇ.എം.സി യുടെ സാങ്കേതിക സഹായം പദ്ധതി നടത്തിപ്പിന് ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നേരിട്ട് ഇത്തരം പ്ലാന്റുകൾ ആരംഭിക്കാവുന്നതാണ്. ഒപ്പം സ്വകാര്യ സംരംഭകർ സ്വന്തം ഭൂമിയിലോ പാട്ടവ്യവസ്ഥയിലുള്ള ഭൂമിയിലോ നിർമ്മിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും താഴെപറയും പ്രകാരം ധനസഹായം നൽകാവുന്നതാണ്. സ്വതന്ത്ര സംരംഭം എന്ന നിലയിലോ സംരംഭങ്ങൾക്കു വേണ്ട ഊർജ്ജ സ്രോതസ്സ് എന്ന നിലയിലോ ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്.

(i) ഒരു കിലോ വാട്ടിന് ഒന്നരലക്ഷം രൂപ മതിപ്പ് ചെലവ് എന്ന കണക്കിൽ പൊതു വിഭാഗത്തിന് 20 ശതമാനവും SC വിഭാഗത്തിന് 75 ശതമാനവും ST വിഭാഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്.

(ii) വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകണം.

## 6.10 സഹകരണം

(1) **പൊതുവ്യവസ്ഥകൾ**

1. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

2. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പൂർണ്ണമായും തങ്ങളുടെ പ്രദേശത്തിനുള്ളിൽ പ്രവർത്തന പരിധിയുള്ള (area of operation) സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ധനസഹായം നൽകാവുന്നത്. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ അവയുടെ പ്രവർത്തന പരിധി ഭാഗികമായി മറ്റ് ഗ്രാമപഞ്ചായത്തുകളിൽ/ നഗരഭരണ സ്ഥാപനങ്ങളിൽ കൂടിയുണ്ടെങ്കിലും അവയ്ക്ക് ധനസഹായം നൽകാവുന്നതാണ്.

3. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ഭാഗികമായി പ്രവർത്തന പരിധിയുള്ള ഉപഭോക്തൃ സംഘങ്ങൾക്ക് അവയുടെ പ്രവർത്തന പരിധി നഗരപ്രദേശങ്ങളിൽ കൂടിയുണ്ടെങ്കിലും ധനസഹായം നൽകാവുന്നതാണ്.

(2) **അപേക്ഷ സ്വീകരിക്കൽ**

1. തദ്ദേശഭരണ സ്ഥാപനതലത്തിലെ യോഗ്യതയുള്ള എല്ലാസംഘങ്ങൾക്കും അപേക്ഷിക്കാം.

2. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട് പ്രൊപ്പോസൽ നൽകണം.

3. ഇതേ ഇനങ്ങൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യം നേടിയിട്ടുണ്ടാകാൻ പാടില്ല.

(3) **യോഗ്യതാ മാനദണ്ഡങ്ങൾ**

1. സംഘം മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്നതായിരിക്കണം.

2. ധനസഹായം നൽകുന്നതിന് തൊട്ടുമുമ്പുള്ള വർഷം പ്രവർത്തന ലാഭമുള്ളതായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ 3 വർഷങ്ങൾക്കിടയിൽ ഒരു വർഷമെങ്കിലും 50 ശതമാനത്തിലധികം പ്രവർത്തനനഷ്ടം ഉണ്ടായിട്ടില്ല എന്ന നിബന്ധന മതിയാകും.

3. ധനസഹായം നൽകുന്നതിന് തൊട്ടുമുമ്പുള്ള വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

4. നിർമ്മാണ പ്രവർത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും, വാങ്ങൽ ഉണ്ടെങ്കിൽ ഇൻവോയ്സും ഹാജരാക്കണം.

5. പ്രോജക്ട് അടങ്കലിൽ സംഘത്തിന്റെ വിഹിതം എത്രയാണെന്നുള്ള ഭരണ സമിതിയുടെ സാക്ഷ്യപത്രം ഹാജരാക്കണം.

### (4) മുൻഗണനാ മാനദണ്ഡങ്ങൾ

1. പെയിഡ് സെക്രട്ടറിയുണ്ടായിരിക്കണം.
2. ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ എടുത്ത സംഘങ്ങൾ.
3. പ്രതീക്ഷിക്കുന്ന ഉല്പാദനവർദ്ധനവിന്റെയും, തൊഴിലവസര വർദ്ധനവിന്റെയും, സേവനഗുണമേന്മാ വർദ്ധനവിന്റെയും, നിർണ്ണയിക്കപ്പെടുന്ന മറ്റ് ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാലിസ്റ്റ് തയ്യാറാക്കണം.
4. വിപണന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് മുൻഗണന നൽകണം.
5. മറ്റ് മുൻഗണനകൾ തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കാവുന്നതാണ്.

### (5) തെരഞ്ഞെടുപ്പ് പ്രക്രിയ

1) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പ്രൊപ്പോസലുകൾ പരിശോധിക്കണം. സംഘത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റേയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് അർഹതാ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരം വാങ്ങണം.

2) സഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടതായി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ പ്രോജക്ട് നിർവ്വഹണത്തിന് സംഘത്തിന്റെ ഭരണസമിതി തീരുമാനമെടുക്കേണ്ടതും സെക്രട്ടറി തദ്ദേശഭരണ സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതുമാണ്.

## 6.10 (എ) ക്ഷീര സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം | സബ്സിഡി ശതമാനം | പരമാവധി സബ്സിഡി തുക | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാൻറുകൾ സ്ഥാപിക്കൽ | ചെലവിന്റെ 50% | 14 ലക്ഷം രൂപ | മുൻവർഷം പ്രതിദിനം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്ത സംഘങ്ങൾ |
| 2 | പാൽ ശീതീകരണികൾ വാങ്ങുന്നതിന് | വിലയുടെ 50% | 4 ലക്ഷം രൂപ | മുൻവർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ കൈകാര്യം ചെയ്ത സംഘങ്ങൾ |
| 3 | ഓട്ടോമാറ്റിക് മിൽക് പായ്ക്കിംഗ് മെഷീൻ | വിലയുടെ 50% | 4 ലക്ഷം രൂപ | മുൻവർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ചതും 200 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ. |
| 4 | പാൽ ശേഖരിക്കുന്ന മുറികൾ | ചെലവിന്റെ 50% | 2 ലക്ഷം രൂപ | മുൻ വർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ |
| 5 | ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ് | ചെലവിന്റെ 50% | 1 ലക്ഷം രൂപ | മുൻ വർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ |
| 6 | പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉപകരണം | വിലയുടെ 50% | 50,000 രൂപ | മുൻ വർഷം പ്രതിദിനം 200 ലിറ്റർ പാൽ ശേഖരിച്ച സംഘങ്ങൾ |
| 7 | സ്റ്റെയിൻലസ് സ്റ്റീൽ അലോയ്- 304 ഗ്രേഡ് 40 ലിറ്റർ സംഭരണി | വിലയുടെ മൂന്നിലൊന്ന് (33 1/3 %) | ഒരു സംഭരണിക്ക് പരമാവധി 2000 രൂപ | ഒരു സംഘത്തിന് പരമാവധി 10 സംഭരണികൾ |
| 8 | മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീര സംഘങ്ങൾക്കുള്ള മിൽക് ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് | യഥാർത്ഥ ചെലവ് (പരമാവധി പ്രതിമാസം 5000 രൂപ) | | 1. മിൽക്ക്റൂട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നതിന്<br>2. പുതിയതായി ആരംഭിച്ച ക്ഷീരസംഘങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ |
| 9 | ക്ഷീര സംഘങ്ങൾക്ക് കീഴിൽ മൊബൈൽ മിൽക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക | 75 %. | പരമാവധി 1,00,000 രൂപ | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് ഈ യൂണിറ്റുകൾ തുടങ്ങുന്നതിന് ക്ഷീരസംഘങ്ങൾ മുൻഗണന നൽകേണ്ടതാണ് |
| 10 | ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | ഒരു സംഘത്തിന് 2,00,000 രൂപ (ഒറ്റത്തവണ) | | 1. ഒരു ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങാൻ 40,000 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നതാണ് പദ്ധതി.<br>2. ഈ തുക നൽകുന്ന തീയതി മുതൽ ഗുണഭോക്താവിൽ നിന്നും ഓരോ മാസവും നിശ്ചിത തുക വച്ച് പാൽ വിലയിൽ കുറവ് ചെയ്യുകയോ/ തിരിച്ചടവായി പണം വാങ്ങുകയോ വേണം.<br>3. ഇങ്ങനെ സ്വരൂപിക്കുന്ന തുക അർഹതപ്പെട്ട അടുത്ത ഗുണഭോക്താവിന് നൽകേണ്ടതാണ്. ഈ പ്രക്രിയ തുടരണം |

കുറിപ്പ്: (1) ക്രമ നമ്പർ 1,2,3,5,6 എന്നിവ ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കേണ്ടതാണ്.

(2) ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

## 6.10 (ബി) മത്സ്യ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം. | സബ്സിഡി നിരക്ക് | പരമാവധി സബ്സിഡി തുക | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | എഫ്.ഡബ്ല്യൂ.സി. എസിന് ( Fisheries Welfare Co-Operative Society) മത്സ്യ വിപണന വാഹനം | വിലയുടെ 50% | പരമാവധി 1.25 ലക്ഷം രൂപ | 1. എഫ്.ഡബ്ല്യൂ.സി. എസ് ന് മാത്രം |
| 2 | ലേലഹാൾ നിർമ്മാണം | നിർമ്മാണ ചെലവിന്റെ 50% | പരമാവധി 2 ലക്ഷം രൂപ | 1. എഫ്.ഡബ്ല്യൂ.സി. എസിന് ആയിരിക്കണം<br>2. പൂർണ്ണ തോതിൽ ലേല സംവിധാനം ഉള്ള മത്സ്യ സഹകരണ സംഘങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളൂ.<br>3. സ്വന്തമായി ഭൂമിയും ലേല സംവിധാനവും ഉണ്ടായിരിക്കണം. |
| 3 | മത്സ്യവിപണനം നടത്തുന്ന വനിതകൾക്ക് വിശ്രമസ്ഥലവും ടോയിലറ്റ് സൗകര്യവും | നിർമ്മാണ ചെലവിന്റെ 50% | പരമാവധി 1 ലക്ഷം രൂപ | 1. എഫ്.ഡബ്ല്യൂ.സി. എസിന് ആയിരിക്കണം<br>2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം |
| 4 | മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം | വിലയുടെ 50% | ഉയർന്ന പരിധി 2.50 ലക്ഷം രൂപ | 1. എഫ്.ഡബ്ല്യൂ.സി. എസിന് ആയിരിക്കണം<br>2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം |
| 5 | ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം | വിലയുടെ മൂന്നിലൊന്ന് (33 1/3 % ) | ഉയർന്ന പരിധി 2.50 ലക്ഷം രൂപ | |
| 6 | മത്സ്യസംസ്കരണ പ്ലാൻറുകൾ | വിലയുടെ 50% | ഉയർന്ന പരിധി 8 ലക്ഷം രൂപ | |
| 7 | അലങ്കാര മത്സ്യം വളർത്തൽ | വിലയുടെ 50% | ഉയർന്ന പരിധി 50,000/- രൂപ | 1. എഫ്.ഡബ്ല്യൂ.സി. എസിന് ആയിരിക്കണം<br>2. സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം |
| 8 | മത്സ്യം ഉണക്കുന്ന തിനുള്ള ഡ്രയറുകൾ | വിലയുടെ 80% | ഉയർന്ന പരിധി 75,000 രൂപ | |

കുറിപ്പ്: (1) ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

### 6.10 (സി) പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ

| ക്രമ.ന മ്പർ | ഇനം | സബ്സിഡി നിരക്ക് | ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | Minor Forest Produce (MFP) ശേഖരണത്തിന് ധനസഹായം | 4,00,000 രൂപ (റിവോൾവിംഗ് ഫണ്ട്) | 4,00,000 രൂപ (റിവോൾവിംഗ് ഫണ്ട്) | 1. വനഉൽപ്പന്നങ്ങൾ ശേഖരിച്ച് ന്യായ വില നൽകുകയാണ് ലക്ഷ്യം. ഇതുവഴി ഇടനിലക്കാരെ ഒഴിവാക്കാം. ശേഖരിക്കുന്ന വിഭവങ്ങൾ പൊതുമാർക്കറ്റിൽ വിറ്റ് സംഘത്തിന്റെ പൊതുവരവിൽ ചേർക്കണം. വനവിഭവങ്ങൾ അംഗങ്ങളുടെ വീടുകളിൽ നിന്ന് (ഊരുകളിൽ നിന്ന്) നേരിട്ട് ശേഖരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായി ക്യാരിയർ ഘടിപ്പിച്ച ഓട്ടോറിക്ഷ 100 ശതമാനം സബ്സിഡിയോടെ സംഘത്തിന് നൽകാം.<br>2. ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും. |

### 6.10 (ഡി) കയർ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്ക് | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | നാളീകേരതൊണ്ട് ശേഖരണത്തിന് പെട്ടി ഓട്ടോറിക്ഷ /പിക് അപ്പ് | ഗ്രൂപ്പുകൾക്ക് | പരമാവധി 50,000 രൂപ | 1. നാളീകേര തൊണ്ട് ശേഖരിക്കുന്നതിന് രണ്ട് അംഗങ്ങളുള്ള ഗ്രൂപ്പിന് ഡീഫൈബറിംഗ് യൂണിറ്റിലേക്ക് തൊണ്ട് എത്തിക്കുന്നതിന് പെട്ടി ഓട്ടോറിക്ഷ വാങ്ങുവാൻ സബ്സിഡി നൽകാവുന്നതാണ്.<br>2. കുടുംബശ്രീ അംഗങ്ങൾ/ഹരിത കർമ്മസേന അംഗങ്ങൾക്ക് മുൻഗണന നൽകണം.<br>3. ഇലക്ട്രിക് ഓട്ടോ/പിക് അപ്പ് വാങ്ങുന്നവർക്ക് തദ്ദേശഭരണ സ്ഥാപനം നൽകുന്ന സബ്സിഡിയ്ക്ക് പുറമെ സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ 30,000/- രൂപ കൂടി ലഭിക്കുന്നതിന് അർഹരാണ്.<br>4. വാഹനം രജിസ്റ്റർ ചെയ്തതിനുശേഷം വകുപ്പിന്റെ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താവ് പ്രത്യേകമായി അപേക്ഷ നൽകണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിനെ അറിയിക്കണം.<br>5. ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സഹായം തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് എനർജി മാനേജ്മെന്റ് സെന്റർ കേരള നൽകുന്നതാണ്.<br>6. ബാറ്ററി ചാർജ്ജ് ചെയ്യുന്നതിന് സ്വാപ്പിംഗ് സ്റ്റേഷൻ ഉള്ള നഗരങ്ങളിൽ സ്വാപ്പിംഗ് ബാറ്ററിയോ ഫിക്സഡ് ബാറ്ററിയോ ഉള്ള വാഹനം വാങ്ങാവുന്നതാണ്. മറ്റുള്ള പ്രദേശങ്ങളിൽ ഫിക്സഡ് ബാറ്ററി ഉള്ള വാഹനം മാത്രമേ വാങ്ങാവൂ.<br>7. ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും. |

## 6.10 (ഇ) മറ്റ് സഹകരണ സംഘങ്ങൾ

**(കാർഷിക, വ്യവസായ, കൈത്തറി, ഖാദി, കയർ, പട്ടികജാതി-പട്ടികവർഗ്ഗ , വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയവ)**

| ക്രമ നം | ഇനം | സബ്സിഡി നിരക്ക് | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന പരമാവധി ധനസഹായം | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | 1. ആധുനികവത്കരണം<br>2. വിപണന സൗകര്യം.<br>3. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉല്പാദന വർദ്ധനവ്<br>4. സേവന ഗുണമേന്മാ വർദ്ധനവ്<br>5. അടിസ്ഥാന സൗകര്യ വികസനം എന്നിവക്കുള്ള ധനസഹായം | പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം | 15 ലക്ഷം രൂപ | സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ നിർമ്മിതിക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50% (പരമാവധി 15 ലക്ഷം രൂപ) ധനസഹായം നൽകാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് കെട്ടിട നിർമ്മാണമെങ്കിൽ പ്രോജക്ട് പ്രകാരമുള്ള മൊത്തം മെഷർമെന്റ് തുകയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകാം |
| 2 | കൊപ്ര, കുരുമുളക്, മത്സ്യം,, മരച്ചീനി മറ്റ് ഉല്പന്നങ്ങൾ ഉണക്കുന്നതിനുള്ള ഡ്രയറുകൾ | വിലയുടെ 80% | പരമാവധി 75,000 രൂപ | |
| 3. | മൊബൈൽ വിപണന സംവിധാനം<br>1) പ്രാഥമിക കാർഷിക വ്യവസായ സംഘങ്ങൾ<br>2) മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ<br>3) മറ്റ് സഹകരണ സംഘങ്ങൾ | 1. ഓരോ പ്രപ്പോസലിന്റെയും അടങ്കൽ തുകയുടെ 30 %<br>2. പരമാവധി 1,00,000 രൂപ | 1) അസംസ്കൃത സാധനങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവക്കുള്ള വിപണന ശൃംഖലക്കാണ് പ്രോജക്ട്.<br>2) 1969 ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അവയുടെ നിയമാവലി പ്രകാരമുള്ളതായ മാർക്കറ്റിംഗ് രീതി ആയിരിക്കണം. | |
| 4 | മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം | ഓരോ പ്രപ്പോസലിന്റെയും അടങ്കൽ തുകയുടെ 30% തുക | 1) 1969 ലെ കേരള സഹകരണ സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അവയുടെ നിയമാവലി പ്രകാരം അർഹതയുള്ള സംഘങ്ങൾക്ക് ധനസഹായം നൽകാം. | |

കുറിപ്പ്: ഖണ്ഡിക 6.10 (1) മുതൽ (5) വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.

## 6.10 (എഫ്) കൈത്തറി, കയർ, ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

| ക്രമ നം | ഇനം | സബ്സിഡി നിരക്ക് | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന പരമാവധി ധനസഹായം | മാനദണ്ഡങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം | 10 ലക്ഷം | 1) രണ്ട് വർഷത്തിനുള്ളിൽ പ്രവർത്തനരഹിതമായ സംഘങ്ങൾക്ക് മാത്രം ധനസഹായം നൽകാം.<br>2) സംഘത്തിന് നിയമാനുസൃതമുള്ള കമ്മിറ്റി നിലവിൽ ഉണ്ടായിരിക്കണം.<br>3) സംഘം പ്രവർത്തനരഹിതമാണെന്ന് ബന്ധപ്പെട്ട രജിസ്ട്രാർ സാക്ഷ്യപ്പെടുത്തണം.<br>4) തയ്യാറാക്കപ്പെട്ട സാമ്പത്തിക പ്രവർത്തന ക്ഷമതയുള്ള പുനരുദ്ധാരണ പദ്ധതി സഹകരണ സംഘം അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് മേധാവി അംഗീകരിക്കേണ്ടതാണ്.<br>5) അംഗീകരിക്കപ്പെട്ട പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടെങ്കിൽ അതിന്റെ ഭാഗമായും ഈ ധനസഹായം വിനിയോഗിക്കാവുന്നതാണ്.<br>6) നിലവിലുള്ള മുൻ ബാധ്യതകൾ തീർക്കാൻ ഈ തുക ഉപയോഗിക്കാൻ പാടില്ല.<br>7) ഖണ്ഡിക 6.10 (1) മുതൽ 5 വരെയുള്ള പൊതു വ്യവസ്ഥകൾ ബാധകമായിരിക്കും.<br>. |

# 7. ധനസഹായങ്ങൾ

## 7.1. സാമൂഹ്യനീതി

### 7.1.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

**(1)** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ഇല്ല.

**(2)** ഭിന്നശേഷിക്കാരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.

**(3)** ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അസ്സൽ പരിശോധനക്ക് ശേഷം ഗുണഭോക്താവിന് തിരികെ നൽകേണ്ടതും പകർപ്പ് മാത്രം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഇതും പരിഗണിക്കാവുന്നതാണ്.

**(4)** സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക പരിശോധന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കണം.

### 7.1.2 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് താഴെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണ്

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ**

(1) സർജിക്കൽ ഷൂസ്, ആംഗിൾബൂട്ട്, മോൾഡ് ഷൂസ്, ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്, അക്കോമഡേറ്റീവ് പാദരക്ഷകൾ.

(2) ഓർത്തോപീഡിക്ക് ഉപകരണങ്ങൾ, വിവിധതരം കറക്റ്റീവ് ഷൂസുകൾ.

(3) വിവിധതരം കൃത്രിമ അവയവങ്ങൾ - കാൽ, കൈ എന്നിവ.

(4) സഞ്ചാരസഹായികൾ - വിവിധതരം ക്രച്ചസ്, വാക്കേഴ്സ് .

(5) ലംബാർ കോർസൈറ്റ്, സ്പൈനൽബ്രേസ്, ജാക്കറ്റ്, നീബേസ് സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പ്ലിന്റ്സ് , വീൽചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ.

(6) സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - 40%ത്തിലേറെ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാൽ മതി. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും സ്കൂട്ടർ വാങ്ങാൻ ധനസഹായം നൽകാവുന്നതല്ല. ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.

**(ബി) കേൾവിശക്തി കുറഞ്ഞവർ**

(1) മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേഴ്വിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള കേഴ്വിസഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

(2) കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി കുട്ടികളുടെ

ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മുടക്കം കൂടാതെ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്.

**(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകണം.

**(ഡി) കാഴ്ച കുറഞ്ഞവർ**

1. ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ
2. ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് ഇവക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകൾ, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ് വെയർ ഉള്ള ലാപ്പ്ടോപ്പും കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങൾ.
3. കാഴ്ച കുറഞ്ഞവർക്കും കേൾവിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രയിലി അറ്റാച്ച്മെന്റുകൾ
4. ബ്രെയിലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ - ഷോർട്ട് ഹാന്റഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ്റൈറ്റർ, ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്/കമ്പ്യൂട്ടർ കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.
5. പ്രത്യേക പഠന സാമഗ്രികൾ
6. കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച്.

**7.1.3 ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ**

1. ഓരോരുത്തരേയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ. ഇതിനായി പ്രോജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം. ഒപ്പം മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്ന ഉപകരണങ്ങളും നൽകണം. കേരള സാമൂഹ്യ സുരക്ഷ മിഷൻ നൽകിയിട്ടുള്ള ഐഡന്റി കാർഡ് ഉള്ളവരെയും പരിഗണിക്കേണ്ടതാണ്.
2. എല്ലാ ഗ്രാമ–നഗര ഭരണ സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിശ്ചയിക്കുന്നതിനുമായി വൈദഗ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരും വർഷത്തെ പ്രോജക്ട് തയ്യാറാക്കാനായി ക്യാമ്പ് നടത്തേണ്ടതാണ്.
3. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണം -യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപ ക്രമത്തിൽ നൽകാവുന്നതാണ്.
4. ഉപകരണം ഉള്ളവർക്ക് തന്നെ വീണ്ടും അത് നൽകുന്നത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾ അതിനായി ഒരു ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**7.1.4 ഉപകരണങ്ങൾ വാങ്ങൽ**

1. ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ), National Institute of Physical Medicine & Rehabilitation (NIPMER തൃശ്ശൂർ, കല്ലേറ്റുംകര), മറ്റ് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നേരിട്ടും സർക്കാർ നിർദ്ദേശിക്കുന്ന ഗുണമേന്മ സർട്ടിഫിക്കേഷൻ ഉള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഇ-ടെണ്ടർ/ ടെണ്ടർ മുഖേനയും വാങ്ങാവുന്നതാണ്.

2. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ഇത്തരം പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഖണ്ഡിക 7.1.2 (എ)(6)ൽ പ്രതിപാദിച്ചിട്ടുള്ള സൈഡ് വീൽ ഘടിപ്പിച്ചിട്ടുള്ള സ്കൂട്ടർ നൽകുന്ന പ്രോജക്റ്റ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം.

3. ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ.

4. ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പ്രോജക്റ്റുകൾ ICDS സൂപ്പർ വൈസർ, CDPO, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വേണം പ്രോജക്റ്റ് നിർവഹണം നടത്തേണ്ടത്. എന്നാൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സഹായം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

### 7.1.5 ജില്ലാതലത്തിൽ സഹായ ഉപകരണങ്ങളുടെ റിപ്പയർ & സർവ്വീസ് സെൻറർ:-

ഉപകരണങ്ങളുടെ ഗ്യാരന്റി കാലാവധിക്കു ശേഷമുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ലഭ്യമാക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്തി റിപ്പയർ & സർവ്വീസ് സെന്റർ ജില്ലാതലത്തിൽ ആരംഭിക്കുന്നത് പരിഗണിക്കണം. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്റ്റ് എടുക്കാവുന്നതാണ്.

### 7.1.6 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നം | സ്റ്റാൻഡേർഡ്- ക്ലാസ്സ് - ഇനം | പ്രതിമാസ സ്കോളർഷിപ്പ് നിരക്ക് (രൂപ) | | വാർഷിക ബത്ത (രൂപ) |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 1 | 1 മുതൽ 4 ക്ലാസ് വരെ /നഴ്സറി ക്ലാസ് | 400 | 600 | 500 |
| 2 | 5 മുതൽ 8 ക്ലാസ് വരെ | 500 | 750 | 600 |
| 3 | 9, 10, +1, +2 ക്ലാസുകൾ | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400(പ്രതിമാസം) | -- | -- |
| 8 | ചലന വൈകല്യമുള്ളവർക്ക് സ്ഥാപനത്തിന്റെ വാഹന സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാ ചെലവ് (വിദ്യാലയം പ്രവർത്തിക്കുന്ന മാസങ്ങളിൽ) - | -- | -- | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) |

ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള സഹായധനം നൽകുന്നതിന് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. ക്രമ നമ്പർ 8 ന് യഥാർത്ഥ വൗച്ചറിന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്.

**(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ്/ ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾ - വാർഷിക ബത്ത | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്കുള്ള ബത്ത – രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ | 1000 |

ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള സഹായം നൽകുന്നതിന് സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. ക്രമ നമ്പർ 5 ന് വൗച്ചർ വാങ്ങണം.

**(സി)ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

| നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 1000/-രൂപ |
| 2 | യാത്രാബത്ത (പ്രതിമാസം) | 1000 |

**കുറിപ്പ് :** ഡേകെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പ് വരുത്തണം.

**(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർ**

| നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy) ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 1000 |

**(ഇ) സ്കോളർഷിപ്പ്/ബത്ത നൽകൽ:-**

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കണം. ഒപ്പം ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം. ഇത് ICDS സൂപ്പർ വൈസർ/ CDPO മോണിട്ടർ ചെയ്യണം. ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ICDS സൂപ്പർ വൈസർ CDPO മുഖേന ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്

7.1.7 തീവ്ര ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് ക്യാര്യറ്റുള്ള സ്കൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

കുറിപ്പ് :

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്.
2. ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്

### 7.1.8 ബഡ്സ് സ്കൂൾ:-

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സ്ഥാപിക്കാവുന്നതാണ്. നിശ്ചിത യോഗ്യതയുള്ളവരെ ടീച്ചർമാരായി നിയമിക്കാവുന്നതും. താഴെപറയും പ്രകാരം ഓണറേറിയം നൽകാവുന്നതുമാണ്.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | പ്രതിമാസ ഓണറേറിയം (രൂപ) |
|---|---|---|---|
| 1 | സ്പെഷ്യൽ ടീച്ചർ | 1) B Ed Special Education (MR, CP Autism<br>2) D Ed Special (MR, CP, AUTISM,, HI, VI)<br>3) Diploma in Early Childhood Special Education - MR (DECSE - MR)<br>4) Diploma in Community Based Rehabilitation<br>5) Diploma in Vocational Rehabilitation<br>6) Diploma in Special Education (DSE)<br>Note:-<br>MR - Mental Retardation<br>CP - Cerebral Palsy<br>HI - Hearing Impairment<br>VI - Visual Impairment | 32,560 |
| 2 | അസിസ്റ്റന്റ് ടീച്ചർ (without Special Training) | Plus Two | 24,520 |
| 3 | ആയ | | 18,390 |

2. സ്പെഷ്യൽ ടീച്ചർ, അസിസ്റ്റന്റ് ടീച്ചർ, ആയ എന്നിവർക്ക് സ.ഉ.(പി) നം.29/2021/ധന, തീയതി 11.02.2021 ഉത്തരവിലെ യഥാക്രമം കാറ്റഗറി IX (അസിസ്റ്റന്റ് ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ദ ഹാൻഡിക്യാപ്ഡ്), കാറ്റഗറി V (അസിസ്റ്റന്റ് ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ദ ഹാൻഡിക്യാപ്ഡ്), കാറ്റഗറി I (ആയ) വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയാണ് ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. ധനകാര്യവകുപ്പ് മേൽപ്പറഞ്ഞ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ആ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.
3. ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 1,180 രൂപ നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബഡ്സ് സ്കൂളുകൾക്ക് / റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് സ്ഥലം വാങ്ങൽ, കെട്ടിടനിർമ്മാണം, വർക്ക്ഷെഡ് നിർമ്മാണം, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഇതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്.

### 7.1.9 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ.

1. 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/ത.സ്വ.ഭ.വ, 06.04.2013 ലെ ജി.ഒ (എം.എസ്)നം.144/2013/ എൽ.എസ്.ജി.ഡി, എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.

2. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാർക്ക് ബഡ്സ് സ്കൂളിലേതിനു തുല്യമായ നിരക്കിൽ ഓണറേറിയം സ്ഥാപനത്തിന്റെ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.

3. ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാഹനം വാടകയ്ക്ക് എടുക്കാവുന്നതും വാടക തനത്ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്. തനത്ഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ വികസനഫണ്ട് (ജനറൽ) വിനിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിനും ഇതിൽ പങ്കാളിയാകാം.

### 7.1.10 ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപനതലത്തിൽ സ്പീച്ച്, ബിഹേവിയർ ആന്റ് ഓക്കുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ബഡ്സ് റിഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ കേന്ദ്രീകരിച്ച് ഈ സേവനം ലഭ്യമാക്കുന്നതിന് ക്രമീകരണം ചെയ്യാവുന്നതാണ്. കുട്ടികളെ രക്ഷകർത്താക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കണം. ഓരോ സ്പെഷ്യലിസ്റ്റിനും ഒരു സിറ്റിംഗിന് 1000 രൂപ വീതം നൽകണം. കുട്ടികൾക്ക് ആവശ്യമുള്ള റിഫ്രഷ്മെന്റിനും തുക വകയിരുത്താവുന്നതാണ്. കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ്സ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കണം. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സൗകര്യപ്രദമായിരിക്കും. സി.ഡി.പി.ഒ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

### 7.1.11 ബഡ്സ് റീ ഹാബിലിറ്റേഷൻ ആൻറ് വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ

പഠനം കഴിഞ്ഞ 18 വയസ്സ് പൂർത്തിയായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബ്ലോക്ക്/നഗരഭരണ സ്ഥാപന അടിസ്ഥാനത്തിൽ വൊക്കേഷണൽ പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇവിടെ ബുക്ക് ബൈൻഡിംഗ്, ടോയ് മേക്കിംഗ്, ആർട്ട് ആന്റ് ക്രാഫ്റ്റ്, കുട നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിന് പരിശീലനം നൽകാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ സേവനങ്ങൾക്കായി രക്ഷിതാക്കളുടെ സംഘടനയുടെ സേവനവും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും ഉപയോഗിക്കണം. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

### 7.1.12 സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിലേക്ക് മരുന്ന്

മാനസികരോഗം വന്ന് സെന്ററിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്ന് വകുപ്പ് മുഖേന ലഭ്യമല്ലാതെ വന്നാൽ ആവശ്യമുള്ള മരുന്ന് ജില്ലാ പഞ്ചായത്തിന് വാങ്ങി നൽകാവുന്നതാണ്.

### 7.1.13 ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക-കലാ മത്സരങ്ങൾ

(1) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല മത്സരം

സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടേയും കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്താവുന്നതാണ്. വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്. കുട്ടികളുടെ അദ്ധ്യാപകരെയും രക്ഷിതാക്കളെയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി ഇതു മാറ്റാൻ കഴിയണം. കുട്ടികൾക്ക് റിഫ്രെഷ്മെന്റും ഉച്ചഭക്ഷണവും നൽകണം. കുട്ടികൾക്കും രക്ഷകർത്താവിനും യാത്രാച്ചെലവിനായി ആകെ 300 രൂപ നിരക്കിൽ നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ യാത്രാചെലവ് മറ്റ് ചെലവുകൾ ഉൾപ്പെടെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്ന് 75,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

(2) ബ്ലോക്ക് തല മത്സരം

ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന മത്സരങ്ങൾക്ക്ശേഷം മത്സരയിനങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളെയും അവരുടെ രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരുടെ യോഗം വിളിച്ചു ചേർത്ത് ബ്ലോക്ക് തലത്തിലുള്ള മത്സരയിനങ്ങൾ, മത്സര തീയതി, മത്സരം നടക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച് ധാരണയിലെത്തണം. കുട്ടികൾക്കും രക്ഷകർത്താവിനും ആകെ 500/- രൂപ നിരക്കിൽ യാത്രാചെലവായി നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, യാത്രാചെലവ്, മറ്റ് ചെലവുകൾ ഉൾപ്പടെ 3 ലക്ഷം രൂപ വരെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാം.

### 7.1.14 വയോജന സൗഹൃദ പരിപാടികൾ

1. **പകൽവീട്, വയോജന പരിപാലന കേന്ദ്രങ്ങൾ** എന്നീ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്. ഇതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. നിലവിലുള്ള പകൽവീടുകൾ പരിപാലിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് എടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പുതിയ പകൽ വീടുകൾ/വയോജന പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകളും എടുക്കാവുന്നതാണ്.
2. **വയോജനങ്ങൾക്ക് കട്ടിൽ -** നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികരിക്കാതെ കട്ടിൽ നൽകാവുന്നതാണ്. 1.98 മീറ്റർ നീളവും 90 സെ.മീ. വീതിയും ഉള്ള കട്ടിലിൽ 8 മില്ലീ മീറ്റർ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച് മരത്തടിയിൽ/ സ്റ്റീലിൽ പണിത കട്ടിൽ ആണ് നൽകേണ്ടത്. 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും കൂടി കട്ടിൽ വാങ്ങി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

3. **വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ :-** നിർദ്ധനരായ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ (ഹിയറിംഗ് എയ്ഡ്, വീൽച്ചെയർ, വാക്കർ എന്നിവ) സൗജന്യമായി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

4. **കെയർ ഗിവർ പരിശീലനം:-** വയോജന സംരക്ഷണ മേഖലയിൽ പരിശീലനം ലഭിച്ച കെയർഗിവർമാരുടെ അഭാവം നേരിടുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റികൾ, മെഡിക്കൽ കോളേജുകൾ, മറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുമായി ചേർന്ന് കെയർഗിവർ പരിശീലനം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സംഘടിപ്പിക്കാവുന്നതാണ്.

7.1.15 **വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം :-** 2 ലക്ഷം രൂപവരെ വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

## 7.2. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ

### 7.2.1 വിവാഹ ധനസഹായം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് 75,000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. പട്ടികവർഗ്ഗകുടുംബത്തിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകാം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മാതാവും പിതാവും ഇല്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിന് 1.50 ലക്ഷം രൂപ ധനസഹായമായി നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാകളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ്.

### 7.2.2 മിശ്രവിവാഹിതർക്ക് ധനസഹായം

ദമ്പതികളിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായ മിശ്രവിവാഹിതർക്ക് (Intercaste Marriage, Inter Religion marriage) 75,000 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ധനസഹായം നൽകാവുന്നതാണ്. പട്ടികജാതി വിഭാഗക്കാർക്ക് കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വരുമാന പരിധി ബാധകമല്ല. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷമാണ് ധനസഹായത്തിന് അപേക്ഷ നൽകേണ്ടത്. ധനസഹായം ഭാര്യയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം.

### 7.2.3 വിദേശത്തു തൊഴിൽ ലഭിക്കുന്നതിന് ധനസഹായം

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് യഥാർത്ഥ ചെലവോ (വിസയുടേയും, വിമാന ടിക്കറ്റിന്റേയും ചാർജ്) പരമാവധി 1.25 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക ധനസഹായമായി നൽകാവുന്നതാണ്. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനുശേഷം ഗ്രാമസഭയിൽ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

**7.2.4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:-**

(i) സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും താഴെ പറയും പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | ധനസഹായ തുക |
|---|---|---|
| 1. | മെഡിക്കൽ | 30,000 രൂപ |
| 2. | എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദം | 25,000 രൂപ |
| 3. | ബിരുദം | 20,000 രൂപ |
| 4. | ബിരുദാനന്തര ബിരുദം | 30,000 രൂപ |
| 5. | ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം | 30,000 രൂപ |
| 6. | പോളിടെക്നിക്ക്/ഐ.റ്റി.ഐ | 20,000 രൂപ |
| 7. | പ്ലസ് 2 വിനുശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സ് | 15,000 രൂപ |
| 8. | സംസ്ഥാനത്തിനു പുറത്തുള്ള സർക്കാർ അംഗീകൃത സർവ്വകലാശാലകളിലെ റഗുലർ കോഴ്സ് | 50,000 രൂപ |
| 9. | പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗ്. | 15,000 രൂപ |

(ii) ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

**7.2.5 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം:-** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികളിൽ ദേശീയ - അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് കൂടുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് കാലാകാലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സമാന സ്കീമിന് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായ തുക നൽകാവുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ മാനദണ്ഡ പ്രകാരം അർഹതയുണ്ടെങ്കിൽ ധനസഹായതുക അതത് തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് നൽകാവുന്നതാണ്. പട്ടികവർഗ വികസന വകുപ്പിന് സമാന സ്കീം നിലവിലില്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണ്. ഇതിന് വേണ്ടിയുള്ള പ്രോജക്ടുകൾ എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. എന്നാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗീകരിച്ചതാകണം.

**7.2.6 വിദ്യാർത്ഥികൾക്ക് മേശയും കസേരയും:-** പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകാവുന്നതാണ്. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 5000 രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 6000 രൂപയും വീതം ഇതിനായി ചെലവഴിക്കാം. ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചർ നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ

ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന നൽകണം. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.7 **വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്:-** ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പ് ആണ് നൽകേണ്ടത്. (ലാപ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ അനുബന്ധം 4-ൽ നൽകിയിട്ടുണ്ട്). ഐ.റ്റി മിഷൻ ലാപ്പ്ടോപ്പിന്റെ വില നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കും വരെ GEM ൽ ലഭ്യമായ വിലക്ക് ലാപ്പ്ടോപ് വാങ്ങാം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ് ടോപ് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.8 **സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം**:- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും, സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്സ് സ്കൂൾ, നീറ്റ്, കീം, ഐ.ഇ.എൽ.റ്റി.എസ് എന്നീ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.2.9 **കുടിവെള്ള പദ്ധതികളുടെയും കമ്മ്യൂണിറ്റി ഹാളുകളുടേയും വൈദ്യുതി ചാർജ്ജ്:** പട്ടികജാതി/ പട്ടികവർഗ്ഗസങ്കേതങ്ങളിലെ കുടിവെള്ള പദ്ധതികൾ/കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്.

**7.2.10 ഊരുകൂട്ട വോളണ്ടിയർ**

പട്ടികവർഗ്ഗ ഊരുകളിലേക്ക് സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ഊരുകൂട്ട വോളന്റിയർമാരെ ജില്ലാപഞ്ചായത്തിനും നഗരസഭകൾക്കും നിയോഗിക്കാവുന്നതാണ്. ഇതിനായി ഊരിലെ തന്നെ പത്താംക്ലാസ് വരെയെങ്കിലും പഠിച്ച മൂന്ന് പേരുടെ പേരുകൾ ഊരുകൂട്ടം നിർദ്ദേശിക്കണം. അതിൽ നിന്നും ഒരാളിനെ ജില്ലാ പഞ്ചായത്ത്/നഗരസഭ തെരഞ്ഞെടുത്ത് കിലയിൽ പരിശീലനം നൽകി നിയോഗിക്കും. ഇവർക്ക് ഓണറേറിയമായി പ്രതിമാസം 5,000 രൂപ നിരക്കിൽ ജില്ലാപഞ്ചായത്തും/നഗരസഭകളും നൽകേണ്ടതാണ്. ചുമതലകൾ താഴെ പറയുന്നവയാണ്.

1. പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ കുട്ടികളുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുക, സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സൗകര്യം നൽകി അവരുടെ പഠന നിലവാരം ഉയർത്തുക, തുടർ വിദ്യാഭ്യാസം, സാമൂഹ്യ പഠനകേന്ദ്രത്തിന്റെ നടത്തിപ്പ് എന്നീ വിഷയങ്ങളിൽ ആവശ്യമായ സഹായം നൽകുക.
2. സർക്കാർ/ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ ഊരിലുള്ള ഓരോ ഭവനങ്ങളിലും ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

3. തദ്ദേശഭരണ സ്ഥാപനം, കുടുംബാരോഗ്യകേന്ദ്രം, കൃഷി ഭവൻ, സഹകരണ സംഘം, പട്ടിക വർഗ്ഗ പ്രമോട്ടർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, എന്നീ സ്ഥാപനങ്ങളും ഓഫീസിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സഹായം ഏകോപിപ്പിക്കുക.
4. മദ്യം, മയക്കമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായി അവബോധം ഉണ്ടാക്കുക.
5. ഊരിലെ അംഗങ്ങളെ സാമൂഹ്യ സുരക്ഷയും വികസനവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

### 7.2.11 പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ

പട്ടികജാതി/പട്ടികവർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ്സെറ്റ്, ചെണ്ട അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്. 5% തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. നിലവിൽ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് 3 വർഷങ്ങൾക്കു ശേഷം മാത്രമേ വീണ്ടും ആനുകൂല്യം നൽകാവൂ. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിവും പരിചയവും പ്രാവിണ്യവുമുള്ള 5 അംഗങ്ങളെങ്കിലുമുള്ള ഗ്രൂപ്പ് രൂപീകരിക്കണം. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.12 പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക് പ്രതിഭാപിന്തുണ

വിവിധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുകയാണ് ലക്ഷ്യം. അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരുംകാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഈ പ്രതിഭകളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ വിശദാംശങ്ങൾ വാങ്ങി അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നൂതന പ്രോജക്ടുകൾക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിക്ക് നൽകണം. ഈ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.13 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാവുന്നതാണ്. ധനസഹായ തുക 2 ലക്ഷം രൂപ. 50,000 രൂപ മുൻകൂറായി നൽകാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. ഒരു വീട്ടിലുള്ള എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവർക്കും ധനസഹായം നൽകാവുന്നതാണ്. സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്. എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. പഠനമുറിയുടെ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ (ലൈറ്റ്, ഫാൻ, പ്ലഗ് പോയിൻറടക്കം) ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9,100 രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കാവുന്നതാണ്. എന്നാൽ പരമാവധി തുക 2. ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം.

### 7.2.14 ബാലവാടി കം ഫീഡിംഗ് സെന്റർ, നഴ്സറി സ്കൂൾ

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും കൈമാറിയിട്ടുള്ള ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസൺ ഡേകെയർ സെന്റർ, നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഭക്ഷണം, യൂണിഫോം എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്.

### 7.2.15 പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ

(i) സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കായിക കലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരിക്കാൻ അർഹത നേടുന്ന വിദ്യാർത്ഥികളിൽ ചിലരെങ്കിലും തയ്യാറെടുപ്പിനും, യാത്രക്കൂലിക്കും സാമ്പത്തിക പരാധീനതയുള്ളതു കൊണ്ട് പങ്കെടുക്കാതെ വരുന്ന സ്ഥിതിയുണ്ട്. അതിനാൽ ഇവർക്ക് താഴെ പറയുന്ന തരത്തിൽ ധനസഹായം നൽകാവുന്നതാണ്.

| തലം | മാനദണ്ഡം | തയ്യാറെടുപ്പിനുള്ള സഹായം (രൂപ) | യാത്രാക്കൂലി (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| **സ്കൂൾതലം** | | | | |
| 1) സബ് ജില്ലാ തലത്തിലേയ്ക്ക് | സ്കൂളിൽ നിന്നുള്ള വിജയം | 300 | 300 | 600 |
| 2) ജില്ലാ തലത്തിലേയ്ക്ക് | സബ് ജില്ല തലത്തിൽ നിന്നുള്ള വിജയം | 400 | 300 | 700 |
| 3) സംസ്ഥാന തലത്തിലേയ്ക്ക് | ജില്ലയിൽ നിന്നുള്ള വിജയം | 900 | 600 | 1500 |
| **കോളേജ് തലം** | | | | |
| 1) ജില്ലാ തലത്തിലേയ്ക്ക് | കോളേജിൽ നിന്നുള്ള വിജയം | 500 | 400 | 900 |
| 2) യൂണിവേഴ്സിറ്റി തലം | ജില്ലയിൽ നിന്നുള്ള വിജയം | 1300 | 700 | 2000 |

(ii) ഈ പദ്ധതി സംബന്ധിച്ച് എല്ലാ സ്കൂളിനും കോളേജിനും നോട്ടീസ് നൽകണം. സ്കൂൾ കോളേജ് അധികൃതരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട മത്സരത്തിൽ പങ്കെടുക്കാൻ സഹായകരമായ വിധത്തിൽ മുൻകൂട്ടി ധനസഹായം നൽകേണ്ടതാണ്.

(iii) ഈ ധനസഹായം കരസ്ഥമാക്കുന്നതിനായി വിദ്യാർത്ഥികളുടെ അപേക്ഷയിൽ രക്ഷകർത്താവും കൂടി ഒപ്പ് വച്ച് സ്കൂൾ/കോളേജ് അധികൃതരുടെ സാക്ഷ്യപത്രം സഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അപേക്ഷ നൽകണം.

(iv) വിദ്യാർത്ഥി സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനമാണ് ധനസഹായം നൽകേണ്ടത്.

(v) ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.16 ജില്ലാ/യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ

(i) ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ യൂണിവേഴ്സിറ്റിതല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനായി അനുയോജ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണ്.

**ജില്ലാ/യൂണിവേഴ്സിറ്റി തലം**

| തലം | മാനദണ്ഡം | ഒന്നാം സ്ഥാനം (രൂപ) | രണ്ടാം സ്ഥാനം (രൂപ) |
|---|---|---|---|
| ജില്ലാ തലം | കോളേജിൽ നിന്നുള്ള വിജയം | 6000 | 3500 |
| യൂണിവേഴ്സിറ്റി തലം | ജില്ലയിൽ നിന്നുള്ള വിജയം | 9000 | 6000 |

(ii) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.17 ദേശീയ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം

ദേശീയ, അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ-കായിക മത്സരങ്ങളിൽ പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നതിന് 20,000 രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. നിർദ്ദിഷ്ട വ്യക്തിയുടെ അപേക്ഷയോടൊപ്പം അംഗീകാരം/മികവ്/പ്രവേശനം ലഭിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് എന്നിവ സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.18 പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ

ജില്ലാ പഞ്ചായത്തിന്റെയും നഗരഭരണ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള എല്ലാ ഹയർസെക്കൻററി സ്കൂളുകളിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു വിദ്യാഭ്യാസവർഷത്തിൽ 2 തവണ കരിയർ ഗൈഡൻസ് പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. ഒരു സ്കൂളിൽ ആകെയുള്ള പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ് അഭികാമ്യം. ഇതിനായി ഈ മേഖലയിൽ പ്രശസ്തരായ സ്ഥാപനങ്ങളുടെ/ ട്രെയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസം 2000 രൂപ നിരക്കിൽ ട്രെയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്. ക്ലാസ്സുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ഹാജരാകുന്നുണ്ടെന്ന് പ്രധാന അദ്ധ്യാപകൻ/ അദ്ധ്യാപിക ഉറപ്പാക്കണം. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.19 പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ

ജില്ലാ പഞ്ചായത്തിന്റെയും നഗരസഭകളുടേയും ആഭിമുഖ്യത്തിൽ എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ വർഷത്തിൽ നാല് തവണ രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ഈ മേഖലയിൽ വിദഗ്ധരായ ട്രെയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളിനും നൽകണം. ഒരു ദിവസത്തേക്ക് 2000 രൂപ ട്രെയിനർമാർക്ക് ഓണറേറിയം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.20 വജ്രജൂബിലി കലാകാരന്മാർ മുഖേന കലാപഠന ക്യാമ്പ്

വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർ മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സാഹിത്യം, ചിത്രരചന, വിഷ്വൽ മീഡിയ, നാടകം എന്നിവയിൽ കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. യു.പി.എസ്, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ഇപ്രകാരം കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. വജ്രജൂബിലി കലാകാരൻമാർക്ക് പ്രതിദിനം 500 രൂപ യാത്രാബത്ത നൽകാം. പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റും നൽകേണ്ടതാണ്. ജില്ലാപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.2.21 പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നേടാൻ പരിശീലനം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപ്പരരുമായ എല്ലാവരെയും മത്സര പരീക്ഷകൾക്ക് പ്രാപ്തമാക്കുന്നതിന് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്. താഴെപറയുന്ന രീതി ഇതിനായി അവലംബിക്കാവുന്നതാണ്.

(i) ഉദ്യോഗാർത്ഥികൾ താമസിക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ii) ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്ക് നൽകണം

(iii) ലിസ്റ്റ് പരിശോധിച്ച് ഗുണഭോക്താക്കളുടെ വിദ്യാഭ്യാസ യോഗ്യതയുടേയും തൊഴിൽ താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കണം.

(iv) ജില്ലാ പഞ്ചായത്തുകൾ സംസ്ഥാനതലത്തിൽ താൽപര്യ പത്രം ക്ഷണിച്ച് ഈ മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ/സർക്കാരേതിര സ്ഥാപനങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി-അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കേണ്ടതാണ്.

(v) പരിശീലനാർത്ഥികളുടെ കൗൺസിലിംഗ് നടത്തി തൊഴിൽ മേഖലാ താൽപര്യമനുസരിച്ച് എൻറോൾ ചെയ്യിപ്പിക്കണം.

(vi) നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തീയാക്കുന്നതാണെന്നുള്ള കരാർ ഗുണഭോക്താക്കളിൽ നിന്നും വാങ്ങേണ്ടതാണ്.

(vii) ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങളുമായി ഫീസ് അടക്കമുള്ള നിബന്ധനകൾ സംബന്ധിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്.

### 7.2.22 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം

(i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടുന്നതിന് പ്രവൃത്തി പരിചയം അത്യന്താപേക്ഷിതമാണ്. ഇതിനായി ജില്ലാ പഞ്ചായത്തിലെയും നഗരഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നൽകുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്. പരിശീലന കാലയളവ് രണ്ട് വർഷക്കാലത്തേയ്ക്കാണ്. ചുവടെ പറയുന്ന യോഗ്യതയുള്ളവരെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് നിർദ്ദിഷ്ട ഓഫീസുകളിൽ നിയോഗിച്ച് പരിശീലനം നൽകുകയും ഇതിന് താഴെ പറയും പ്രകാരം സ്റ്റൈപന്റ് നൽകാവുന്നതുമാണ്.

| ക്രമ നം | യോഗ്യത | പ്രതിമാസ സ്റ്റൈപന്റ് രൂപ |
|---|---|---|
| 1 | ബി.എസ്.സി. നഴ്സിംഗ് | 10,000 |
| 2 | നഴ്സിംഗ് ജനറൽ | 8000 |
| 3 | എം.എൽ.റ്റി, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യതയുള്ളവർ | 8000 |
| 4 | എഞ്ചിനീയറിംഗ് | 10,000 |

| ക്രമ നം | യോഗ്യത | പ്രതിമാസ സ്റ്റൈപന്റ് രൂപ |
|---|---|---|
| 5 | പോളിടെക്നിക് | 8000 |
| 6 | ഐ.റ്റി.ഐ | 7000 |
| 7 | അംഗീകൃത തെറാപ്പിസ്റ്റുകൾ | 10,000 |
| 8 | സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് | 7000 |

(ii) ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങളും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

### 7.2.23 പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ:-

പട്ടികവർഗ വിഭാഗക്കാരുടെ വീടുകളിൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള ഒ.വൈ.ഇ.സി ചാർജ്ജ് അടയ്ക്കുന്നതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

### 7.2.24 സാമൂഹ്യ പഠനമുറി

പ്രധാനപ്പെട്ട എല്ലാ ഊരുകളിലും ഘട്ടംഘട്ടമായി സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. സാമൂഹ്യപഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകാവുന്നതാണ്.

## 7.3 മത്സ്യത്തൊഴിലാളി ക്ഷേമം

### 7.3.1 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഗവേഷണ വിദ്യാർത്ഥികളും സർവ്വകലാശാലകളിലോ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പ് നൽകുന്നത്. രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യത്തൊഴിലാളി/ ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ, മത്സ്യ/അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് അനുബന്ധം 4-ലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പ് നൽകാം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഐ.റ്റി മിഷൻ ലാപ്പ്ടോപിന്റെ വില നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ GeM ൽ ലഭ്യമായ വിലയ്ക്ക് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

### 7.3.2 വിദ്യാർത്ഥികൾക്ക് മേശയും കസേരയും:-

രജിസ്റ്റേഡ് മത്സ്യ തൊഴിലാളികളുടെയോ അനുബന്ധ തൊഴിലാളികളുടെയോ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (തടി കൊണ്ടുള്ള മേശ, കസേര) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമ/വാർഡ് സഭ / വാർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

### 7.3.3 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്:

രജിസ്റ്റേഡ്/അനുബന്ധ മത്സ്യ തൊഴിലാളികൾ മത്സ്യ തൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ/ അനുബന്ധ തൊഴിലാളികൾ എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ശുദ്ധജലം സംഭരിക്കുന്നതിനായി 500 ലിറ്റർ ശേഷിയുള്ള പി.വി.സി. വാട്ടർ ടാങ്ക് 75 ശതമാനം സബ്സിഡി നിരക്കിൽ

(യൂണിറ്റ് കോസ്റ്റ് 4,000 രൂപ) വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

## 7.4. വിദ്യാഭ്യാസം

### 7.4.1 ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമാക്കൽ

സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ കരാർ വ്യവസ്ഥയിൽ 10 മാസത്തേയ്ക്ക് നിയോഗിക്കാവുന്നതാണ്. ഇവർക്ക് പ്രതിമാസം 12000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.4.2 കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ

ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടെയും ചുമതലയിലുള്ള അപ്പർ പ്രൈമറി /ഹൈ സ്കൂൾ/ ഹയർ സെക്കന്ററി സ്കൂളുകളിൽ കായിക അദ്ധ്യാപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 15,000 രൂപ ക്രമത്തിൽ ബി.പി.എഡ്ഡ്/എം.പി.എഡ്ഡ്/ തത്തുല്യ യോഗ്യത ഉള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി സ്പോർട്സ് കൗൺസിൽ, അംഗീകാരമുള്ള സ്പോർട്സ് അക്കാദമി എന്നീ സ്ഥാപനങ്ങളുടെ സേവനം തേടാവുന്നതാണ്. സ്കൂൾ കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും സ്കൂൾ തലത്തിൽ കായിക താരങ്ങളെ പരിശീലിപ്പിച്ച് വിവിധ തലത്തിലുള്ള മത്സരങ്ങൾക്ക് സജ്ജരാക്കുകയുമാണ് ലക്ഷ്യം.

### 7.4.3 കായികക്ഷമത - എൽ.പി.എസ് കുട്ടികളിൽ

ജീവിതവിജയത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്ത് തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുകയാണ് രക്ഷാകർത്താക്കളുടേയും സമൂഹത്തിന്റെയും ചുമതല. കുട്ടികൾക്ക് താല്പര്യമുള്ളതും ചെയ്യാൻ ആഗ്രഹിക്കുന്നതുമായ കളികളിലൂടെ ശാസ്ത്രീയമായ വ്യായാമമുറകൾ സ്ഥിരമായി ചെയ്യാൻ അവസരം നൽകണം. ഇത് ക്ലാസ് ടീച്ചറുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.റ്റി. പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റെ /സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യാവുന്നതാണ്. ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

### 7.4.4 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻററി സ്കൂളിലെ കുട്ടികൾക്ക് SPC(Student Police Cadet) പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ള തുക (സ്കൂൾ ഒന്നിന് 20,000 രൂപയിൽ അധികരിക്കാതെ) വിനിയോഗിക്കാവുന്നതാണ്. ഇതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.4.5 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ

സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ 4,7,10,+2 ക്ലാസ്സുകളിലേയ്ക്കുള്ള തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റ് ആവശ്യങ്ങൾ എന്നിവക്ക് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.4.6 സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനും സാനിട്ടറി നാപ്കിൻ ബേണിംഗ് മെഷീനും

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച്, അനുയോജ്യമായ കപ്പാസിറ്റിയുള്ള സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനുകളും (Napkin Vending Machine) നാപ്കിൻ സംസ്കരിക്കുന്നതിനുള്ള സാനിട്ടറി നാപ്കിൻ ബേണിംഗ് മെഷീനും (Napkin Destroyer) സ്കൂളുകളിൽ സ്ഥാപിക്കേണ്ടതാണ്. ഇതിന് Central Pollution Control Board ന്റെ മാർഗ്ഗരേഖ അവലംബമാക്കണം. ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്. ഇതിന് ചെലവഴിക്കുന്ന തുക വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.റ്റി.എ യുമായി കരാർ വക്കണം. മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കണം. തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.റ്റി.എ ഏറ്റെടുക്കണം. ഒപ്പം സ്കൂളുകളിൽ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കുകയും വേണം. ഇവ സുരക്ഷിതമായി സൂക്ഷിക്കാനുള്ള അലമാരയും വാങ്ങാവുന്നതാണ്.

### 7.4.7 സ്കൂളുകളിലെ കെട്ടിടങ്ങളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റ്, കിണർ റീ ചാർജിംഗ്, മഴവെള്ള സംഭരണി, മൂത്രപ്പുരയ്ക്ക് സോക്ക് പിറ്റ് തുടങ്ങിയവയുടെ നിർമ്മാണം.

1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂൾ കെട്ടിടങ്ങളിൽ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ അനെർട്ട്/ ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് സൗരോർജ്ജം ഗ്രിഡിലേയ്ക്ക് നൽകുന്നതിനുള്ള പ്രോജക്ട് സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.

2) സ്കൂൾ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്.

3) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലെ ടോയിലറ്റ് / മൂത്രപ്പുരയിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സോക്ക്പിറ്റ് നിർമ്മിക്കാവുന്നതാണ്.

5) സ്കൂൾ കാമ്പൗണ്ടിലെ മഴ വെള്ളം മണ്ണിൽ കിനിഞ്ഞിറങ്ങാൻ ആവശ്യമായ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടത്താവുന്നതാണ്.

## 7.5 വനിതാ വികസനം - ശിശുവികസനം

### 7.5.1 അങ്കണവാടി കുട്ടികളുടെ കലാകായികമത്സരങ്ങൾ

സംസ്ഥാനത്തെ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലെ അങ്കണവാടി കുട്ടികളുടെ കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്തണം. വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്. കുട്ടികളെയും, അദ്ധ്യാപകരേയും, രക്ഷിതാക്കളേയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി മാറ്റാൻ കഴിയണം. റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പടെ 15,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

# 7.6 പൊതുജനാരോഗ്യം

### 7.6.1. ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കൽ

കുടുംബ ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയോഗിക്കാവുന്നതാണ്. ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരമായിരിക്കണം ഇവരെ നിയോഗിക്കേണ്ടത്. വേതനം വികസനഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.6.2. ഡോക്ടറുടെയും സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കൽ

ചില പ്രദേശങ്ങളിലെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും (01.00 PM- 7.00 PM) ആവശ്യമായി വരും. ഇതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണ്. ഇതുകൂടാതെ ആവശ്യമെങ്കിൽ താലൂക്ക് ആശുപത്രികൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിലും ഓരോ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിക്കാവുന്നതാണ്. ഇതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.

(i) ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്.

(ii) നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

(iii) പി.എച്ച്.സി/സി.എച്ച്.സി കളുടെ പ്രവർത്തനം ഉച്ചകഴിഞ്ഞുകൂടി ഉറപ്പാക്കാനാണ് ഇപ്രകാരം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നത്. എങ്കിലും ഇങ്ങനെ നിയോഗിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണി വരെ സേവനം നടത്തുന്നതിന് ഒരു ടീമായി മറ്റ് ഡോക്ടർമാരുമായി ചേർന്ന് പ്രവർത്തിക്കണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം ഉപ കേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. ഉച്ചകഴിഞ്ഞ് 1.00 മണിമുതൽ 6.00 മണിവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം ഉറപ്പുവരുത്തണം.

(iv) ഹോസ്പിറ്റൽ കിയോസ്ക് സ്ഥാപിച്ചിട്ടുള്ളിടത്ത് കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം ധനവകുപ്പ് നിശ്ചയിക്കുന്ന നിരക്ക് പ്രകാരം നൽകാവുന്നതാണ്.

### 7.6.3. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് പ്രതിമാസം 18,390 രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കാവുന്നതാണ്. സ.ഉ.(പി) നം.29/2021/ധന, തീയതി 11.02.2021 ഉത്തരവിലെ കാറ്റഗറി I (നഴ്സിംഗ് അസിസ്റ്റന്റ്) വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയാണ് ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. ധനകാര്യവകുപ്പ് മേൽപ്പറഞ്ഞ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ആ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.

### 7.6.4 ഔഷധങ്ങൾ വാങ്ങൽ

(1) മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യ വകുപ്പാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

(i) അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്.

(ii) ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്.

(iii) സിദ്ധ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഔഷധി വഴി IMPCOPS-ൽ (Indian Medical Practioners Co-operative Pharmacy and Stores) നിന്നാണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുമ്പോൾ IMPCOPS നൽകുന്ന 25% കിഴിവ് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറണം. ഈ ഡിസ്കൗണ്ട് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് IMPCOPS- ൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങാവുന്നതാണ്.

(iv) ഹോമിയോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്ന് (Homco Ltd) വാങ്ങാവുന്നതാണ്.

(v) ഹോമിയോ/ആയുർവേദ മരുന്നുകൾ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ അനുവദിച്ചിരിക്കുന്ന ഏജൻസിയിൽ നിന്നോ ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്.

(3) സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിന് പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

(4) മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് മുടക്കം കൂടാതെ നൽകുന്നതിന് പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.6.5 യോഗ പരിശീലനം

വനിതകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന് യോഗാപരിശീലനം നൽകാവുന്നതാണ്. ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000 രൂപ പരിശീലകന് നൽകാവുന്നതാണ്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS (Bachelor of Naturopathy and Yogic Sciences) ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരെയും യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉള്ളവരെയും യോഗ പരിശീലകരായി നിയോഗിക്കാവുന്നതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.6.6 എച്ച്.ഐ.വി. ബാധിതർ/എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ

എച്ച്.ഐ.വി ബാധിതർക്കും/എയ്ഡ്സ് രോഗികൾക്കും വേണ്ടിയുള്ള പരിപാടികൾ 15.03.2013 ലെ സ.ഉ(സാധാ)നം. 653/2013/തസ്വഭവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. എച്ച്.ഐ.വി ബാധിതർക്കും എയ്ഡ്സ് രോഗികൾക്കുമായുള്ള

പോഷകാഹാര പ്രോജക്ടുകൾ ഗ്രാമപ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംയുക്തമായും നഗര പ്രദേശങ്ങളിൽ നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്. പോഷകാഹാര വിതരണത്തിനായി ഒരു വ്യക്തിക്ക് പ്രതിമാസം 1000 രൂപയിൽ കവിയാത്ത തുക വികസന ഫണ്ടിൽ/തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്

### 7.6.7 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം

1. ഖണ്ഡിക 2.15(1), 2.15 (2) എന്നിവയിലെ വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാവുന്നതാണ്.
2. വരുമാനം തെളിയിക്കുന്നതിനുള്ള രേഖ സംബന്ധിച്ച് ഖണ്ഡിക 2.16 ലെ വ്യവസ്ഥകൾ ബാധകമായിരിക്കും
3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാം.

### 7.6.8 മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ

എല്ലാ വിഭാഗം വനിതകൾക്കും 100 ശതമാനം സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് നൽകാം. പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനും യു.പി.എച്ച്.സി/ എഫ്.എച്ച്.സി/ പി.എച്ച്.സി/ സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രചാരണ പരിപാടി നടത്തണം. ബോധവത്ക്കരണത്തിനു ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നരീതിയും അവലംബിക്കാവുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിന്റെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം. ഈ പ്രോജക്ട് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

## 7.7. കലാ - സാംസ്കാരിക - കായിക വികസനം

### 7.7.1 ഗെയിംസ് ഫെസ്റ്റിവൽ

(1) കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള സ്പോർട്സ് കൗൺസിലിന്റെ കൂടി സഹകരണത്തോടെ ഈ പ്രോജക്ട് നടപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സെക്രട്ടറിമാരും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമായിരിക്കും പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥർ.

**(2) ലക്ഷ്യങ്ങൾ**

(i) സമ്പൂർണ്ണ കായിക ക്ഷമതയുള്ള ജനത

(ii) ആരോഗ്യകരമായ കായിക സംസ്കാരത്തിന്റെ വികസനം.

(iii) തദ്ദേശഭരണ സ്ഥാപനതലത്തിൽ യൂത്ത് ക്ലബുകൾ തമ്മിൽ വിവിധ ഗെയിമുകളിൽ സൗഹാർദ്ദ മത്സരങ്ങൾ സംഘടിപ്പിക്കുക.

(iv) തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രധാന ഗെയിംസ് ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുക.

(v) ബ്ലോക്ക്/ജില്ലാ തലങ്ങളിൽ സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കുക.

(vi) യുവതികളുടെ മാത്രമായുള്ള ഗെയിംസ് ടീമുകൾ രൂപീകരിക്കുക.

**(3) യുവജനക്ലബ്ബ ടീമുകളിൽ നിന്നും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും**

(i) യുവജന ക്ലബ്ബുകളിൽ നിന്നും വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനതലത്തിൽ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് ആദ്യം നടത്തേണ്ടതാണ്.

(ii) ചാമ്പ്യൻഷിപ്പിൽ കളിക്കുന്ന എല്ലാ ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ടീം രൂപീകരിക്കണം. ഏറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുക്കുന്നതിനായി ആവശ്യമെങ്കിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി സെലക്ഷൻ കമ്മിറ്റികൾ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിക്കാവുന്നതാണ്.

(iii) 18 മുതൽ 45 വയസ്സുവരെയുള്ള യുവതി/യുവാക്കൾ അടങ്ങുന്ന ടീമിനെയാണ് ഗെയിംസ് ഇനങ്ങളിലും അത് ലറ്റിക്സ് ഇനങ്ങളിലും ബ്ലോക്ക് തല മത്സരങ്ങളിലേയ്ക്ക് അയയ്ക്കേണ്ടത്.

(iv) ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയ യൂണിഫോമും ക്യാഷ് അവാർഡുകളും നൽകുന്നതിനും ട്രോഫിയും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം തുടങ്ങിയവ നൽകുന്നതിനും ഗെയിമിന് ഗ്രാമപഞ്ചായത്തുകൾക്ക് 30,000 രൂപയും മുനിസിപ്പാലിറ്റികൾക്ക് 40,000 രൂപയും കോർപ്പറേഷനുകൾക്ക് 50,000 രൂപയും ചെലവഴിക്കാവുന്നതാണ്.

(v) ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുകൾ, സർക്കാർ/എയ്ഡഡ് സ്കൂൾ, കോളേജ് കായിക അദ്ധ്യാപകർ, വിരമിച്ച കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ലാ/സംസ്ഥാന ടീം അംഗങ്ങൾ, സ്പോർട്സ് അക്കാദമിയിലെ വിദഗ്ധർ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തദ്ദേശഭരണ സ്ഥാപനതല ടീമിന് പ്രത്യേക പരിശീലനം നൽകാവുന്നതാണ്.

(vi) സ്പോർട്സ് കലണ്ടർ:- കേരളോത്സവം ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു സ്പോർട്സ് കലണ്ടർ ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കേണ്ടതാണ്.

**(4) ബ്ലോക്ക് പഞ്ചായത്ത്തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും**

ഗ്രാമപഞ്ചായത്ത്തല ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക്തല ചാമ്പ്യൻഷിപ്പും സെലക്ഷൻ ട്രയൽസും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടി ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കണം. ബ്ലോക്ക്തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കേണ്ടത്. ഇതിനായി ഓരോ ഗെയിമിനും 30,000 രൂപ വീതം ചെലവഴിക്കുന്നതിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് എടുക്കാവുന്നതാണ്.

**(5) ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻതല വിജയികൾ തമ്മിലുള്ള ജില്ലാതല മീറ്റ്**

ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെയാണ് മീറ്റ് സംഘടിപ്പിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തുകൾ/ നഗരഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ടീമുകളാണ് പങ്കെടുക്കേണ്ടത്. ജില്ലാതല മീറ്റിന് ഓരോ ഗെയിമിനും ഒരു ലക്ഷം രൂപ വീതം ചെലവഴിക്കാവുന്നതാണ്. ഇതിനായി ജില്ലാ പഞ്ചായത്തിന് മാത്രമായോ നഗരഭരണ സ്ഥാപനങ്ങളുടെ വിഭവ പങ്കാളിത്തത്തോടുകൂടിയോ പ്രോജക്ട് എടുക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതല ടീം രൂപീകരിക്കണം.

(6) **സംസ്ഥാനതല മത്സരങ്ങൾ**

ജില്ലാതല മത്സരങ്ങളിൽ വിജയിക്കുന്ന ടീമുകളെ ഉൾപ്പെടുത്തി സംസ്ഥാനതല മത്സരം നടത്തേണ്ടതാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വേദി നിശ്ചയിക്കുകയും അതിനായുള്ള സംഘാടക സമിതി രൂപീകരിക്കേണ്ടതുമാണ്.

(7) **സംഘടനാ സംവിധാനങ്ങൾ: യൂത്ത് ക്ലബ് ഏകോപനസമിതി**

ചുവടെ ചേർക്കുന്ന ഘടനയോടുകൂടിയ ഒരു ഏകോപനസമിതി സംവിധാനം രൂപീകരിക്കേണ്ടതാണ്.

**(എ) ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ഏകോപനസമിതി - ഘടന**

| ക്രമ നമ്പർ | ഘടന | ഗ്രാമപഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|
| 1. | അദ്ധ്യക്ഷ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | മുനിസിപ്പൽ ചെയർ പേഴ്സൺ | മേയർ |
| 2. | കൺവീനർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ സെക്രട്ടറി |
| 3. | ഉപാദ്ധ്യക്ഷ | 1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ<br>2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം | 1. വിദ്യാഭ്യാസ കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ<br>2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം | 1. വിദ്യാഭ്യാസ കലാകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ<br>2.തെരഞ്ഞെടുക്കപ്പെടുന്ന അംഗം |
| 4. | ജോയിന്റ് കൺവീനർ | 1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ്<br>2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം | 1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ്<br>2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം | 1. യൂത്ത് കോ ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ്<br>2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം |
| 5. | അംഗങ്ങൾ | ഗ്രാമ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും | മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും | കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന യൂത്ത് ക്ലബ് അംഗങ്ങളും |

**കുറിപ്പ് :-**

(1) തദ്ദേശഭരണ സ്ഥാപന സമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി

(2) ഗ്രാമപഞ്ചായത്ത് ഏകോപനസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉപാദ്ധ്യക്ഷയും ജോയിന്റ് കൺവീനറുമാകണം ബ്ലോക്ക് പഞ്ചായത്ത് ഏകോപനസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടേണ്ടതും അംഗങ്ങളാകേണ്ടതും.

**(ബി) ബ്ലോക്ക്, ജില്ലാതല ഏകോപന സമിതിയുടെ ഘടന**

| ക്രമ നമ്പർ | ഘടന | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാതലം |
|---|---|---|---|
| 1. | അദ്ധ്യക്ഷ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>കോ –ചെയർപേഴ്സൺ : ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് |
| 2. | കൺവീനർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 3. | ഉപാദ്ധ്യക്ഷ | 1. ആരോഗ്യ വിദ്യാവഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 1. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ജില്ലാ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം (വനിത) | 2. തെരഞ്ഞെടുക്കപ്പെടുന്ന അംഗം (വനിത) |
| 4. | ജോയിന്റ് കൺവീനർ | തെരഞ്ഞെടുക്കപ്പെടുന്ന അംഗം | 1. തെരഞ്ഞെടുക്കപ്പെടുന്ന അംഗം |
| 5. | ജോയിന്റ് കൺവീനർ (ഒഫീഷ്യൽ) | യൂത്ത് കോഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | 1. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി<br>2. യൂത്ത് പ്രോഗ്രാം ഓഫീസർ |
| 6. | അംഗങ്ങൾ | നോമിനേറ്റ് ചെയ്യപ്പെടുന്ന മറ്റ് യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്യപ്പെടുന്ന മറ്റ് യൂത്ത് ക്ലബ് അംഗങ്ങൾ |
| 7. | എക്സ് ഒഫിഷ്യോ അംഗങ്ങൾ | ജോയിന്റ് ബി.ഡി.ഒ | 1. ജോയിന്റ് ഡയറക്ടർ, തദ്ദേശഭരണ പൊതു സർവ്വീസ് |

**കുറിപ്പ് :-**

1. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി.
2. ബ്ലോക്ക് പഞ്ചായത്ത് ഏകോപനസമിതിയിൽ നിന്നും ഉപാദ്ധ്യക്ഷയെയും ജോയിന്റ് കൺവീനറെയും ജില്ലാ ഏകോപനസമിതിയിലേയ്ക്ക് അംഗങ്ങളായി നോമിനേറ്റ് ചെയ്യണം. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഏകോപനസമിതികളിലെ ഉപാദ്ധ്യക്ഷരും ജോയിന്റ് കൺവീനർമാരും ജില്ലാ ഏകോപന സമിതിയിൽ അംഗങ്ങളായിരിക്കും.
3. ഇവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷയായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം
4. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധിയായിരിക്കും ഏകോപനസമിതിയുടെയും കാലാവധി
5. ജില്ലാ യൂത്ത് ക്ലബ് ഏകോപനസമിതിയിൽ രണ്ട് ജോയിന്റ് കൺവീനർമാർ ഉണ്ടായിരിക്കും. യൂത്ത് പ്രോഗ്രാം ഓഫീസർ ജോയിന്റ് കൺവീനർ (ഒഫീഷ്യൽ) ആയിരിക്കും.

**(8) സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും**

1. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.
2. വിജയികൾക്കും റണ്ണറപ്പാകുന്ന ടീമുകൾക്കും ട്രോഫി നൽകണം. ഇതിന് ആവശ്യമായ വിഹിതം ഗയിംസിനായി നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**7.7.2 രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്:-**

(i) ഒരു ക്ലബിന് 6000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം.

(ii) നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യുവജനക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം

**(iii)** ഗ്രാമപഞ്ചായത്തുകൾ /നഗരഭരണസ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

**7.7.3 കുട്ടികൾക്കുള്ള അത് ലറ്റിക്സ് പരിശീലനങ്ങൾ:-**

സ്കൂൾതലങ്ങളിൽ തന്നെ അത് ലറ്റിക്സിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകണം. സ്കൂളുകളിലെ കായിക അദ്ധ്യാപകരുടെ സേവനത്തോടൊപ്പം എസ്.എസ്.കെ യുടെ സാദ്ധ്യത കൂടി ഉപയോഗപ്പെടുത്തി അത് ലറ്റിക്സ് പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകണം. സ്പോർട്സ് അക്കാദമികളുടെ സഹായവും ഉപയോഗിക്കേണ്ടതാണ്. സ്പോർട്സ് അക്കാദമികളുടെ സഹകരണത്തോടെ അത് ലറ്റിക്സ് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്തുതലത്തിൽ/ നഗരഭരണസ്ഥാപനങ്ങളുടെ 30,000/- രൂപവരെ ചെലവഴിക്കാവുന്നതുമാണ്. സ്പോട്സ് അക്കാദമികളിലെ യോഗ്യരായ പരിശീലകർക്ക് പരിശീലന സമയം കണക്കാക്കി ഓണറേറിയം നൽകാവുന്നതാണ്. പരിശീലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങിനൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

7.7.4 **അത് ലറ്റിക്സ് മത്സരങ്ങൾ**

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും നഗരസഭാതലങ്ങളിലും ഖണ്ഡിക 7.7.1 ൽ പ്രതിപാദിച്ചിരിക്കുന്ന ഗെയിംസ് ഫെസ്റ്റിവലിന്റെ മാതൃകയിൽ ഓരോ പ്രദേശത്തും പ്രചാരമുള്ള അത് ലറ്റിക്സ് ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മത്സരവിജയികൾക്ക് സമ്മാനങ്ങൾ നൽകണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

**7.7.5 ഓപ്പൺ ജിംനേഷ്യം**

ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിനും കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഓപ്പൺ ജിം സ്ഥാപിക്കാവുന്നതാണ്. ഇതിനായി അഞ്ച് സെന്റ് സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്നയിടങ്ങളിൽ ഓപ്പൺ ജിംനേഷ്യം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രോജക്ട് എടുക്കാവുന്നതാണ്. എല്ലാ സ്ഥലങ്ങളിലും ഒരേപോലെയുള്ള ഓപ്പൺ ജിംനേഷ്യങ്ങൾ ആരംഭിക്കുന്നതാണ് അഭികാമ്യം. ഓരോ ജിംനേഷ്യത്തിലും Treadmill, Squat, Hip twister, Step Trainer, Hyper Extension Rower, Hand Exerciser, Leg Exerciser, Elliptical Trainer, Horse Rider, Air Walker, Rower എന്നീ ഉപകരണങ്ങൾ സ്ഥാപിക്കണം. ഇവക്ക് പുറമേ മറ്റ് ഉപകരണങ്ങളും സ്ഥാപിക്കാവുന്നതാണ്. ജി.ഐ ഫെൻസിഗും, ഇന്റർ ലോക്ക് പ്ലാറ്റ്ഫോമും ഉൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കണം. സ്കൂളുകളിലും സ്റ്റേഡിയങ്ങളിലും പൊതു ഇടങ്ങളിലും പാർക്കുകളിലും സ്ത്രീപുരുഷ വ്യത്യാസമില്ലാതെ ഒഴിവു സമയങ്ങളിൽ എല്ലാവർക്കും വ്യായാമം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാകണം. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന്റെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതാണ്. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്.

**7.7.6 ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം**

ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതോടൊപ്പം ദുരന്ത സാഹചര്യത്തിൽ ദുരിതാശ്വാസ കേന്ദ്രമായി പ്രയോജനപ്പെടുന്ന തരത്തിൽ ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം നിർമ്മിക്കാവുന്നതാണ്. നഗരപ്രദേശങ്ങളിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം നഗരഭരണസ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. നഗരസമാനമായ ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തുകൾക്ക് വികസന ഫണ്ട് വിനിയോഗിച്ച് ഇൻഡോർസ്റ്റേഡിയം സ്ഥാപിക്കാവുന്നതാണ്. കഴിവതും സ്ഥലം സൗജന്യമായി കണ്ടെത്തുന്നതിന് ശ്രമിക്കണം. ദുരിതാശ്വാസ കേന്ദ്രമായി കൂടി ഉപയോഗിക്കുന്നതിന് അനുയോജ്യമായ സ്ഥലത്ത് പാർക്കിംഗ് സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത് വേണം സ്റ്റേഡിയം നിർമ്മിക്കേണ്ടത്. സ്റ്റേഡിയം നിർമ്മാണത്തിന് സ്പോൺസർഷിപ്പും സി.എസ്.ആർ ഫണ്ടും പരമാവധി സമാഹരിക്കണം. ദൈനംദിന പരിപാലനത്തിനുള്ള സംവിധാനം പ്രോജക്ട് രൂപീകരണഘട്ടത്തിൽ തന്നെ വ്യക്തമാക്കണം. ദുരിതാശ്വാസ കേന്ദ്രമായി ഉപയോഗിക്കാൻ കഴിയും വിധം ആവശ്യമായ ടോയിലറ്റ്, യൂറിനൽ സൗകര്യം കൂടി കണക്കിലെടുത്ത് വേണം നിർമ്മാണം നടത്തേണ്ടത്.

**7.7.8 ഒരു ഗ്രാമപഞ്ചായത്തിൽ/നഗരഭരണസ്ഥാപനത്തിൽ ഒരു നീന്തൽക്കുളവും നീന്തൽ പരിശീലനവും:-**

വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. ഇതിനായി ഒരു ഗ്രാമപഞ്ചായത്തിൽ/ നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും വേണം. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പപദ്ധതിയെ ഉപയോഗപ്പെടുത്തണം. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമ പഞ്ചായത്തുകൾ/നഗരഭരണസ്ഥാപനങ്ങൾ കണ്ടെത്തണം. പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രോജക്ട് എടുക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാം.

### 7.7.9 സംസ്ഥാന സർക്കാരിന്റെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് ഓണറേറിയം

സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുമായി ചേർന്ന് കലാപഠനമടക്കമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അപ്രകാരം സന്നദ്ധരാകുന്ന കലാകാരൻമാർക്ക് സംസ്ഥാനസർക്കാർ നൽകുന്ന ഓണറേറിയത്തിന് പുറമെ ഓരോരുത്തർക്കും പ്രതിമാസം 7500 രൂപ കൂടി ഓണറേറിയമായി നൽകണം. ഇതിനായുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും എടുക്കണം. ഇത്തരം കലാകാരൻമാരുടെ കഴിവുകളെ തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ പ്രോജക്ടുകൾ എല്ലാതലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്.

### 7.7.10 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനം:-

(i) തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപയും മുനിസിപ്പാലിറ്റികൾ വാർഡ് ഒന്നിന് 1500 രൂപയും കോർപ്പറേഷനുകൾ വാർഡ് ഒന്നിന് 2500 രൂപയും നൽകണം.

(ii) ബാലസഭ, ലൈബ്രറികളുടെ ബാലവേദി തുടങ്ങിയ കമ്മിറ്റികളുടെ പഞ്ചായത്ത് / നഗരഭരണസ്ഥാപന കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്താവുന്നതാണ്. ഇതോടൊപ്പം നാടൻ കലാരൂപങ്ങൾ മറ്റ് കലാരൂപങ്ങൾ എന്നിവയെയും പ്രോത്സാഹിപ്പിക്കണം.

**7.7.11 സ്പോർട്സ് & ഗെയിംസ്** – വനിത ടീമുകളുടെ സൗഹൃദ മത്സരങ്ങളും (Friendly matches) ടൂർണ്ണമെന്റുകളും നടത്താൻ തയ്യാറാകുന്ന ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾക്കും, സ്പോർട്സ് അക്കാദമികൾക്കും അസ്സോസിയേഷനുകൾക്കും 5000 രൂപ വീതം ഗ്രാമപഞ്ചായത്തുകൾക്കും/ നഗരഭരണസ്ഥാപനങ്ങൾക്കും ധനസഹായം നൽകാവുന്നതാണ്.

## 7.8 പരിസ്ഥിതി സംരക്ഷണം

### 7.8.1 ഗ്രാമങ്ങളിൽ പച്ചതുരുത്തും നഗരങ്ങളിൽ മിയാവാക്കി വനവും

(1) കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായുണ്ടാകുന്ന പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനാണ് വൃക്ഷങ്ങൾ നട്ടുവളർത്തി വനവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്നത്. അതിനായി ഗ്രാമങ്ങളിൽ പൊതുയിടങ്ങൾ നിർമ്മിച്ചും അതിൽ മരങ്ങൾ വച്ചുപരിപാലിച്ചും പച്ചത്തുരുത്തുകളാക്കുകയും പരിസരം പരിസ്ഥിതി സൗഹൃദമാക്കുകയും ചെയ്യേണ്ടതാണ്.

(2) കോൺക്രീറ്റ് വനങ്ങളായി മാറികൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങളിൽ അവശേഷിക്കുന്ന ഇടങ്ങളിൽ ജപ്പാനിൽ വികസിപ്പിച്ച മിയാവാക്കി വനവത്കരണ മാതൃക പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(i) പരമ്പരാഗത വനവത്കരണത്തിന്റെ ഭാഗമായുള്ള മരങ്ങളുടെ വളർച്ച നിരക്ക് ഒരു വർഷത്തിൽ സാധാരണ ഒരു മീറ്റർ പൊക്കമാണെങ്കിൽ മിയാവാക്കി രീതിയിൽ 2 മുതൽ 3 മീറ്റർ വരെയാണ്.

(ii) 100 ചതുരശ്ര അടി മുതൽ വിസ്തൃതിയിൽ മിയാവാക്കി വനങ്ങൾ നിർമ്മിക്കാവുന്നതാണ്.

(iii) ഒരു ചതുരശ്ര മീറ്ററിൽ 3 മുതൽ 4 വരെ മരങ്ങൾ വച്ച് പിടിപ്പിക്കാവുന്നതാണ്.

(iv) നഗരമാലിന്യം, കാർബൺ ബഹിർഗമനം, അന്തരീക്ഷ മലിനീകരണം, ശബ്ദമലിനീകരണം അന്തരീക്ഷ താപനില എന്നിവ കുറയ്ക്കുന്നതിന് ഇത് സഹായിക്കും.

(v) ഇതിനായി Turn key വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ഈ ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്.

(3) സ്ഥല ലഭ്യതയ്ക്കനുസരിച്ച് പച്ചത്തുരുത്തും, മിയാവാക്കി വനങ്ങളും ഗ്രാമപഞ്ചായത്തുകളിലും നഗര പ്രദേശങ്ങളിലും യഥാക്രമം പരമാവധി സജ്ജമാക്കേണ്ടതാണ്.

(4) അമൃത് പദ്ധതിയുടെ ഭാഗമായ നഗര ഹരിത ഇടങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയുമായി സംയോജിപ്പിച്ചും ഈ പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

(5) ഗ്രാമപഞ്ചായത്ത്/നഗര ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം.

### 7.8.2 സ്കൂൾ ജൈവ വൈവിധ്യ ക്ലബ്ബുകളിലൂടെ ജൈവ വൈവിധ്യ സംരക്ഷണ പരിപാലനം

1) എല്ലാ സ്കൂൾ കാമ്പൗണ്ടിലും കളിസ്ഥലങ്ങൾക്ക് കോട്ടം തട്ടാതെ ഫലവൃക്ഷതൈകൾ അടക്കമുള്ള വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.

2) കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം വേണം തൈകൾ നടേണ്ടത്.

3) ഉറപ്പുള്ള സംരക്ഷണ വേലികളും അവയിൽ മരത്തിന്റെ സംരക്ഷണ ചുമതലയുള്ള കുട്ടിയുടെ പേരും ക്ലാസ് ടീച്ചറുടെ പേരും രേഖപ്പെടുത്തുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

4) കുഴികൾ എടുക്കുന്നതിനും നനയ്ക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെയും കുട്ടികളുടെ ശ്രമദാനവും PTA യുടെ സഹകരണവും ഉറപ്പാക്കണം.

5) ലോക പരിസ്ഥിതിദിന ക്യാമ്പയിന്റെ ഭാഗമായി ഈ പ്രോജക്ട് ആവശ്യമായ പ്രചാരണത്തോടെ സംഘടിപ്പിക്കണം.

6) വനംവകുപ്പ് സൗജന്യമായി നൽകുന്ന തൈകൾ ഉപയോഗിക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തൈകൾ ആവശ്യമനുസരിച്ച് അംഗീകൃത നഴ്സറികളിൽ നിന്നും വാങ്ങാവുന്നതുമാണ്.

7) അടിസ്ഥാനവളം, സംരക്ഷണവേലി, പ്രദർശന ബോർഡ്, ക്യാമ്പയിൻ എന്നിവയ്ക്കുള്ള ചെലവ് ഉൾപ്പെടുത്തി എല്ലാ സ്കൂളിനുമായി ഒറ്റ പ്രോജക്ടായി തയ്യാറാക്കാം.

8) Biodiversity Management Committee (BMC)യുടെ മേൽനോട്ടത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി Kerala State Biobiodiversity Board (KSBB)ന്റെ സഹായത്തോടെ പരിസ്ഥിതി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

9) സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

### 7.8.3 കുളങ്ങളും തോടുകളും സംരക്ഷിച്ച് ഉൾനാടൻ മത്സ്യകൃഷിയും ജലസംരക്ഷണവും - വാർഷിക ഗ്രാന്റ് നൽകൽ.

1) എല്ലാവിഭാഗം ജനങ്ങളുടെയും സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലുമുള്ള കുളങ്ങളും തോടുകളും (വശങ്ങൾ പാറകെട്ടി സംരക്ഷിച്ചിട്ടില്ലാത്തവ) കയർ ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യുന്നതിനും കുളങ്ങളിൽ മത്സ്യകൃഷിക്കും ധനസഹായം നൽകാവുന്നതാണ്. എല്ലാ കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രം തദ്ദേശഭരണ സ്ഥാപനം സൗജന്യമായി ലഭ്യമാക്കണം.

2) പൊതുസ്ഥലത്തുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റേതായ സ്ഥലങ്ങളിലുള്ള കുളങ്ങളും പ്രത്യേകമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

3) തൊഴിലുറപ്പപദ്ധതിയിലൂടെയും സന്നദ്ധസേവനത്തിലൂടെയും കുളങ്ങളും തോടുകളും സംരക്ഷിക്കുകയും ശുചിയാക്കി സൂക്ഷിക്കുകയും ചെയ്യണം.

4) കൃഷിവകുപ്പിന്റെ സഹായത്തോടെ രാമച്ചം തദ്ദേശസ്ഥാപനം ലഭ്യമാക്കണം,

5) ഈ കുളങ്ങളിൽ മത്സ്യകൃഷി നടത്താനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യ വകുപ്പിന്റെ സഹായത്തോടെ സൗജന്യമായി തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കണം.

6) സ്വകാര്യഭൂമിയിലെ കുളങ്ങളും തോടുകളും പരിപാലിക്കുന്നതിന് ഉടമസ്ഥരെയും പൊതു കുളങ്ങൾ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപടി സ്വീകരിക്കണം.

7) ഇവയുടെ പരിപാലനത്തിന് പ്രോത്സാഹനമായി കുളത്തിന്റെ വിസ്തൃതിയും ജലസംഭരണശേഷിയും കണക്കിലെടുത്ത് ധനസഹായം നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും/നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം.

### 7.8.4 കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം.

1) ഓരോ ഗ്രാമപഞ്ചായത്തിലും നഗരഭരണസ്ഥാപനത്തിലും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽക്കാടുകളുടെയും പട്ടിക തദ്ദേശഭരണസ്ഥാപനതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും (BMC) വർക്കിംഗ് ഗ്രൂപ്പും സംയുക്തമായി തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഇനവും എണ്ണവും സംരക്ഷിക്കപ്പെടേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും കണക്കാക്കണം. ചുമതല നിശ്ചയിക്കണം.

3) ചെലവു കുറഞ്ഞ രീതിയിൽ മുള്ള് വേലി/ ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവർത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

5) പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിയ്ക്കുന്ന കാവ് എന്ന നിലയിൽ ബോർഡ് സ്ഥാപിക്കണം. ജൈവവൈവിദ്ധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തണം.

6) ഇതിനാവശ്യമായ ശാസ്ത്ര സാങ്കേതിക ഉപദേശം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), സസ്യ ശാസ്ത്രത്തിൽ പി.ജി കോഴ്സുകളുള്ള കോളേജുകൾ/ യൂണിവേഴ്സിറ്റികൾ/ KSBB എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

7) സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഉൾപ്പെടുന്നസ്ഥലം, BMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിലയ്ക്കു വാങ്ങി കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രോജക്ടുകൾ എടുക്കാവുന്നതാണ്.

### 7.8.5 പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കാൻ സഹകരണ വായ്പയും പലിശ സബ്സിഡിയും

(i) 09.08.2017-ലെ സംസ്ഥാന സഹകരണസംഘം രജിസ്ട്രാറുടെ സി.പി(5)24927/17 ലെ ഉത്തരവ് പ്രകാരം സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി വീട്ടുവളപ്പിലെ മരങ്ങൾ മുറിക്കാതിരിക്കാൻ മരം തന്നെ പണയ വസ്തുവായി കണക്കാക്കി വായ്പ നൽകുന്നതിനുള്ള പദ്ധതി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിലവിലുണ്ട്. പരിസ്ഥിതിസുരക്ഷയ്ക്ക് കാർബൺ വാതകത്തിന്റെ അളവ് കുറയ്ക്കേണ്ടത് ആവശ്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം മരങ്ങൾ സംരക്ഷിക്കുകയാണ്. അടിയന്തിര സാഹചര്യങ്ങളിലൊഴികെ മരങ്ങൾ മുറിക്കുന്നില്ലെന്ന് ഉറപ്പാക്കാനുള്ള സഹായ പദ്ധതി എന്ന നിലയിൽ മരങ്ങളുടെ ഈടിന്മേൽ ഇത്തരത്തിൽ സഹകരണ സംഘം നൽകുന്ന വായ്പയ്ക്ക് പലിശ സബ്സിഡി

നൽകാവുന്നതാണ്. പരമാവധി 5% വരെയുള്ള പലിശയ്ക്ക് സബ്സിഡി അനുവദിക്കാം. മുതലിന്റെ തിരിച്ചടവും മുഴുവൻ പലിശയും മുടക്കം കൂടാതെ ഒടുക്കിയിരിക്കണം. വായ്പാ കാലാവധിവരെയോ പരമാവധി 3 വർഷം വരെയോ ആണ് പലിശ സബ്സിഡിയായി പരമാവധി 15,000 രൂപ വരെ അനുവദിക്കാവുന്നത്. ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഫെബ്രുവരി മാസത്തിൽ അർഹമായ പലിശ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറാവുന്നതാണ്. ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാന പരിധി ജനറൽ വിഭാഗത്തിൽ 2 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 3 ലക്ഷം രൂപയും ആയിരിക്കും. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വരുമാന പരിധി ഇല്ല.

(ii) പലിശ സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ്

### 7.8.6 മഴക്കൊയ്ത്ത്

(1) ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയും കുടിവെള്ള ക്ഷാമവും, ജല മലിനീകരണവും, കണക്കിലെടുത്ത് സംയോജിത ജലവിഭവ പരിപാലനം (IWRM) ആരംഭിക്കേണ്ടതാണ്. തണ്ണീർത്തടങ്ങളെ ശുദ്ധജല സംഭരണികളാക്കി മാറ്റുകയാണ് ലക്ഷ്യം. ഈ ആശയം എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിനുള്ള ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗമാണ് മഴവെള്ള സംഭരണം - മഴക്കൊയ്ത്ത്.

**(2) മഴകൊയ്ത്തിന് അവലംബിക്കേണ്ട പ്രവർത്തനങ്ങൾ**

(i) ജലത്തെ മണ്ണിലേയ്ക്ക് കിനിഞ്ഞിറങ്ങാൻ സഹായിക്കുക.

(ii) പുരയിടത്തിൽ നിന്നും വെള്ളം നാലതിരിന് പുറത്തു പോകുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

(iii) മഴയുടെ കുത്തൊഴുക്കിനെ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ മന്ദഗതിയിലാക്കുക

(iv) തോടുകളിലൂടെ തെളിഞ്ഞ നീരൊഴുക്ക് ഉറപ്പ് വരുത്തുക

(v) കുളങ്ങളും കിണറുകളും ശാസ്ത്രീയമായി പരിപോഷിപ്പിക്കുക

(vi) പാറമടകൾ ശുദ്ധജല സംഭരണികളാക്കി മാറ്റുക

(vii) സംഭരിക്കുന്ന ജലത്തെ കോളിഫോം മുക്തമാക്കി സംരക്ഷിക്കുക.

(viii) കിണർ റീചാർജ്ജിനോടൊപ്പം പിറ്റ് റീചാർജ്ജിംഗിനുള്ള സാധ്യതകളും ഉപയോഗപ്പെടുത്തണം.

(ix) പാതയോരങ്ങളിലൂടെ ഒഴുകിവരുന്ന മഴവെള്ളത്തെ തോടുകളിലോ, നദികളിലോ എത്തുന്നതിന് മുമ്പ് ഏതെങ്കിലും സ്ഥലത്ത് തടഞ്ഞു നിർത്തുന്നതിന് സൗകര്യമുണ്ടാക്കണം.

(x) തീരദേശ മേഖലകളിൽ കായലിലേയ്ക്കോ, സമുദ്രത്തിലേയ്ക്കോ എത്തുന്ന തോടുകളിൽ നിലവിലുള്ള ചെക്ക് ഡാമുകൾ കാലാനുസൃതമായി നവീകരിച്ച് തോടുകളുടെ ആഴം കൂട്ടി (Room for River) സജ്ജമാക്കുകയും പുതിയത് ആവശ്യമുണ്ടെങ്കിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

(xi) വാർഡ് തല ശുചിത്വാരോഗ്യസമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ സാമൂഹ്യ സംഘടനകളുടെയും പങ്കാളിത്തത്തോടെ ഇവ നടപ്പാക്കണം. വാർഡ്തല ശുചിത്വാരോഗ്യ സമിതിയുടെ ചെലവിലേയ്ക്ക് നൽകുന്ന തുകയ്ക്ക് പുറമെ മഴക്കൊയ്ത്തിന് മാത്രമായി ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിന് 25,000 രൂപയും മുനിസിപ്പാലിറ്റികളിൽ ഒരു വാർഡിന് 40,000 രൂപയും കോർപ്പറേഷനിൽ ഒരു വാർഡിന് 50,000 രൂപയും നൽകാവുന്നതാണ്.

### 7.8.7 ഉപയോഗ ശൂന്യമായ ക്വാറികൾ സംരക്ഷിച്ച് മഴവെള്ളം ശേഖരണം

ഗ്രാമ പഞ്ചായത്ത്/നഗരസ്ഥാപനങ്ങളിൽ ഉപയോഗ ശൂന്യമായ ക്വാറികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ സുരക്ഷിതമായി ഫെൻസിംഗ് നടത്തി മഴവെള്ളം ശേഖരിക്കാനായി

ഉപയോഗപ്പെടുത്തണം. ഇത് മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

**7.8.8 എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വെതർ സ്റ്റേഷൻ**

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്തസാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷസ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും നഗരസഭാ പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശിക്കുന്ന 10x12 മീറ്റർ ഉറപ്പായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.

## 7.9 ദാരിദ്ര്യ ലഘൂകരണം

**7.9.1 കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്, സി.ഡി.എസ്. എന്നിവയ്ക്കുള്ള റിവോൾവിംഗ് ഫണ്ട്**

(i) കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകണം.

(ii) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച് സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് 20% സബ്സിഡി നൽകാവുന്നതാണ്. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് തുക സി.ഡി.എസിന് കൈമാറേണ്ടതാണ്.

## 7.10 തെരുവുവിളക്ക്

**7.10.1** തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് വകയിരുത്തി എടുക്കാവുന്നതാണ്.

**7.10.2 എൽ.ഇ.ഡി ലാമ്പുകൾ:-** നിലാവ് പദ്ധതിയുമായി ചേർന്ന് സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമേ സ്ട്രീറ്റ് ലൈറ്റുകളുടെ സ്ഥാപനം/മെയിന്റനൻസ് പ്രോജക്ടുകൾ എടുക്കുവാൻ പാടുള്ളൂ.

# 8. അനുബന്ധ വിഷയങ്ങൾ

### 8.1 വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ

(1) വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3,4,5 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നഗരഭരണ സ്ഥാപനങ്ങൾ 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3,4,5 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

(2) ഏത് ആവശ്യത്തിനാണോ ഭൂമി വേണ്ടത് പ്രസ്തുത ആവശ്യത്തിന് മതിയാകുന്ന ഭൂമി മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ചട്ടം 3 പ്രകാരമുള്ള അനുയോജ്യതാ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ ഏത് വികസന ആവശ്യത്തിനാണ് ഭൂമി വാങ്ങുന്നത്, ആവശ്യം നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ, ഫണ്ട് സ്രോതസ്സുകൾ മുതലായ വിശദാംശങ്ങൾ ഉൾപ്പെടുത്തണം. പ്രോജക്ടിലും ഈ വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

(3) അനുയോജ്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ജില്ലാ പ്ലാനിംഗ് ഓഫീസർ, ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയം ഭരണ വകുപ്പ്), ബന്ധപ്പെട്ട വികസന വകുപ്പിന്റെ ജില്ലാ തല ഉദ്യോഗസ്ഥ(ൻ) [ഉദാ. അങ്കണവാടിക്ക് ഭൂമി വാങ്ങുമ്പോൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർ) എന്നിവർ അടങ്ങിയ കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. അപേക്ഷകൾ പരിശോധിച്ച് ജില്ലാ തലത്തിൽ തന്നെ തീരുമാനമെടുക്കണം. ബന്ധപ്പെട്ട വികസന വകുപ്പ് മേധാവികളുടെ അംഗീകാരത്തിന് അയക്കാൻ പാടില്ല. കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(4) ചട്ടം 5 ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഉഭയ സമ്മത പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകുവാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ ഉടമസ്ഥർ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30 ശതമാനം വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായ പ്രമേയം അംഗീകരിക്കേണ്ടതാണ്.

(5) വികസന ആവശ്യങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്ന സന്ദർഭത്തിൽ ഭൂമിയുടെ മൊത്തം വിലയ്ക്ക് പരിധി ബാധകമല്ലെന്ന് വ്യക്തമാക്കുന്നു.

(6) ഒരു പ്രത്യേക ആവശ്യത്തിനായല്ലാതെ ഭൂമി വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

### 8.2 വാഹനങ്ങൾ വാങ്ങൽ/ വാടകയ്ക്കെടുക്കൽ

(1) ചെലവ് കുറയ്ക്കുന്നതിന് സഹായിക്കുമെന്നതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന രീതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

(2) നിലവിൽ ഒരു വാഹനം പോലുമില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളും നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങളും കഴിവതും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് തന്നെ ശ്രമിക്കേണ്ടതാണ്. എന്നാൽ ഈ രണ്ട് അവസരങ്ങളിലും, ആവശ്യമെങ്കിൽ, 10 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള പുതിയ വാഹനം വാങ്ങാവുന്നതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപ്പറേഷൻ മേയർമാരുടെയും ഉപയോഗത്തിന് 20 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങാവുന്നതാണ്. സർക്കാരിന്റെയോ പ്രിൻസിപ്പൽ ഡയറക്ടറുടേയോ അനുമതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി GeM ൽ നിന്നു വേണം

വാഹനം വാങ്ങേണ്ടത്. തനത് ഫണ്ട്/വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഉപയോഗിക്കാവുന്നതാണ്.

(3) എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ സ്വന്തമായി വാഹനമില്ലെങ്കിൽ ഒരു വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. സർക്കാരിന്റെയോ പ്രിൻസിപ്പൽ ഡയറക്ടറുടേയോ അനുമതി ആവശ്യമില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിനായി പുതിയ വാഹനം വാങ്ങുവാൻ പാടുള്ളതല്ല. തനത്ഫണ്ടോ വികസന ഫണ്ടോ (പൊതു വിഭാഗം സാധാരണ വിഹിതം) ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(4) മേൽ വിവരിച്ച പ്രകാരം വാഹനം വാടകയ്ക്കെടുക്കുന്ന അവസരത്തിൽ ചുവടെ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(i) പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള വാടക (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പെടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷൻ ക്ഷണിക്കണം

(ii) 2017-ന് ശേഷമുള്ള വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടത്.

(iii) പ്രതിമാസം പരമാവധി 2000 കിലോമീറ്റർ ഓടുന്നതിന് 36,000 രൂപവരെ വാടകയിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

(iv) ലോഗ് ബുക്ക് സൂക്ഷിക്കണം.

(5) നിലവിലുള്ള വാഹനത്തിന്(ങ്ങൾക്ക്) പുറമെ തുടർച്ചയായുള്ള ഉപയോഗത്തിന് അധികമായി വാഹനം ആവശ്യമായി വരുന്ന സന്ദർഭത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കാവുന്നതാണ്. വാടക നൽകുന്നതിന് കഴിവതും തനത് ഫണ്ട് തന്നെ ഉപയോഗിക്കണം. വാഹനം വാടകയ്ക്കെടുക്കേണ്ടതിന്റെ ആവശ്യകത, എത്ര കാലയളവിലേക്കാണ് വാഹനം വാടകയ്ക്കെടുക്കുന്നത്, തനത് ഫണ്ടിൽ നിന്നും വാഹന വാടക നൽകാൻ കഴിയുമോ, വികസനഫണ്ടാണ് (പൊതുവിഭാഗം സാധാരണ വിഹിതം) ഉപയോഗിക്കുന്നതെങ്കിൽ മേൽ വിശദാംശങ്ങൾക്കൊപ്പം തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്താൻ കഴിയുന്നില്ല എന്ന് വ്യക്തമാക്കുന്ന കണക്കുകളും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്ക്നൽകി വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി വാങ്ങേണ്ടതാണ്. അനുമതി ഉത്തരവിൽ വാടക നൽകുന്നതിന് ഏതു വിഭാഗം ഫണ്ടാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കണം.

(6) മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുതി ആവശ്യമില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അവ വാങ്ങാവുന്നതാണ്. വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്/ടൈഡ് ഗ്രാന്റ്), തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

(7) പുതിയ വാഹനം വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഇലക്ട്രിക് മോഡലുകൾക്ക് അധികമായി വേണ്ടി വരുന്ന തുക മേൽപറഞ്ഞ പത്ത് ലക്ഷം എന്ന പരിധിക്ക് പുറമെ ചെലവഴിക്കാവുന്നതാണ്.

8.3 **ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകളിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ബുക്ക് മാർക്ക്, സാഹിത്യപ്രവർത്തക സഹകരണസംഘം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എന്നിവിടങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. ഇതുകൂടാതെ മറ്റ് പ്രസാധകരിൽ നിന്നും വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. പരമാവധി കിഴിവ് (Discount) രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് വാങ്ങൽ ഉത്തരവ് നൽകേണ്ടതാണ്.

### 8.4 ബോധവൽക്കരണ പ്രവർത്തനങ്ങൾ

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖ മുന്നോട്ട് വയ്ക്കുന്ന പൊതു ലക്ഷ്യങ്ങളും സവിശേഷ വികസന ലക്ഷ്യങ്ങളും പൊതു മുൻഗണനകളും ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആർഭാടങ്ങളും അനാവശ്യ ചെലവുകളും ഉല്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും ഒഴിവാക്കുകയും പരമാവധി ചെലവു ചുരുക്കുകയും വേണം. പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള ഉല്ലാസ പഠനയാത്രകൾ, മേളകൾ എന്നിവ ഒഴിവാക്കേണ്ടതാണ്.

### 8.5 പരിശീലന പരിപാടികൾ

(i) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും ഏതെങ്കിലും പ്രോജക്ടിന്റെ ഭാഗമായും പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിശീലന പരിപാടികൾ എടുക്കാവുന്നതാണ്.

**(ii)** സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കുമാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല.

### 8.6 ശമ്പളം/ഓണറേറിയം നൽകുന്നതിൽ നിയന്ത്രണം

സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ 6 മാസത്തിൽ കവിയാതെ ഓണറേറിയം വ്യവസ്ഥയിൽ അത്തരം വിഭാഗത്തിൽപ്പെടുന്നവരെ നിയോഗിക്കാവുന്നതാണ്. ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവയ്ക്ക് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ നിന്ന് അംഗീകാരം വാങ്ങേണ്ടതാണ്.

### 8.7 ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം

വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷ്വറൻസ് പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷ്വറൻസ് പരിപാടി ഏറ്റെടുക്കണമെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണം.

### 8.8 നിയമ സാക്ഷരതാ പരിപാടി

ഹൈസ്കൂൾ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ഏർപ്പെടുത്തിയിട്ടുള്ള നിയമസാക്ഷരതാ പരിപാടിക്ക് ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 5,000 രൂപ എന്ന നിരക്കിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

**അനുബന്ധം 1**

## ഹരിതഭവന പ്രവർത്തനങ്ങൾ
## (ഖണ്ഡിക 6.1.25 കാണുക)

| കൃഷി | മൃഗസംരക്ഷണം & ക്ഷീര വികസനം | മത്സ്യ വികസനം | ജലവിഭവ സംരക്ഷണം | ഊർജ്ജ സംരക്ഷണം | ഖര-ദ്രവ മാലിന്യ സംസ്കരണം | ഖര-ദ്രവ മാലിന്യ സംസ്കരണം (6 കോളത്തിന്റെ തുടർച്ച) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| • വീട് പുരയിടത്തിൽ സൂര്യപ്രകാശം ഉറപ്പാക്കൽ<br>• വെള്ളക്കെട്ട് ഒഴിവാക്കൽ<br>• ടെറസ് കൃഷിക്കായി ഉപയോഗപ്പെടുത്തൽ<br>• ജൈവപച്ചക്കറി<br>• ഇലക്കറി ചെടികൾ<br>• കറിവേപ്പില, മുരിങ്ങ<br>• വാഴ, പപ്പായ<br>• കാന്താരി മുളക്<br>• ചാമ്പക്ക,പേരയ്ക്ക,<br>• കിഴങ്ങ് വർഗ്ഗങ്ങൾ<br>• മരങ്ങളും ചെടികളും<br>• തുളസി ചെടി, കൂവളം<br>• ആര്യവേപ്പ്<br>• തെങ്ങ്, മാവ്, പ്ലാവ്,<br>• ഇവയുൾപ്പടെ ആവശ്യമായവ കൃഷിചെയ്യാൻ കഴിയുന്ന വണ്ണം പുരയിട/അടുക്കള കൃഷി ആസൂത്രണം ചെയ്യുക.<br>• ജൈവകീടനാശിനികൾ ഉപയോഗിക്കുക.<br>• റെയിൻ ഷെൽട്ടർ<br>• തിരിനന<br>• അക്വാപോണിക്സ്<br>• തുള്ളിനന, പോളിഹൗസ് | • വളർത്തു പക്ഷികൾ<br>• കോഴി, താറാവ്, കാട മുതലായവ<br>• വളർത്തു മൃഗങ്ങൾ<br>• ആട്, പശു, എരുമ<br>• ഭക്ഷ്യാവശിഷ്ടങ്ങൾ വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും ആഹാരമായി നൽകുക.<br>• പക്ഷികളുടേയും മൃഗങ്ങളുടേയും വിസർജ്യങ്ങൾ (ആട്ടിൻ കാഷ്ടം , ചാണകം കമ്പോസ്റ്റിംഗ് വഴി മൂല്യവർദ്ധിത വളങ്ങളാക്കി മാറ്റുക<br>• ശാസ്ത്രീയമായ മൃഗപരിപാലനമുറകൾ<br>• അധികമുള്ള ഉല്പന്നങ്ങൾ ഓർഗാനിക് ഉൽപ്പന്നങ്ങളാക്കി വിൽപന നടത്തുക<br>• പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുക | • ബയോഫ്ലോക് മത്സ്യക്കൃഷി<br>• അലങ്കാര മത്സ്യക്കൃഷി<br>• പടുതാകുളത്തിലെ മത്സ്യക്കൃഷി<br>• വീട്ടുവളപ്പിലെ കുളങ്ങളിലെ കൃഷി | • പുരയിടത്തിലെ മഴവെള്ളം പുരയിടത്തിന് പുറത്ത് പോകുന്നില്ല എന്ന് ഉറപ്പാക്കുക.<br>• ഇതു പുരയിടത്തിലെ കിണറ്റിനടുത്ത് കിനിഞ്ഞിറങ്ങാൻ സൗകര്യമൊരുക്കുക.<br>• വെള്ളം മിതവ്യയം ചെയ്യുക<br>• കുളിമുറിയിലെ വെള്ളം കൃഷിക്ക് പ്രയോജനപ്പെടുത്തുക. ഒപ്പം ഇത് റീസൈക്കിൾ ചെയ്ത് മറ്റാവശ്യത്തിന് ഉപയോഗിക്കുക.<br>• തെങ്ങിന് പുതയിട്ട് സൂക്ഷിക്കുക<br>• മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം കിണർ റീചാർജ്ജിംഗിലൂടെ ഫിൽറ്റർ ചെയ്ത് ശേഖരിക്കുക.<br>• ഓരോ വർഷംകൂടും തോറും ഫിൽറ്ററേഷൻ സാമഗ്രികൾമാറ്റി പകരം വയ്ക്കൽ.<br>• വീട് പുരയിടത്തിലെ ജല വിനിയോഗവും സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക | • മാലിന്യത്തിൽ നിന്ന് ഊർജ്ജ ഉൽപാദനത്തിന് ബയോഗ്യാസ് പ്ലാന്റ്<br>• സൗരറാന്തൽ<br>• സൗരവാട്ടർ ഹീറ്ററുകൾ<br>• വയറിംഗ്, ഇലക്ട്രിക് ഉപകരണങ്ങൾ മെച്ചപ്പെട്ടത് ഉപയോഗിച്ച് ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് ഒഴിവാക്കുക.<br>• LED ബൾബുകൾ ഉപയോഗിക്കുക.<br>• നനവുള്ള വസ്ത്രങ്ങൾ ഇസ്തിരി ഇടാതിരിക്കുക<br>• വീടിനുള്ളിലെ പെയിൻറിംഗ് പ്രകാശം പ്രതിഫലിപ്പിക്കുന്നതാക്കുക.<br>• ഗ്യാസ്, ഇലക്ട്രിസിറ്റി ഉപയോഗം പരമിതപ്പെടുത്തുക,<br>• സൗരോർജ്ജം പ്രയോജനപ്പെടുത്തുക<br>• വീട്ടിലെ ഇലക്ട്രിക് ഉപകരണങ്ങളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.<br>• ഇന്ധനക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക. എനർജി ഓഡിറ്റ് നടത്തുക. | **I അടുക്കള മാലിന്യം/ജൈവ മാലിന്യം**<br>• മിച്ചമുള്ള ആഹാരം വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും നൽകുക. അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിക്കുക<br>• ബയോ ബിൻ, കമ്പോസ്റ്റിംഗ് ഉപയോഗിക്കുക<br>• ജൈവമാലിന്യങ്ങളുടെ മറ്റ് സംസ്കരണ രീതികൾ ഉപയോഗിക്കുക.<br>• ഇനോകുലം ഉപയോഗിച്ച് ജൈവവസ്തുക്കൾ സംസ്കരിച്ച് വളമാക്കുക.<br>**II പ്ലാസ്റ്റിക് പരിപാലനം**<br>• സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ക്യാരിബോഗ് അഴുക്ക് കളഞ്ഞ് ഒരു ചാക്കിൽ സൂക്ഷിക്കുക.<br>• ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ<br>• ഫ്ളക്സ് ബോർഡുകൾ,<br>• മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ<br>• അലുമിനീയം ഫോയിൽ പേപ്പർ<br>• പ്ലാസ്റ്റിക് നിർമ്മിത ക്യാരി<br>• ബാഗ്, കപ്പ്, പ്ലേറ്റ്, | **III. ഖരമാലിന്യം**<br>• ഫ്യൂസായ ഇലക്ട്രിക് ട്യൂബ് ബൾബ് പൊട്ടിക്കാതെ സൂക്ഷിക്കുക<br>• പഴകിയ ഇരുമ്പ് സാധനങ്ങൾ<br>• പഴകിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ<br>• കേടായ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, സി.എഫ് ലാമ്പ്, ഗ്ലാസ് കുപ്പി, സിറാമിക് പാത്രങ്ങൾ, വൈദ്യുതി സ്വിച്ചുകൾ, മിക്സി, ഗ്യാസ് സ്റ്റൗ, ബാറ്ററി, പഴയ ടയർ, സ്വാപ് ഷോപ്പിൽ നൽകാവുന്നവ ,മെറ്റീരിയൽ റെക്കവറി സെന്ററിൽ നൽകാവുന്നവ എന്നിവ തരം തിരിച്ച് ശേഖരിച്ച് വക്കുക.<br>**ദ്രവമാലിന്യം**<br>• വീട്ടുകളിലെ മലിനജലം<br>• സെപ്റ്റിക് ടാങ്കിലെ മാലിന്യം<br>• ഗ്രേവാട്ടർ<br>• സിവേജ് കക്കൂസ് മാലിന്യം കലർന്ന മലിന ജലം<br>• ഓടകളിലേയ്ക്ക് ഒഴുകുന്ന വെള്ളം |

**കുറിപ്പ് :-** ഹരിത ഭവനം എൻറോൾമെന്റ് ഫോറം അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്.

അനുബന്ധം 2

## ഹരിത ഭവനം എൻറോൾമെന്റ് ഫോറം

### ഗ്രാമപഞ്ചായത്തിന്റെ/ നഗരഭരണസ്ഥാപനത്തിന്റെ പേര്

<table>
<tr><td>1.</td><td colspan="3">വാർഡിന്റെ പേരും നമ്പരും</td><td colspan="3"></td></tr>
<tr><td>2.</td><td colspan="3">ഗൃഹനാഥന്റെ പേരും മേൽവിലാസവും</td><td colspan="3"></td></tr>
<tr><td>3.</td><td colspan="3">കുടുംബാംഗങ്ങളുടെ വിവരങ്ങൾ</td><td colspan="3"></td></tr>
<tr><td>ക്രമ നമ്പർ</td><td>പേര്</td><td colspan="2">കുടുംബനാഥനുമായുള്ള ബന്ധം</td><td>വിദ്യാഭ്യാസം</td><td>വയസ്സ്</td><td>സ്ഥിര താമസമാണോ</td></tr>
<tr><td>I.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>II.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>III.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>IV.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>V.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>VI.</td><td></td><td colspan="2"></td><td></td><td></td><td></td></tr>
<tr><td>4</td><td colspan="3">വീട്ടുവളപ്പിലെ വിവരങ്ങൾ (സ്വന്തം/വാടക)</td><td colspan="3"></td></tr>
<tr><td>ക്രമ നമ്പർ</td><td>വിസ്തൃതി</td><td>വൈദ്യുതി ഉണ്ടോ</td><td>ചുറ്റമതിൽ ഉണ്ടോ</td><td>ഗേറ്റുണ്ടോ</td><td>കിണർ ഉണ്ടോ</td><td>പൈപ്പ് കണക്ഷൻ ഉണ്ടോ</td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td>5</td><td colspan="3">വീട് സ്ഥിതി ചെയ്യുന്നതും ടൈലിട്ട പ്രതലങ്ങളും ഒഴികെ കൃഷി യോഗ്യമായ സ്ഥലത്തിന്റെ വിസ്തൃതി</td><td colspan="3"></td></tr>
<tr><td>6</td><td colspan="3">ടെറസ്സിന്റെ സ്ഥിതി</td><td colspan="3">ചരിവുള്ളത് : .........................<br>നിരപ്പുള്ളത് : .........................<br>ആകെ : .........................</td></tr>
<tr><td>7</td><td colspan="3">നിലവിലുള്ള കൃഷിയും മരങ്ങളും സംബന്ധിച്ച വിവരങ്ങൾ</td><td colspan="3"></td></tr>
<tr><td>8</td><td colspan="3">നിലവിലുള്ള വളർത്തു പക്ഷികളും മൃഗങ്ങളും സംബന്ധിച്ച വിവരങ്ങൾ</td><td colspan="3"></td></tr>
<tr><td>9</td><td colspan="3">നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ</td><td colspan="3"></td></tr>
</table>

സ്ഥലം :

ഗൃഹനാഥ /ഗൃഹനാഥൻ

തീയതി

## UNIT COST OF HOUSEHOLD LEVEL SOLID WASTE TREATMENT PLANTS

**(Vide Proceedings No.2869/C2/2016/SM, Dated: 31.03.2021 & Proceedings No.2869/C2/2016/SM, Dated: 29.04.2022 of Executive Director, Suchithwa Mission)**

## (a) Composting Units

| | | | |
|---|---|---|---|
| **1. Vermi Composting Units : (1.5 kg./day waste feed)** | | | |
| 1. | 2 Nos. of broad mouth **PVC, basin** 25 litres capacity each or one PVC basin of 50 litre capacity with a partition at the centre, minimum weight of the combine unit be 2.5kg. | - | Rs. 1,680/- |
| 2. | 2 Nos. of broad mouth **fibre** basin 25 litres capacity each or one **fibre** basin of 50 litre capacity with a partition at the centre, (minimum thickness of the fire body 3mm.) | - | Rs. 1,960/- |
| 3. | Mud pots cou8ntry burnt two numbers capacity 25 litre each | - | Rs. 1,520/- |
| 4. | Terracotta jars with lids two numbers capacity 25 litres each | | Rs. 1,570/- |
| **2. Ring Composting Unit: (1.5 kg./day waste feed)** | | | |
| 5. | Ferro cement ring of internal diamater 0.7 m., thickness 2.5cm. and height 0.5m. Placed over a circular ferro cement slab of dia.. 0.75nm. and thicknesss 2.250cm.etc. | - | Rs. 3,750/- |
| 6. | **Pot composting unit** | - | Rs. 1,300/- |
| 7. | **Bio pedestal composting unit** | - | Rs.1,610/- |
| 8. | **Mose pit composting unit** (for family of five members) | - | Rs. 1,260/- |
| 9. | **Bio digester pot composting unit** | - | Rs.2,015/- |
| 10. | **Portable household Bio bin unit**(for set of two bins) | - | Rs.3,080/- |
| 11. | **Mini Bio pedestal composting unit** | - | Rs.2,100/- |
| 12. | **Portable HDPE/Plastic Bin/Bucket Composting unit** | - | Rs.1,400/- |
| 13. | **Pit composting unit** | - | (through MGNREGS) |
| 14. | **Pipe composting unit** | - | Rs. 1,260/- |
| 15. | **Kitchen Bin unit** | - | Rs. 490/- |
| 16. | **Portable Bio Composter bin** | - | Rs.2,160/- |
| 17. | **V composter** | - | Rs. 5150/- |
| 18. | **Smart Bio bin** | - | Rs. 2450/- |
| 19. | **Vermion Kitchen waste treatment unit** | - | Rs. 4400/- (excluding GST) |
| 20. | **Kapigro Kitchen waste digester** | - | Rs. 5600/- (excluding GST) |
| 21. | **Organic Composting Bin** | - | Rs. 2125/- (excluding GST) |
| 22. | **Gee Bin(3 bin system)** | - | Rs. 4300/- |
| 23. | **Gee Bin(2 bin system)** | - | Rs. 3660/- |

| | **(b) Portable Bio Gas Units** | | |
|---|---|---|---|
| 24. | **Portable (Prefabricated) biogas unit – 0.5m$^3$ capacity** | | |
| | i. Unit **without** water jacket: **PVC/LLDPE/HDPE** tanks with circular shape as digester and floating gas holder with total volume **0.5m$^3$** | - | Rs. 10,800 |
| | Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **0.5m$^3$** | - | Rs. 11,475/- |
| | . Unit **with** water jacket: **PVC/LLDPE/HDPE** tanks as per (i) above with water jacket in between the digester and the gas holder | - | Rs. 12,150/- |
| | . Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder | - | Rs. 14,175/- |
| **25.** | **Portable (Prefabricated) biogas unit – 0.75m$^3$ capacity** | | |
| | i. Unit **without** water jacket: **PVC/LLDP/HDPE** tanks with circular shape as digester and floating gas holder with total volume **0.75m$^3$** | - | Rs. 13,500/- |
| | ii. Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **0.75m$^3$** | - | Rs. 14,175/- |
| | iii. Unit **with** water jacket: **PVC/LLDP/HDPE** tanks as per (i) above with water jacket in between the digester and the gas holder | - | Rs. 14,850/- |
| | iv. Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder | - | Rs. 16,200/- |
| **26.** | **Portable (Prefabricated) biogas unit – 1.00m$^3$ capacity** | | |
| | i. Unit **without** water jacket: **PVC/LLDP/HDPE** tanks with circular shape as digester and floating gas holder with total volume **1.00m$^3$** | - | Rs. 16,200/- |
| | ii. Unit **without** water jacket: **FRP** tanks with circular shape as digester and floating gas holder with total volume **1.00m$^3$** | - | Rs. 16,875/- |
| | iii. Unit **with** water jacket: **PVC/LLDP/HDPE** tanks as per (i) above with water jacket in between the digester and the gas holder | - | Rs. 17,550/- |
| | iv. Unit **with** water jacket: **FRP** tanks as per (ii) above but with water jacket in between the digester and the gas holder | - | Rs. 18,225/- |
| 27. | **Portable Mixed Culture Fed Back Biogas Plant with Separate Gas Holder** | | |
| | i. 0.5m3 capacity | - | Rs. 8,400/- |
| | ii. 0.75m3 capacity | - | Rs. 9,600/- |
| | iii. 1.00m3 capacity | - | Rs. 10,800/- |
| 28. | **Mosquito Free Portable Biogas Plant** | | |
| | i. 0.75m$^3$ capacity | - | Rs. 24600/- |
| | ii. 1.50m$^3$ capacity | - | Rs. 31400/- |

## അനുബന്ധം 4

## ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ

| Sl. No | TECHNICAL SPECIFICATION OF LAPTOPS | | |
|---|---|---|---|
| 1 | Processor | Intel | AMD |
| | | i3, 11th generation or higher | Ryzen 5000 Series or higher |
| 2 | Chipset | OEM Compatible | |
| 3 | Motherboard | OEM Compatible | |
| 4 | Memory | 4 GB DDR4 RAM<br>Expandable up to at least 16 GB | |
| 5 | Hard Disk Drive | 512 GB SSD | |
| 6 | Display | 14” Antiglare HD LED Backlit Display | |
| 7 | Display Size | 14” | |
| 8 | Wirless connectivity | Integrated wireless b/g/n, Integrated Bluetooth | |
| 9 | Speaker | Integrated Stereo Speaker | |
| 10 | Keyboard | Integrated Stereo Keyboard with Touch Pad | |
| 11 | Camera | Inegrated HD Camera | |
| 12 | Audio | Integrated | |
| 13 | Expansion Port | 3 USB Port (at least two number of USB 3.0 and One number of Type C)<br>10/100/1000 Ethernet Card HDMI,<br>1 HeadPhone / microphone combo | |
| 14 | Power Supply | 230 V, 50HZ AC Supply with rechargeable Battery pack comprising of Li - Polymer battery / Li - Ion Polymer battery | |
| 15 | Battery Backup | 2 HD videos should run simultaneously for 2 hours on battery | |
| 16 | Mouse | Optical Scroll mouse, Backpack | |
| 17 | Carry case | Backpack to be provided | |
| 18 | Weight | Weight less than or equal to 1.8 kg | |
| 19 | Warranty | 3 year comprehensive onsite OEM Warranty including battery and charger | |
| 20 | Certification | ROHS Compliance & BIS for Product | |
| 21 | Operating system | Ubundu (Version : 20) | |